JEEVA MOZHIKAL RNI/KERBIL/-2003/21404
January 2010 www.jeevamozhikal.org

Regn No: KL/KTM/608/2009-11
WPP No: KL/CR/KTM/WPP-42/2009-11
Licensed to post without Prepayment

# വെറും കൈയായി പോകണമോ?

"വെറും കൈയായ് ഞാൻ പോകുകയോ/എൻ രക്ഷകനെ കാണുകയോ?/
ഒരു ദിനം പോലും അവനെ സേവിക്കാതെ/തൻ പാദാന്തികെ ഒന്നുമർപ്പിക്കാതെ"

ഇംഗ്ലീഷിലെ പ്രസിദ്ധമായ ഒരു ക്രിസ്തീയഗാനമാണിത്. സി.സി.ലൂഥർ എന്ന ദൈവഭൃത്യൻ എഴുതിയ"മസ്റ്റ് ഐ ഗോ ആൻ എംപ്റ്റി ഹാൻഡ്" എന്ന ഗാനത്തിന്റെ രചനാപശ്ചാത്തലം ഇങ്ങനെയാണ്:

ഒരു ചെറുപ്പക്കാരൻ. ഈ ലോകത്തിലെ സകല സുഖഭോഗങ്ങളും ആസ്വദിച്ച് ജീവിതം ധൂർത്തടിച്ച അവൻ മുപ്പതാം വയസ്സിൽ മാരകരോഗം പിടിച്ചു കിടപ്പിലായി. ആരും സഹായത്തിനില്ല. എന്തു ചെയ്യണമെന്നറിയില്ല.ആ സമയത്ത് ഒരു ദൈവഭൃത്യൻ അവനെ സന്ദർശിച്ചു. യേശുക്രിസ്തുവിനെ നാഥനും രക്ഷകനുമായി വിശ്വാസത്തിൽ ഹൃദയത്തിൽ സ്വീകരിച്ചാൽ നിത്യരക്ഷയുണ്ടെന്ന സന്ദേശം അദ്ദേഹം അവനോടു പങ്കുവെച്ചു. അവൻ അതു വിശ്വസിച്ചു. അവൻ തന്നെത്തന്നെ യേശുവിനായി സമർപ്പിച്ചു. അവന്റെ ഹൃദയഭാരം അകന്നു.

ചില ദിവസങ്ങൾ കഴിഞ്ഞു വീണ്ടും ആ ദൈവഭൃത്യൻ അവനെ സന്ദർശിച്ചു. ആ സമയം അവൻ വാടിത്തളർന്നു ദുഃഖത്തോടു കിടക്കുകയായിരുന്നു. ദൈവഭൃത്യൻ അവനോടു ചോദിച്ചു:"അല്ലയോ യുവാവേ, നീ എന്താണ് മുഖം വാടിയിരിക്കുന്നത്. മരണം മുമ്പിലുണ്ട്. എന്നാൽ നിന്റെ പാപങ്ങൾ ദൈവം ക്ഷമിച്ചെന്നും മരിച്ചാൽ നീ സ്വർഗ്ഗത്തിൽ പോകുമെന്നുമുള്ള ഉറപ്പ് നിനക്കു നഷ്ടപ്പെട്ടോ? എന്താ കാര്യം?" അവൻ പറഞ്ഞു: "ഇല്ല എനിക്കു ഭയമോ അവിശ്വാസമോ ഇല്ല. എങ്കിലും എന്റെ നല്ലകാലമെല്ലാം ഞാൻ പാഴാക്കി. എന്റെ കർത്താവിന്റെ മുമ്പിൽ വെറുംകയ്യോടെ എനിക്കു നിൽക്കേണ്ടി വരുമല്ലോ. അതോർത്തു ഞാൻ നിരാശപ്പെട്ടുപോയതാണ്."

ദൈവഭൃത്യൻ അവനെ ആശ്വസിപ്പിച്ചു. എങ്കിലും അദ്ദേഹം അവന്റെ ആ ദുഃഖം മറന്നില്ല. 'എന്റെ രക്ഷകന്റെ മുമ്പാകെ വെറും കൈയായി നിൽക്കുമല്ലോ' എന്ന അവന്റെ ഖേദം അദ്ദേഹം ലൂഥറിനോടു പങ്കിട്ടു. ഈ സംഭവം ലൂഥറിന്റെ മനസ്സിനെ മഥിച്ചു. അങ്ങനെയാണ് ലൂഥർ പ്രശസ്തമായ ഈ ഗാനം രചിച്ചത്.

ഇപ്പോൾ ആകുന്നു സുപ്രസാദകാലം (2കൊരി. 6:2).

## ജീവമൊഴി അർദ്ധദിനസമ്മേളനം

### പെരുവയിൽ ജനുവരി 26ന്

*സ്ഥലം* : വ്യാപാരഭവൻ, കടുത്തുരുത്തി റോഡ്, പെരുവ
*സമയം* : ജനുവരി 26 ചൊവ്വ രാവിലെ 10 മുതൽ 1 മണി വരെ
*ചിന്താവിഷയം* : കുഞ്ഞാടിനെ അനുഗമിക്കുക (വെളി.14:4)

***ജീവമൊഴി വായനക്കാരും വരിക്കാരും സത്യാന്വേഷികളുമായ എവർക്കും സ്വാഗതം***

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഫോൺ: 9446095370; 9446096355

Printed , Published and owned by T. IPe Published from Jeevamozhikal, Near Thuthooty Jn., Kumaranallor P.O, Kottayam and Printed at Alois Graphics, Kottayam. Editor-Geoji. T. Samuel.

മൗലികസത്യങ്ങൾ, മൂല്യമുള്ള ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 8 – ലക്കം 1 ജനുവരി 2010 Rs. 7.00




തന്നെത്താൻ താഴ്ത്തിയ യേശു
സാക് പുന്നൻ

സമ്പൂർണസമർപ്പണം: ഒരേയൊരു വഴി
ചാൾസ് ഫിന്നി

മാതാപിതാക്കളും മക്കളും
ജോസ് മാത്യു

കുരിശും കഠാരയും
ഡേവിഡ് വിൽക്കേഴ്സൺ

# ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ (യോഹ 6:68)

വാല്യം 8 ജനുവരി 2010 ലക്കം 1



എഡിറ്റോറിയൽ ബോർഡ്

ജോജി ടി. സാമുവൽ (കോട്ടയം)
ജോസ് മാത്യു (തിരുവനന്തപുരം)
മാത്യു ജോർജ് (തിരുവല്ല)
ബോബി ചെറിയാൻ (റാന്നി)
സാജു ജോസഫ് (ആലപ്പുഴ)
മാനേജർ
ജേക്കബ് മാത്യു (കോതമംഗലം)



വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.80/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.500/- |

എം. ഒ./ ഡി. ഡി.
അയയ്ക്കേണ്ട വിലാസം :

ജീവമൊഴികൾ
കുമാരനല്ലൂർ പി. ഒ., കോട്ടയം,
കേരളം - 686 016,
ഫോൺ: 0481 - 2392753,
9495234087, 9249516234
e-mail : jeevamozhikal@gmail.com
www.jeevamozhikal.org

വിദേശപ്രതിനിധികൾ

U.S.A - Binoy James
Phone 512990-2808(R) 512826-5028(O)
Email: benoyjames@hotmail.com
DUBAI - Shabu Kuruvilla
Phone: 050-7970839
E-mail: skuruvi@gmail.com




## പാപത്തെ പേടിക്കുന്നവർ

പാപത്തെയല്ലാതെ മറ്റൊന്നിനെയും പേടിക്കാത്തവരും ദൈവത്തെയല്ലാതെ മറ്റൊന്നിനെയും ആഗ്രഹിക്കാത്തവരുമായ നൂറു പ്രസംഗകരെ എനിക്കു കാണിച്ചുതരിക. അവർ സാധാരണക്കാരോ ശുശ്രൂഷകരോ ആയിക്കൊള്ളട്ടെ, അവരാണ് നരകത്തിന്റെ കവാടങ്ങളെ വിറപ്പിക്കുന്നവർ. അവരാണ് ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കുന്നവർ.

പ്രാർത്ഥനയെ അവഗണിക്കുന്നതാണു വിശുദ്ധിയിലേക്കുള്ള പ്രയാണത്തിന്റെ മുഖ്യതടസ്സം.

പ്രാർത്ഥനയ്ക്കു മറുപടിയായല്ലാതെ ദൈവം ഒരു കാര്യവും ചെയ്യുന്നില്ല.

നിത്യതയിൽ അവയ്ക്കുള്ള മൂല്യം നോക്കിയാണ് ഞാൻ എല്ലാ കാര്യങ്ങൾക്കും വില നൽകുന്നത്.

ജോൺ വെസ്ലി

## ഉണർവ്വിന്റെ തീജ്വാല

A Joyful'toon by Mike Waters




അഗ്നിജ്വാല പോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവ് അവർക്കു ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി (അ.പ്ര.2:3,4)

എഡിറ്റോറിയൽ

# താഴ്മ വിതച്ചാൽ ജീവന്റെ കൊയ്ത്ത്



**തോ**മസ് കെമ്പിസിന്റെ അതിപ്രശസ്തഗ്രന്ഥമായ 'ക്രിസ്താനുകരണ' (Imitation of Christ)ത്തിന്റെ ഒരേയൊരു പോരായ്മ അതിന്റെ പേരാണ് എന്നു ചിലർ പറയാറുണ്ട്. ക്രിസ്തുവിനെ, ക്രിസ്തുസ്വഭാവത്തെ, അനുകരിച്ച് ക്രമേണ ക്രിസ്തുവിലേക്ക് എത്താൻ കഴിയും എന്ന തെറ്റായ സന്ദേശമാണ് ക്രിസ്താനുകരണം എന്ന ഗ്രന്ഥനാമം മുന്നോട്ടു വയ്ക്കുന്നത് എന്നതാണ് ആ വിമർശനത്തിനു കാതൽ.

ശരിയാണ്. ഒരു യഥാർത്ഥ ക്രിസ്തുഭക്തൻ ക്രിസ്തുവിനെ അനുകരിക്കുവാനല്ല, അവിടുത്തെ ജീവനിലേക്ക് എത്തുവാനാണ് ആഗ്രഹിക്കുന്നത്. ക്രിസ്തുവിന്റെ സ്വഭാവത്തിന്റെ ഏതെങ്കിലും ചില നന്മകൾ(virtues) സ്വായത്തമാക്കുകയല്ല, മറിച്ച് ക്രിസ്തുവിനെത്തന്നെ നേടുകയാണ് അവന്റെ ലക്ഷ്യം. വിജയകരമായ ഒരു ക്രിസ്തീയജീവിതമല്ല അവൻ ഉന്നം വയ്ക്കുന്നത് മറിച്ച് ക്രിസ്തുതന്നെയാണ് അവന്റെ വിജയം. (1ശമുവേൽ 15:29ൽ യിസ്രായേലിന്റെ മഹത്വമായവൻ എന്നു മലയാളത്തിൽ കാണുന്നത് ഒരു ഭാഷാന്തരത്തിൽ 'യിസ്രയേലിന്റെ വിജയമായവൻ' (the victory of Israiel-Authorised standard version)എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഉവ്വ് നമ്മുടെ വിജയം ക്രിസ്തു തന്നെയാണ്.)

യേശുവിന്റെ താഴ്മയെക്കുറിച്ചു പറയുമ്പോൾ, ഒരു വ്യക്തിയാകുന്നതും ആ വ്യക്തിയുടെ സ്വഭാവത്തെ അനുകരിക്കുന്നതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്. ഉദാഹരണത്തിന് യേശുവിന്റെ താഴ്മ ഏറ്റവും അധികം പ്രകടമാകുന്നത് ശിഷ്യന്മാരുടെ കാൽ കഴുകിയ രംഗത്താണെന്നു പറയാറുണ്ടല്ലോ. അന്ത്യഅത്താഴത്തിന്റെ സമയത്ത് 'അവിടുന്ന് എഴുന്നേറ്റു വസ്ത്രം ഊരിവച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ടു തുടയ്ക്കുവാനും തുടങ്ങി.'(യോഹ.13:5). യഹൂദരീതിയനുസരിച്ച് വീട്ടിൽ വരുന്നവരുടെ കാൽ കഴുകി തുവർത്തേണ്ടത് വീട്ടിലെ ദാസന്റെ ചുമതലയാണ്. യേശുവും ശിഷ്യന്മാരും പെസഹ കഴിപ്പാൻ ചെന്ന സ്ഥലത്ത് ആരും അവരുടെ കാൽ കഴുകി സ്വീകരിച്ചിട്ടില്ലെന്നു വേണം കരുതുവാൻ. അങ്ങനെയെങ്കിൽ ആര് ആ ദാസന്റെ പ്രവൃത്തി ചെയ്യും? 'ഞാനോ നീയോ വലിയവൻ, എന്ന മത്സരത്തിലിരുന്ന ശിഷ്യന്മാരിൽ ഒരാൾ പോലും അല്പനേരം കാത്തിരുന്നിട്ടും അതിനു തയ്യാറാകാതിരുന്നപ്പോൾ ഒടുവിൽ അവരുടെ ഗുരുവും കർത്താവുമായ യേശു തന്നെ എഴുന്നേറ്റ് ആ ദാസന്റെ പ്രവൃത്തി ചെയ്തു. അവരുടെ എല്ലാം നായകനായിരുന്ന യേശുവിന്, 'അതും താൻ ദൈവത്തിന്റെ അടുക്കൽനിന്നും വന്നു എന്നും ദൈവത്തിന്റെ അടുക്കൽ പോകുന്നു എന്നും അറിഞ്ഞിരിക്കെ'(13:3) ദാസനെപ്പോലെ പെരുമാറുവാൻ എങ്ങനെ കഴിഞ്ഞു? അതിന് ഒരു മറുപടിയേ ഉള്ളു -അവിടുന്നു നേരത്തേതന്നെ ദാസനായിരുന്നു.(ഫിലി.2:7 കാണുക). യേശു ദാസനായിരുന്നു; അതുകൊണ്ടുതന്നെ അവിടുത്തേക്കു ദാസന്റെ പ്രവൃത്തി ചെയ്യാൻ പ്രയാസമുണ്ടായിരുന്നില്ല.

ഇവിടെയാണ് യേശുവിനെപ്പോലെയാകുന്നതും യേശുവിന്റെ പ്രവൃത്തിയെ അനുകരിക്കുന്നതും തമ്മിലുള്ള വ്യത്യാസം. നാം കാൽ കഴുകി ദാസന്റെ പ്രവൃത്തിയെ അനുകരിക്കാൻ ശ്രമിക്കുന്നു. അതേ സമയം നാം ദാസനായിത്തീർന്നിട്ടില്ല. നമുക്കു ദാസനാകാതെ ദാസന്റെ പ്രവൃത്തി ചെയ്യാൻ കഴിയും. എന്നാൽ അങ്ങനെ ചെയ്യുമ്പോഴാണ് ആ പ്രവൃത്തി ഭാരമുള്ളതാകുന്നത്. നാം ചെയ്യുന്ന ദാസ്യപ്രവൃത്തിയിൽ നമുക്കു പിറുപിറുപ്പും ഭാരവുമുണ്ടെങ്കിൽ അതു വിരൽ ചൂണ്ടുന്നത് ഒരു കാര്യത്തിലേക്കാണ്-നാം ഒന്നാമതു ദാസനാകാതെയാണ് ദാസനെപ്പോലെ പെരുമാറുവാൻ ശ്രമിക്കുന്നത്.

യേശു നമ്മോടാവശ്യപ്പെടുന്നത് ദാസനെപ്പോലെ പെരുമാറാനോ ദാസന്റെ പ്രവൃത്തി ചെയ്യാനോ അല്ല, മറിച്ച് തന്നെപ്പോലെ ദാസനാകാനാണ്: "നിങ്ങൾ... ശുശ്രൂഷക്കാരൻ ആകണം....നിങ്ങൾ....എല്ലാവർക്കും ദാസൻ ആകണം. അവൻ.... എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകേണം എന്നു പറഞ്ഞു(മർക്കോ.10:43,44; 9:35). നോക്കുക:യേശു പറഞ്ഞതിന്റെ രത്നച്ചുരുക്കം ഇതാണ്: "മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനുമാണ് വന്നത്. അതുകൊണ്ട് നിങ്ങളും ശുശ്രൂഷകനും ഒടുക്കത്തവനും..... ദാസനും ആയിരിക്കണം."

എങ്ങനെയാണ് നമുക്കിത് കഴിയുക? ചിന്തകളിലാണ് തുടക്കം. നമ്മെക്കുറിച്ചുതന്നെ എളിയ ചിന്തകളിലായിരിക്കാൻ നമുക്കു കഴിയണം. നമ്മെ ന്യായികരിക്കുന്ന, നമ്മെ പക്ഷം പിടിക്കുന്ന ചിന്തകൾ നമ്മെ വഴി തെറ്റിച്ചേക്കാം. അവയെ നിരാകരിക്കുക. സാധാരണ അവസരത്തിൽ നമ്മൾ ചിന്തകളിൽ നിഷ്പക്ഷത പാലിക്കും. എന്നാൽ മറ്റൊരാൾ നമ്മോടു പരുഷമായി പെരുമാറുകയോ നമ്മെ നോവിക്കുകയോ ചെയ്താൽ അടിയേറ്റ പാമ്പിനെപ്പോലെ നമ്മുടെ ചിന്തകൾ അദ്ദേഹത്തിനെതിരെ തിരിയുകയായി. എന്നാൽ നൂറു ശതമാനവും ന്യായം നമ്മുടെ ഭാഗത്താണോ? നാം കാണാത്ത എന്തെങ്കിലും വീഴ്ച നമ്മുടെ ഭാഗത്തു സംഭവിച്ചിട്ടുണ്ടാകുകയില്ലേ? ഒരു കഥ കേൾക്കുക:

ഒരു അന്ധൻ സുഹൃത്തിന്റെ വീട്ടിൽ ഇരുന്നു സംസാരിച്ചു രാത്രി ഏറെ ഇരുട്ടി. ഒടുവിൽ അന്ധൻ തിരിച്ചു സ്വന്തം വീട്ടിലേക്കു പോകാൻ എഴുന്നേറ്റപ്പോൾ സുഹൃത്ത് ഒരു വിളക്കു കത്തിച്ച് കയ്യിൽ കൊടുത്തു. അന്ധന് ഒന്നും മനസ്സിലായില്ല. അദ്ദേഹം ചോദിച്ചു:"സുഹൃത്തേ, നിങ്ങൾ എന്നെ കളിയാക്കുകയാണോ? ഞാനൊരു കുരുടനാണെന്നു അറിഞ്ഞുകൂടെ? രാത്രിയും പകലും എനിക്കൊരുപോലെയാണ്. പിന്നെന്തിനാണ് എനിക്കു വിളക്ക്?"

സുഹൃത്തു പറഞ്ഞു:"താങ്കൾക്കു വേണ്ടിയല്ല ഈ വിളക്ക്. രാത്രിയിൽ ഇരുട്ടത്ത് താങ്കൾ നടന്നുപോകുമ്പോൾ ആരും താങ്കളെ ഇങ്ങോട്ടു വന്നു മുട്ടാതിരിക്കാൻ ഈ വിളക്കു സഹായിക്കും."

'ശരിയാണല്ലോ' എന്നോർത്ത് അന്ധൻ നന്ദിപറഞ്ഞ് ആ വിളക്കും വാങ്ങി ഇരുട്ടിലൂടെ നടന്നുപോയി.

അന്ധൻ അങ്ങനെ പോകുമ്പോൾ എതിരെ വന്ന ഒരാൾ അന്ധനെ മുട്ടി.ഇരുവരും താഴെ വീണു. ചാടിയെഴുന്നേറ്റ് അന്ധൻ ക്ഷുഭിതനായി. "ആരും എന്നെ വന്ന് ഇടിക്കാതിരിക്കാനാണ് കുരുടനായിട്ടും ഞാൻ വിളക്കും പിടിച്ചു വന്നത്. എന്നിട്ടും താങ്കൾ വന്ന് എന്നെ മുട്ടിയല്ലോ."

മുട്ടിയ ആളുടെ മറുപടി:"അതിനു താങ്കളുടെ കൈയിൽ വിളക്കുണ്ടായി

(ശേഷം പേജ് 30ൽ)



ജീവമൊഴികൾ

തിരുവെഴുത്തുകളെ പരിശോധിക്കുക

# തന്നെത്താൻ താഴ്ത്തിയ യേശു

സാക് പുന്നൻ



**തങ്ങളെക്കാൾ താണനിലയിലുള്ളവർക്കു കീഴടങ്ങുവാൻ മനുഷ്യർക്ക് ഒട്ടും എളുപ്പമല്ല. എന്നാൽ യഥാർത്ഥ താഴ്മയ്ക്ക് ഇതൊരു പ്രശ്നമേയല്ല.**

ദൈവം സൃഷ്ടിച്ച വസ്തുക്കളുടെ അനന്തമായ വൈചിത്ര്യത്തിൽ ഈ ലോകത്ത് ദൈവിക മഹത്വം വീക്ഷിക്കുവാൻ നമുക്കു സാധിക്കും. (സങ്കീർ 19:1) മനുഷ്യമനസ്സിന് ഉൾക്കൊള്ളുവാൻ കഴിയാത്തവിധം വിസ്തൃതമാണ് പ്രപഞ്ചം. ശൂന്യാകാശത്തിലുടനീളം കോടിക്കണക്കിനു പ്രകാശവർഷങ്ങളുടെ അകലത്തിലായി നക്ഷത്രവ്യൂഹങ്ങൾ ചിതറിക്കിടക്കുന്നു. അതേസമയം ഈ വിശാലമായ പ്രപഞ്ചത്തിലെ ഓരോ കണികയും നഗ്നനേത്രങ്ങളാൽ കാണാൻ കഴിയാത്ത അണുക്കളാൽ നിർമ്മിതമായിരിക്കുന്നു. ഈ ചെറിയ അണുക്കളിലാകട്ടെ, അനേകം ഇലക്ട്രോണുകൾ ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കയും ചെയ്യുന്നു. നമ്മുടെ ദൈവം എത്ര വലിയവൻ!

എന്നാൽ യേശുക്രിസ്തുവിന്റെ ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം പ്രപഞ്ചത്തിലുള്ള ഈ അത്ഭുതങ്ങളിലല്ല അവൻ പ്രാഥമികമായി ദൈവമഹത്വം ദർശിക്കുന്നത്. വീണുപോയ നമ്മുടെ വർഗ്ഗത്തോട് ഏകീഭവിക്കുന്നതിനുവേണ്ടി തന്നെത്താൻ ഒഴിച്ച് നമ്മുടെ ജഡത്തിൽ വന്നവനായ ദൈവപുത്രന്റെ താഴ്മയിലാണ് ഒരു ക്രിസ്തുശിഷ്യൻ ദൈവമഹത്വം കാണുന്നത്.

"വചനം ജഡമായിത്തീർന്നു;

കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്നു ഏകജാതനായവന്റെ തേജസ്സായി കണ്ടു" (യോഹ 1:14) 'സൃഷ്ടിയിൽ കാണപ്പെടുന്ന തേജസ്സിനെ നിഷ്പ്രഭമാക്കുന്ന ഒരുജ്ജ്വലതേജസ്സ്' എന്നു നമുക്ക് അതിനോട് കൂട്ടിച്ചേർക്കാം.

സ്വർഗത്തിലെ മഹാരാജാവ് നമ്മിൽ ഒരുവനെപ്പോലെ നമ്മുടെ ജഡത്തിൽവന്നു നമ്മുടെയിടയിൽ വസിച്ചു. ഏതോ ഔദാര്യം കാണിക്കുന്നു അല്ലെങ്കിൽ സഹായം ചെയ്യുന്നു എന്ന മനോഭാവത്തോടെയല്ല, മറിച്ച് യഥാർത്ഥ താഴ്മയിൽ സകലത്തിലും നമ്മോട് ഏകീഭവിച്ചവനായി അവിടുന്നു വന്നു.

യേശുക്രിസ്തു ചെയ്ത മഹത്തായ അത്ഭുതപ്രവൃത്തികളെ അപേക്ഷിച്ച് അവിടുത്തെ മഹത്വം നാം ഏറെക്കാണുന്നത് ഈ താഴ്മയിലാണ്. അവിടുത്തെ താഴ്മയുടെ മഹത്വമാണ് പരിശുദ്ധാത്മാവ് ആദ്യമായി നമ്മെ കാണിക്കുവാൻ ആഗ്രഹിക്കുന്നത്. ഈ മേഖലയിലാണ് നാം യേശുവിന്റെ കാൽച്ചുവടുകൾ പ്രാഥമികമായി പിൻതുടരേണ്ടതും.

ഭൂമിയിൽ ഒരു മനുഷ്യനെന്ന നിലയിൽ വിശുദ്ധിയും സ്നേഹവും നിറഞ്ഞ ജീവിതം നയിക്കുന്നതിനു മുമ്പുതന്നെ യേശു തന്നെത്താൻ താഴ്ത്തി. അതായിരുന്നു ആദ്യത്തെ പടി. തേജസ്സിലേക്കുള്ള നമ്മുടെ ആദ്യത്തെ ചുവടും അതുതന്നെ.

യേശു ഭൂമിയിൽ വരുന്നതിന് അനേകായിരം വർഷങ്ങൾക്കു മുമ്പേ, പരിജ്ഞാനത്തിലും സൗന്ദര്യത്തിലും തികഞ്ഞവനായി ദൈവം ഒരു ദൂതനെ സൃഷ്ടിച്ചു- 'ലൂസിഫർ'. ദൈവദൂതസമൂഹത്തിന്റെ തലവനായിത്തന്നെ ദൈവം അവനെ നിയമിച്ചു. എന്നാൽ അവന്റെ ഉള്ളിൽ അഹംഭാവം പൊങ്ങിവന്നപ്പോൾ തനിക്കു ലഭിച്ച സ്ഥാനംകൊണ്ടും തൃപ്തനാകാതെ ഉന്നതപദവിയിലേക്കു പോകുവാനും തന്നെത്തന്നെ ഉയർത്തുവാനുമാണ് അവൻ ശ്രമിച്ചത്. (യെഹെ 28:11-17, യെശ 14:12-15) അവൻ ഇപ്രകാരം ദൈവത്തിന്റെ സൃഷ്ടിയുടെ ഇടയിൽ പാപം കൊണ്ടുവന്നു. ദൈവം ഉടൻതന്നെ അവനെ താഴേക്ക് എറിഞ്ഞുകളയുകയും അവൻ സാത്താനായി മാറുകയും ചെയ്തു. ആകയാൽ സർവലോകത്തിലുമുള്ള എല്ലാ പാപത്തിന്റെയും ദുഷ്ടതയുടെയും മൂലകാരണം അഹംഭാവമാണെന്ന് തെളിയുന്നു.

ആദാം പാപം ചെയ്തപ്പോൾ നരകത്തിലെ നിഗളം അവനെയും ബാധിച്ചു. നിഗളമെന്ന ഈ ബാധയോടുകൂടിയാണ് ആദാമിന്റെ ഓരോ സന്തതിയും ഇപ്പോൾ ജനിക്കുന്നത്.

മനുഷ്യനെ ഈ വിഷബാധയിൽനിന്ന് വീണ്ടെടുക്കുവാനായി യേശു തന്നെത്താൻ താഴ്ത്തി. പാപം ലൂസിഫറിന്റെ നിഗളത്തിൽ നിന്നുത്ഭവിച്ചതുപോലെ നമ്മുടെ വീണ്ടെടുപ്പ് യേശു തന്നെത്താൻ താഴ്ത്തിയതുനിമിത്തമാണ് സാധ്യമായത്.





ക്രിസ്തുവിന്റെ താഴ്മ നമുക്കെത്രമാത്രമുണ്ടോ അത്രമാത്രമേ നമുക്ക് അവിടുത്തെ മനസ്സും ലഭിച്ചിട്ടുള്ളു. നമ്മുടെ ആത്മീയവളർച്ചയുടെ തെറ്റിക്കൂടാത്ത അളവുകോൽ ഇതുമാത്രമാണ്.

സ്വർഗ്ഗീയമഹത്വത്തിൽ നിന്ന് ഭൂമിയിലേക്കുള്ള യേശുവിന്റെ ഇറങ്ങിവരവുതന്നെ താഴ്മയുടെ ആശ്ചര്യകരമായ ഒരു പ്രദർശനമാകുന്നു. എന്നാൽ ഇതുകൊണ്ടു തൃപ്തിയാകാതെ "ഒരു മനുഷ്യനെന്ന നിലയിലും അവിടുന്ന് തന്നെത്താൻ താഴ്ത്തി." എന്നാണ് നാം വായിക്കുന്നത് (ഫിലി 2:8) "സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശനായി"ത്തീർന്നശേഷം (എബ്രാ. 2:17) മറ്റെല്ലാ മനുഷ്യർക്കും ഒപ്പം ദൈവമുമ്പാകെ യേശു നിലകൊണ്ടു. ദൈവം എല്ലാമായിത്തീരേണ്ടതിന് അവിടുന്ന് ഒന്നുമല്ലാതായിത്തീർന്നു. ഇതാണ് യഥാർത്ഥതാഴ്മ.

ലൗകികമായ മഹത്വവും ശ്രേഷ്ഠതയും അളക്കുന്നതു ഒരു വ്യക്തിയുടെ സ്ഥാനം, ധനം, നേട്ടങ്ങൾ, കുടുംബമഹിമ ആദിയായവ കൊണ്ടാണ്. എന്നാൽ യേശുവിൽ കാണപ്പെട്ട ദൈവമഹത്വം ഇവയിൽ നിന്ന് എത്രയോ വ്യത്യസ്തമാണ്!

താൻ ഏതു കുടുംബത്തിൽ ജനിക്കണം എന്നു തിരഞ്ഞെടുക്കുവാനുള്ള അവസരമുണ്ടായിരുന്ന ഒരേ ഒരു വ്യക്തി യേശുവായിരുന്നു. നമുക്കാർക്കും ആ തിരഞ്ഞെടുപ്പ് സാധ്യമായിരുന്നില്ല. എന്നാൽ ഏതു കുടുംബമാണ്യേശു തിരഞ്ഞെടുത്തത്?" അവിടെനിന്ന് എന്തെങ്കിലും നന്മ വരുമോ എന്ന് ആളുകൾ

**നിഗളമെന്ന ബാധയോടുകൂടിയാണ് ആദാമിന്റെ ഓരോ സന്തതിയും ഇപ്പോൾ ജനിക്കുന്നത്.മനുഷ്യനെ ഈ വിഷബാധയിൽനിന്ന് വീണ്ടെടുക്കുവാനായി യേശു തന്നെത്താൻ താഴ്ത്തി. പാപം ലൂസിഫറിന്റെ നിഗളത്തിൽ നിന്നുത്ഭവിച്ചതുപോലെ നമ്മുടെ വീണ്ടെടുപ്പ് യേശു തന്നെത്താൻ താഴ്ത്തിയതുനിമിത്തമാണ് സാധ്യമായത്. ക്രിസ്തുവിന്റെ താഴ്മ നമുക്കെത്രമാത്രമുണ്ടോ അത്രമാത്രമേ നമുക്ക് അവിടുത്തെ മനസ്സും ലഭിച്ചിട്ടുള്ളു.**

സംശയിച്ചിരുന്ന ചെറുപട്ടണമായ നസറെത്തിലെ അറിയപ്പെടാത്ത ഒരു ആശാരിയുടെ കുടുംബം. (യോഹ 1:46). യോസഫിന്റെയും മറിയയുടെയും ദാരിദ്ര്യം നിമിത്തം ദൈവത്തിന് ഒരു കുഞ്ഞാടിനെ യാഗമായി അർപ്പിക്കുവാൻ പോലും അവർക്കു കഴിഞ്ഞില്ല. (ലൂക്കോ 2:22;ലേവ്യ 12:8)

മാത്രമല്ല, താൻ ഏതു ചുറ്റുപാടിൽ ജനിക്കണം എന്നു തിരഞ്ഞെടുക്കുവാൻ കഴിവുണ്ടായിരുന്ന ഒരേ ഒരു വ്യക്തിയും യേശു മാത്രമായിരുന്നു. താൻ ജനിക്കേണ്ട സ്ഥലം കൃത്യമായി തിരഞ്ഞെടുക്കുവാൻ അവസരമുണ്ടായിരുന്ന അവിടുന്ന് ഏതു സ്ഥലമാണ് തിരഞ്ഞെടുത്തത്? ഒരു എളിയ കാലിത്തൊഴുത്തിലെ പുൽത്തൊട്ടി.

ഇനിയും യേശു തന്നെത്താൻ തിരഞ്ഞെടുത്ത കുടുംബ

ശൃംഖല നോക്കുക. മത്താ1:3–6ൽ നൽകിയിരിക്കുന്ന യേശുവിന്റെ കുടുംബചരിത്രത്തിൽ നാലു സ്ത്രീകളുടെ പേരുണ്ട്. അതിലൊന്ന് തന്റെ അമ്മായിയപ്പൻ യെഹൂദയുമായുള്ള വ്യഭിചാരത്തിലൂടെ ഒരു മകനുണ്ടായ താമാരാണ്. രണ്ടാമതൊരുവൾ യെരിഹോവിലെ കുപ്രസിദ്ധയായ വേശ്യ രാഹാബ്. മൂന്നാമത്തവൾ ലോത്തും സ്വന്തമകളും തമ്മിലുണ്ടായ വ്യഭിചാരത്തിന്റെ ഫലമായി ജനിച്ച മോവാബിന്റെ വംശത്തിലുള്ള രൂത്ത്. നാലാമതൊരുവൾ ഊരിയാവിന്റെ ഭാര്യയായിരിക്കെ ദാവീദ് വ്യഭിചാരം ചെയ്ത ബെത്ശേബാ.

എന്തുകൊണ്ടാണ് യേശു ഇത്ര മോശമായ ഒരു വംശാവലി ജനിക്കുവാനായി തിരഞ്ഞെടുത്തത്? ആദാമിന്റെ വീണുപോയ വർഗ്ഗത്തോടു പൂർണ്ണമായി ഏകീഭവിക്കുവാനാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. ഇവിടെ നാം അവിടുത്തെ താഴ്മ കാണുന്നു. കുടുംബത്തിന്റേയോ കുടുംബപാരമ്പര്യത്തിന്റെയോ പുകഴ്ചയൊന്നും അവിടുന്ന് ആഗ്രഹിച്ചില്ല.

യേശു സ്വയം മനുഷ്യനോട് പൂർണ്ണമായി ഏകീഭവിച്ചു. വർഗ്ഗം, കുടുംബം, സ്ഥാനമാനങ്ങൾ ഇത്യാദികൾക്കതീതമായി സർവമാനവർക്കുമുള്ള സമത്വത്തിൽ അവിടുന്നു വിശ്വസിച്ചു. അതു കൊണ്ട് സമൂഹത്തിലെ ഏറ്റവും ചെറിയവരും താണവരും ആയവരിൽ ഒരുവനായി താൻ തീർന്നു. എല്ലാവരുടെയും ദാസനായിത്തീരേണ്ടതിന് ഏവർക്കും താഴെയുള്ള സ്ഥാനം അവിടുന്ന് സ്വീകരിച്ചു. മറ്റുള്ളവരുടെ താഴ്ന്ന നിലയിലേക്ക് ഇറങ്ങിച്ചെല്ലുന്നവനു മാത്രമേ അവരെ ഉയർത്തിയെടുക്കുവാൻ സാധിക്കൂ. യേശുവും ഇങ്ങനെയായിരുന്നു വന്നത്.

നമ്മുടെ മനസ്സിന്റെ നവീകരണത്തിലൂടെയാണ് പരിശുദ്ധാത്മാവ് നമ്മെ രൂപാന്തരപ്പെടുത്തുന്നത് (റോമർ 12:1) ക്രിസ്തുവിലുള്ള യഥാർത്ഥ താഴ്മയുടെ വിത്ത് നമ്മുടെ ചിന്തകളിലാണ് വിതയ്ക്കപ്പെടുന്നത്. നമ്മുടെ പ്രവൃത്തികളോ മറ്റുള്ളവരുടെ മുമ്പാകെയുള്ള പെരുമാറ്റമോ അല്ല, നേരേമറിച്ച് നാം തനിയെ ആയിരിക്കുമ്പോഴുള്ള നമ്മുടെ ചിന്തകളാണ്– നമ്മെക്കുറിച്ചു തന്നെയും മറ്റുള്ളവരോടു താരതമ്യപ്പെടുത്തിയും ഉള്ള ചിന്തകൾ– നാം ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപരായി രൂപാന്തരപ്പെടുന്നുണ്ടോ ഇല്ലയോ എന്നു നിർണയിക്കുന്നത്.

നമ്മുടെ ചിന്തകളിൽ നാം ശരിക്കും ചെറിയവരായി കാണപ്പെടുന്നുണ്ടെങ്കിൽ മാത്രമേ നമുക്ക് മറ്റുള്ളവരെ നമ്മെക്കാളും ശ്രേഷ്ഠരായും (ഫിലി 2:3English NASB) നമ്മെത്തന്നെ സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവരായും (എഫെ 3:8) കാണുവാൻ കഴിയുകയുള്ളു.

യേശുവിന്റെ ജീവിതം ഇവ്വിധമായിരുന്നു. അവിടുന്നു തന്നെത്തന്നെ ഒരു മനുഷ്യനായും തന്റെ പിതാവിന്റെ മുമ്പാകെ ഒരു ഒഴിഞ്ഞ പാത്രമായും കണക്കാക്കി, തന്നിമിത്തം പിതാവിന്റെ മഹത്വം യേശുവിലൂടെ അതിന്റെ സകല സമ്പൂർണ്ണതയിലും വിളങ്ങുവാൻ ഇടയായി.





പിതാവിന്റെ മുമ്പാകെ ഒന്നുമില്ലായ്മയുടെ മനോഭാവം സ്വീകരിച്ചിരുന്നതിനാൽ പിതാവ് തനിക്കായി ഒരുക്കിയ സാഹചര്യങ്ങൾക്കെല്ലാം സന്തോഷത്തോടെ കീഴടങ്ങുവാനും പിതാവിന്റെ കല്പനകളെല്ലാം പൂർണ്ണഹൃദയത്തോടെ അനുസരിക്കുവാനും അവിടുത്തേക്കു സാധിച്ചു.

“തന്നെത്താൻ താഴ്ത്തി മരണത്തോളം.. അനുസരണമുള്ളവനായിത്തീർന്നു” (ഫിലി 2:8) വ്യക്തമായ മറ്റൊരു അളവുകോലും ഇല്ലതന്നെ.

മുപ്പതുവർഷം യേശു പൂർണ്ണമായി വളർത്തപ്പനും മാതാവിനും കീഴടങ്ങി ജീവിച്ചു. അതായിരുന്നു തന്റെ പിതാവിന്റെ ഹിതം. അവിടുത്തേക്ക് യോസേഫിനെയും മറിയയെയും അപേക്ഷിച്ച് കൂടുതൽ അറിവുണ്ടായിരുന്നു. എങ്കിലും അവിടുന്ന് അവർക്ക് കീഴടങ്ങി.

തങ്ങളെക്കാൾ ബുദ്ധിപരമായും ആത്മീയമായും താണനിലയിലുള്ളവർക്കു കീഴടങ്ങുവാൻ മനുഷ്യർക്ക് ഒട്ടും എളുപ്പമല്ല. എന്നാൽ യഥാർത്ഥ താഴ്മയ്ക്ക് ഇതൊരു പ്രശ്നമേയല്ല. താൻ ആരുമല്ല എന്ന് സ്വയം ആത്മാർത്ഥമായി കരുതുന്ന ഒരുവന് ദൈവം തന്റെ മേൽ നിയമിച്ചാക്കുന്ന ആർക്കും കീഴടങ്ങുന്നതിന് യാതൊരു പ്രയാസവുമുണ്ടാവുകയില്ല.

സാധാരണയായി അധികമാരും വിലമതിക്കാത്ത ഒരു തൊഴിൽ ‘ആശാരിപ്പണി’ ആയിരുന്നു യേശു തിരഞ്ഞെടുത്തത്. തുടർന്ന് അവിടുന്ന് പരസ്യശു

> **ക്രിസ്തുവിലുള്ള യഥാർത്ഥ താഴ്മയുടെ വിത്ത് നമ്മുടെ ചിന്തകളിലാണ് വിതയ്ക്കപ്പെടുന്നത്. നമ്മുടെ പ്രവൃത്തികളോ മറ്റുള്ളവരുടെ മുമ്പാകെയുള്ള പെരുമാറ്റമോ അല്ല, നേരെമറിച്ച് നാം തനിയെ ആയിരിക്കുമ്പോഴുള്ള നമ്മുടെ ചിന്തകളാണ്– നമ്മെക്കുറിച്ചു തന്നെയും മറ്റുള്ളവരോടു താരതമ്യപ്പെടുത്തിയും ഉള്ള ചിന്തകൾ– നാം ക്രിസ്തുവിന്റെ സ്വരൂപത്തോടു അനുരൂപമായി രൂപാന്തരപ്പെടുന്നുണ്ടോ ഇല്ലയോ എന്നു നിർണയിക്കുന്നത്.**

ശ്രൂഷ ആരംഭിക്കുമ്പോൾ തന്റെ പേരിനു മുമ്പോ പിമ്പോ ചേർക്കുവാൻ സ്ഥാനപ്പേരുകൾ ഒന്നും ഇല്ലായിരുന്നു. അവിടുന്ന് ‘പാസ്റ്റർ യേശുവോ’ റവറണ്ട് ഡോക്ടർ യേശുവോ ഒന്നും ആയിരുന്നില്ല. താൻ സേവിക്കുവാൻ വന്ന സാധാരണമനുഷ്യരുടെ മുമ്പിൽ തന്നെ ഉയർത്തിക്കാണിക്കുന്ന ലൗകികപദവിയോ സ്ഥാനപ്പേരോ ഒന്നും അവിടുന്ന് ആഗ്രഹിച്ചില്ല. അന്വേഷിച്ചതുമില്ല. കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.

ഒരിക്കൽ ജനം യേശുവിന്റെ ചുറ്റും കൂടിയിട്ട് തന്നെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ അവിടുന്ന് അവരുടെ ഇടയിൽനിന്ന് സാവധാനംഒഴിഞ്ഞുമാറുകയാണുണ്ടായത് (യോഹ 6:15) ‘മനുഷ്യപുത്രൻ’എന്നുമാത്രം അറിയപ്പെടുവാനായിരുന്നു അവിടുന്ന് ആഗ്രഹിച്ചത്.

മനുഷ്യരുടെ മുമ്പാകെയുള്ള

മാനമോ, മതിപ്പോ അവിടുന്ന് അന്വേഷിച്ചില്ല. അവയ്ക്കു വില കല്പിച്ചതുമില്ല. അവിടുന്ന് തന്റെ പിതാവിന്റെ മുമ്പാകെ മാത്രം ജീവിക്കുകയും ജീവിത കാലം മുഴുവനും മനുഷ്യരാൽ അവഗണിക്കപ്പെടുന്നതിനും നിന്ദിക്കപ്പെടുന്നതിനും ഒരുക്കമുള്ളവനായിരിക്കുകയും ചെയ്തു. പിതാവിന്റെ അംഗീകാരത്തിനുമാത്രമേ അവിടുന്നു വിലകൽപ്പിച്ചിരുന്നുള്ളു.

ആരെയെങ്കിലും സൗഖ്യമാക്കുകയോ, ഏതെങ്കിലും അത്ഭുതം പ്രവർത്തിക്കുകയോ ചെയ്തതിനുശേഷം അത് ആരും അറിയരുത് എന്നായിരുന്നു യേശുവിന്റെ ആഗ്രഹം. അവയൊന്നും തനിക്കു പ്രസിദ്ധിനേടുവാനുള്ള അടവുകളായിരുന്നില്ല. നേരേമറിച്ച് ഓരോരുത്തരുടെ ആവശ്യങ്ങൾ കണ്ടു മനസ്സലിഞ്ഞു ചെയ്ത അത്ഭുതപ്രവൃത്തികളായിരുന്നു. യായീറോസിന്റെ മരിച്ചു പോയ മകളെ ഉയിർപ്പിച്ചശേഷം മറ്റാരെയും അറിയിക്കരുത് എന്ന് അവിടുന്ന് ഖണ്ഡിതമായ നിർദ്ദേശം നൽകി. (മർക്കോ 5:43) യേശു ഈ ലോകം വിട്ടു പോയതിനു ശേഷം മാത്രമായിരുന്നു ശിഷ്യന്മാർ അവിടുത്തെ ജീവചരിത്രം പരസ്യമാക്കിയത്.

യേശു ക്രൂശിക്കപ്പെട്ടതിന്റെ തലേരാത്രി ഒരു പാത്രത്തിൽ വെള്ളമെടുത്ത് ശിഷ്യന്മാരുടെ കാൽ കഴുകുമ്പോൾ അത് തന്റെ ജീവിതത്തെ സംബന്ധിച്ചും സത്യമായിരുന്ന ഒരു ഉപമയായിരുന്നു. അവിടുന്ന് എല്ലാ മനുഷ്യർക്കും ദാസനായിത്തീർന്നു. തന്റെ ശിഷ്യന്മാരുടെ പാദങ്ങൾ മലിനമായിരുന്നു എന്ന് അവിടുന്ന് വേഗം കണ്ടറിയുകയും, മറ്റാരെങ്കിലും അവ കഴുകുവാൻ മുന്നോട്ടുവരുമോ എന്നു നോക്കി നിൽക്കാതെ വേഗം പാത്രമെടുത്ത് ആവശ്യമായ പ്രവൃത്തി ചെയ്യുവാൻ തുടങ്ങുകയും ഉണ്ടായി. ആ പ്രവൃത്തിയാകട്ടെ, മറ്റുള്ളവരുടെ സേവനത്തിനായി ഉഴിഞ്ഞുവച്ച ഒരു ജീവിതത്തിന്റെ പ്രതീകാത്മകമായ ശുശ്രൂഷയായിരുന്നു. ഏതെങ്കിലും പ്രവൃത്തി ചെയ്യുവാൻ മറ്റുള്ളവർ തന്നോടു ആവശ്യപ്പെടുവാനായി .യേശു കാത്തുനിന്നില്ല. ആവശ്യമെന്താണെന്നു കണ്ടറിഞ്ഞു വേണ്ടതെല്ലാം യഥാസമയം അവിടുന്നു ചെയ്യുകയാണുണ്ടായത്.

**ലോകത്തിൽ ഇപ്പോൾ രണ്ടു ശക്തികൾ മാത്രമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒന്ന്, സാത്താന്റെ, അഥവാ ലൂസിഫറിന്റെ ആത്മാവ്; ലോകത്തിലായാലും ക്രിസ്തീയ സമൂഹത്തിലായാലുംസ്വയം ഉയർത്തുവാനാണ് ഇത് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ ആത്മാവാകട്ടെ മനുഷ്യരെ തങ്ങളുടെ നാഥന്റെ വഴിയിലൂടെ താഴ്മയിലേക്കു നയിക്കുന്നു .**

യേശു സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ളവരുമായി അടുത്ത ബന്ധം പുലർത്തുകയും അവർക്കു സമനായി അവരോടു ചേർന്നു നടക്കുകയും ചെയ്തു. അവി





ടുന്ന് പാപരഹിതനും പരിപൂർണ്ണനും ആയിരുന്നുവെങ്കിലും, തങ്ങളുടെ അപൂർണതകൾ നിമിത്തം മറ്റുള്ളവർക്കു തന്റെ സാമീപ്യത്തിൽ വല്ലായ്മതോന്നുവാൻ അവിടുന്ന് ഒരിക്കലും ഇടം കൊടുത്തില്ല. തന്റെ ശിഷ്യന്മാരുടെ മുമ്പിൽ ഒരു രക്ഷാധികാരി(Patron) എന്ന ഭാവവും അവിടുത്തേക്കില്ലായിരുന്നു. വാസ്തവത്തിൽ തന്നെ ശാസിക്കുവാനോ, ഉപദേശിക്കുവാനോ അവർക്കു മടി തോന്നാതിരിക്കുമാറ് അവരുടെയിടയിൽ യേശുവിന്റെ പെരുമാറ്റം അത്ര സ്വതന്ത്രമായിരുന്നു. (മത്താ 16:22 മർക്കോ 4:38. 9:5)

യേശു പ്രാർത്ഥനയ്ക്കായി തന്റെ ശിഷ്യന്മാരുടെ കൂട്ടായ്മ അന്വേഷിച്ചതിൽ നിന്ന് അവിടുത്തെ താഴ്മ നമുക്കു കാണുവാൻ സാധിക്കും. ഗെത്ത്ശെമനയിലെ തോട്ടത്തിൽവച്ച് അവിടുത്തെ 'ഉള്ളം മരണവേദന പോലെ അതിദുഃഖിത'മായതിനാൽ തന്നോടു ചേർന്നു പ്രാർത്ഥിക്കുവാൻ പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരോട് ആവശ്യപ്പെട്ടു (മത്താ 26:38) താൻ സ്വീകരിച്ചിരുന്ന ജഡത്തിന്റെ തികഞ്ഞ ബലഹീനതയെക്കുറിച്ച് യേശുവിന് നല്ല ബോധ്യമുണ്ടായിരുന്നു. അതുകൊണ്ടാണ് അവിടുന്ന് പ്രാർത്ഥനയിൽ അവരുടെ കൂട്ടായ്മ ആഗ്രഹിച്ചത്.

ഒന്നുമില്ലായ്മ അംഗീകരിക്കുവാൻ തക്ക സത്യസന്ധത നമുക്കില്ലാത്തതാണ് നമ്മിലൂടെയുള്ള ദൈവശക്തിയുടെ പ്രകടനത്തെ പരിമിതപ്പെടുത്തുന്നത്. എന്നാൽ യേശു നമുക്ക് താഴ്മയുടെ വഴി കാട്ടിത്തന്നിട്ടുണ്ട്. ജഡത്തിന്റെ ബലഹീനതയും, മനുഷ്യർ എന്ന നിലയിലുള്ള നമ്മുടെ ഒന്നുമില്ലായ്മയും അംഗീകരിക്കുക എന്നതാണത്.

**'ചുരുട്ടിയ മുഷ്ടി' മനുഷ്യവർഗ്ഗത്തിനു യോജിച്ച ഒരു ചിഹ്നമാണ്. സ്വന്ത അവകാശങ്ങൾ, അധികാരങ്ങൾ, ഉടമസ്ഥത എന്നിവ വിട്ടുകൊടുക്കാതെ പിടിച്ചുകൊള്ളുവാനും ആക്രമിക്കപ്പെടുമ്പോൾ തിരിച്ചാക്രമിക്കുവാനും ഉള്ള ഒരുവന്റെ ആഗ്രഹത്തെയാണ് അത് സൂചിപ്പിക്കുന്നത്.**

**യേശുവാകട്ടെ, നേരെമറിച്ച് കാൽവറിയിൽ ആണികൾ അടിക്കപ്പെടുന്നതിനായി കൈകൾ തുറന്നുകൊടുത്തു.**

യേശു തന്നെത്താൻ താഴ്ത്തിയതുകൊണ്ടായിരുന്നു ദൈവം അവിടുത്തേക്കു സർവലോകത്തിനും മീതേ ഏറ്റവും ഉയർന്ന സ്ഥാനം നൽകിയത്. (ഫിലി 2:9) താഴ്മയുടെ വഴിയിൽ ഏറ്റവും അധികം സഞ്ചരിച്ചിട്ടുള്ളവരായിരിക്കും മഹത്വത്തിൽ യേശുവിന്റെ വലത്തും ഇടത്തും ഇരിക്കുന്നത്.

യേശു തന്റെ ജീവിതകാലം മുഴുവൻ താഴ്മയിലേക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു. സ്വർഗ്ഗത്തിൽ നിന്നു താഴേക്കിറങ്ങിവന്നപ്പോൾ മുതൽ കാൽവറിയിലെ കുരിശുവരെ താഴ്മയിൽനിന്നു താഴ്മയിലേക്ക് അവിടുന്ന് സഞ്ചരിച്ചു. ഒരി

ക്കൽപോലും തിരിഞ്ഞ് സ്വയം ഉയരുവാൻ അവിടുന്നു ശ്രമിച്ചില്ല.

ലോകത്തിൽ ഇപ്പോൾ രണ്ടു ശക്തികൾ മാത്രമാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒന്ന്, സാത്താന്റെ, അഥവാ ലൂസിഫറിന്റെ ആത്മാവ്; ലോകത്തിലായാലും ക്രിസ്തീയ സമൂഹത്തിലായാലും സ്വയം ഉയർത്തുവാനാണ് ഇത് മനുഷ്യരെ പ്രേരിപ്പിക്കുന്നത്. എന്നാൽ ക്രിസ്തുവിന്റെ ആത്മാവാകട്ടെ, മനുഷ്യരെ തങ്ങളുടെ നാഥന്റെ വഴിയിലൂടെ താഴ്മയിലേക്കു നയിക്കുന്നു . നിലത്തുവീണ ഗോതമ്പുമണിപോലെ യേശു താഴേക്കിറങ്ങി അവിടുത്തെ യഥാർത്ഥ ശിഷ്യന്മാരെയെല്ലാം ഈ പ്രത്യേക സ്വഭാവവിശേഷത്താൽ നിസ്സംശയം തിരിച്ചറിയുവാൻ കഴിയും.

യേശുവിന്റെ താഴ്മയുടെ മഹത്വം ഏറ്റവുമധികം തിളങ്ങിക്കാണുന്നത് അവിടുത്തെ മരണത്തിലാണ്. യേശുവിനുണ്ടായതുപോലെ ഇത്രയും അന്യായമായ ഒരു കുറ്റവിചാരണ ഒരിക്കലും നടന്നിട്ടില്ല. എങ്കിലും ഉപദ്രവം, നിന്ദ, അനീതി, അവഹേളനം, പരിഹാസം എന്നിവയ്ക്കെല്ലാം അവിടുന്ന് നിശ്ശബ്ദം കീഴടങ്ങി. അവിടുന്ന് തന്റെ ശത്രുക്കളുടെമേൽ ശാപം വർഷിക്കുകയോ, പ്രതികാരഭീഷണി മുഴക്കുകയോ , ദേവദൂതന്മാരുടെ സഹായം ആവശ്യപ്പെടുകയോ ചെയ്തില്ല. ദൈവപുത്രൻ എന്ന നിലയിൽ തനിക്കുണ്ടായിരുന്ന അവകാശങ്ങളെല്ലാം വേണ്ടെന്നു വച്ചു.

'ചുരുട്ടിയ മുഷ്ടി' മനുഷ്യവർഗ്ഗത്തിനു യോജിച്ച ഒരു ചിഹ്നമാണ്. സ്വന്ത അവകാശങ്ങൾ, അധികാരങ്ങൾ, ഉടമസ്ഥത എന്നിവ വിട്ടുകൊടുക്കാതെ പിടിച്ചുകൊള്ളുവാനും ആക്രമിക്കപ്പെടുമ്പോൾ തിരിച്ചാക്രമിക്കുവാനും ഉള്ള ഒരുവന്റെ ആഗ്രഹത്തെയാണ് അത് സൂചിപ്പിക്കുന്നത്.

യേശുവാകട്ടെ, നേരെമറിച്ച് കാൽവറിയിൽ ആണികൾ അടിക്കപ്പെടുന്നതിനായി കൈകൾ തുറന്നുകൊടുത്തു. അവിടുന്ന് എപ്പോഴും എല്ലാം നൽകിക്കൊണ്ടിരുന്നതിനാൽ അവിടുത്തെ കൈകൾ എപ്പോഴും തുറന്നനിലയിലായിരുന്നു. അവസാനമായി അവിടുന്ന് തന്റെ സ്വന്തജീവനെയും നൽകി. ഇതാണ് യഥാർത്ഥ താഴ്മ. മനുഷ്യനെക്കുറിച്ച് ദൈവത്തിനുള്ള ഉദ്ദേശ്യവും ഇതുതന്നെയാണ്.

യേശുവിന്റെ മഹത്വം പ്രസരിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ശിഷ്യൻ വിളിക്കപ്പെട്ടിരിക്കുന്നത് പരാതികൂടാതെ അന്യായം സഹിക്കുവാനാണ്.

വേദപുസ്തകം പറയുന്നു "നിങ്ങൾ ശരിയായതു ചെയ്തതിനു ശേഷം അർഹിക്കാത്ത രീതിയിൽ ക്ലേശം അനുഭവിക്കേണ്ടിവരുമ്പോൾ അതു ക്ഷമയോടെ സഹിക്കുകയാണെങ്കിൽ അതു ദൈവത്തിനു സ്വീകാര്യവും പ്രസാദകരവും ആയിരിക്കും. ഇതിനായിട്ടാണല്ലോ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. ഇതു നിങ്ങളുടെ ജീവിതത്തിന്റെ ഒരു അവിഭാജ്യഘടകമാണ്.

(ശേഷം പേജ് 31ൽ)





# ക്രിസ്തുപൂരിതമായ കുടുംബാന്തരീക്ഷം

ജോസ് മാത്യു, തിരുവനന്തപുരം

തങ്ങളുടെ കടമകളും ഉത്തരവാദിത്വങ്ങളും തിരിച്ചറിഞ്ഞ് മാതാപിതാക്കൾ മക്കളെ എപ്രകാരം ദൈവഭക്തിയിൽ വളർത്തിയെടുക്കണം എന്ന വിഷയമാണല്ലോ നാം പരിഗണിച്ചു വന്നത്. പ്രത്യേക ശ്രദ്ധയർഹിക്കുന്ന കുട്ടികളെ സംബന്ധിച്ചും നാം ചിന്തിക്കുകയുണ്ടായി.

കുഞ്ഞുങ്ങൾ ദൈവഭയവും ക്രിസ്തീയ മൂല്യങ്ങളും നിറഞ്ഞവരായി വളർന്നുവരുന്നതിന് അനുയോജ്യമായ നല്ല ഒരു ഭാവനാന്തരീക്ഷം ആവശ്യമാണ്. യേശുക്രിസ്തുവിന് ഒന്നാം സ്ഥാനവും സമ്പൂർണ്ണകർത്തൃത്വവുമുള്ള ഒരു കുടുംബപശ്ചാത്തലം അഥവാ അന്തരീക്ഷം. അവിടെ യാഥാർത്ഥ്യബോധത്തോടെ കുഞ്ഞുങ്ങൾക്കു വളരാനാവും. യേശുവിന്റെ സാന്നിധ്യമെന്നത് ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ടു കണ്ടതും ഞങ്ങൾ നോക്കിയതും ഞങ്ങളുടെ കൈ തൊട്ടതും (1 യോഹ1:1) ആയ ഒരു യാഥാർത്ഥ്യമായി അവർക്ക് സാക്ഷ്യപ്പെടുത്താൻ കഴിയും.

**യേശുവിന്റെ സാന്നിധ്യം :**

ക്രിസ്തീയഭവനങ്ങളിൽ ജനിച്ചുവളർത്തപ്പെടുന്ന കുഞ്ഞുങ്ങൾ നന്നേ ചെറുപ്പം മുതൽക്കേ യേശുവിനെക്കുറിച്ചും പിതാവായ ദൈവത്തെപ്പറ്റിയും ധാരാളം കേൾക്കുന്നവരാണ്. കുടുംബപ്രാർത്ഥനയിൽ, ഞായർതോറുമുള്ള സഭാ ആരാധനയിൽ, ഭവനയോഗങ്ങളിൽ, ഉപവാസപ്രാർത്ഥനകളിൽ, കൺവെൻഷനുകളിൽ, കോൺഫറൻസുകളിൽ, ക്യാമ്പുകളിൽ എന്നു വേണ്ടാ എല്ലായിടത്തും അവർ യേശുവിനെക്കുറിച്ചു കേൾക്കുന്നു. എങ്കിലും യേശുവിനെ നേരിട്ടു കാണാനോ കേൾക്കാനോ കഴിയുന്നില്ല.

അവർക്ക് യേശുവിനെക്കുറിച്ച് അറിവും തന്നിലുള്ള വിശ്വാസവുമുണ്ട്. എന്നാൽ അവരിൽ മിക്കപേർക്കും അവിടുത്തോടുള്ള ഗാഢമായ വ്യക്തിബന്ധത്തിന്റെ അനുഭവം അവ്യക്തമായോ അഥവാ ഇല്ലാതെയോ ഇരിക്കുന്നു. കൗമാര-യൗവന ഘട്ടത്തിലെത്തുമ്പോൾ പല കുട്ടികളും (സത്യസന്ധരായതുകൊണ്ട്) ഈയൊരു പ്രതിസന്ധിയിൽപ്പെടാറുണ്ട്. യേശുവിനോടുള്ള വ്യക്തിബന്ധത്തിന്റെ അനുഭവം ഇല്ലാത്തതുകാരണം തങ്ങൾ അറിയുന്നതും വിശ്വസിക്കുന്നതുമായ വസ്തുതകൾ സത്യമാണെന്ന് സ്വയം ബോധ്യപ്പെടുത്താൻ അവർ പരിശ്രമിക്കുകയാണ്. പലരും കണ്ണുമടച്ച് വിശ്വസിച്ചുകൊണ്ട് അവ്യക്തമായവയെ നന്നായി കാണുന്നുണ്ടെന്നു സ്വയം സമാധാനിപ്പിച്ച് ഒരു വിധത്തിൽ മുമ്പോട്ടു പോവുകയാണ് ചെയ്യുന്നത്.

കുഞ്ഞുങ്ങൾ കടന്നുപോകുന്ന ഈ പ്രതിസന്ധിയിൽ അവരെ കൈപിടിച്ച് മുമ്പോട്ടു നടത്തേണ്ട ചുമതല അമ്മയപ്പന്മാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ആദ്യം തന്നെ മാതാപിതാക്കൾ തങ്ങളുടെ ജീവിതം ദൈവത്തിന് സമ്പൂർണ്ണമായി സമർപ്പിക്കുകയും വേണം. എങ്കിൽ മാത്രമേ

അവിടത്തെ സാന്നിധ്യം മക്കൾക്ക് ഭവനാന്തരീക്ഷത്തിൽ അനുഭവിക്കാൻ സാധിക്കൂ.

"ദൈവം ആത്മാവ് ആകുന്നു; അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കേണം. (യോഹ 4:24) ഈ വസ്തുത നാം മക്കളെ ഗ്രഹിപ്പിക്കണം. ദൈവം ഒരു മനുഷ്യവ്യക്തിയല്ല, ആത്മാവാണ്; ആകയാൽ മനുഷ്യരോട് നാം ബന്ധങ്ങൾ സ്ഥാപിക്കുന്നതിൽ നിന്നും വ്യത്യസ്തമാണ് ദൈവത്തോടുള്ള ബന്ധം സ്ഥാപിക്കലും നിലനിർത്തലും. നമ്മുടെയുള്ളിലുള്ള ആത്മാവിലൂടെയാണ് ആത്മാവായ ദൈവത്തെ നമുക്ക് അനുഭവിച്ചറിയാൻ കഴിയുക. പഞ്ചേന്ദ്രിയങ്ങളിലൂടെയോ മനസ്സിലൂടെയോ (വൈകാരികതലം) അല്ല, അന്തരാത്മാവിലൂടെയാണ് നാം ദൈവവുമായി ബന്ധം സ്ഥാപിക്കേണ്ടത്. ഈ സത്യം കുട്ടികൾക്ക് വ്യക്തമാക്കിക്കൊടുക്കണം.

**യേശുവിന്റെ കർത്തൃത്വം** :

കുടുംബത്തിൽ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ കർത്തൃത്വം അഥവാ ഭരണം എന്നത് തികച്ചും പ്രാധാന്യമർഹിക്കുന്നു. അത് മാതാപിതാക്കളുടെ വ്യക്തിജീവിതത്തിൽ ആദ്യം തന്നെ സ്ഥാപിക്കപ്പെടണം. കുടുംബത്തിലെ തീരുമാനങ്ങൾ, ലക്ഷ്യങ്ങൾ, സംഭാഷണം, സാമ്പത്തിക ഇടപാടുകൾ, മനോഭാവങ്ങൾ, മുൻഗണനകൾ, വിവിധപ്രവൃത്തികൾ ഇവയെല്ലാം യേശുവിന്റെ കർത്തൃത്വം മുൻനിർത്തിയാണോ നടക്കുന്നത്? അവിടുന്നാണോ കുടുംബത്തിന്റെ യജമാനനും കർത്താവും? അതോ യേശു നിങ്ങളുടെ വീട്ടിൽ ഒരു അതിഥി മാത്രമാണോ? അല്ല, അവിടുന്ന് തീരുമാനങ്ങളെടുക്കുന്ന കർത്താവും യജമാനനുമായിരിക്കട്ടെ.

ഇനി, യേശുവാണ് കുടുംബത്തിന്റെകർത്താവെങ്കിൽ അവിടുത്തേക്ക് അനിഷ്ടമുണ്ടാക്കുന്ന യാതൊരു വാക്കും പ്രവൃത്തിയും മനോഭാവവും ഉയർന്നുവരാത്തവണ്ണം നാം ശ്രദ്ധാലുക്കളായിരിക്കണം. അസത്യം, കുറ്റംപറച്ചിൽ, ശാപവാക്കുകൾ, കോപവും പിണക്കവും, ഭീഷണിപ്പെടുത്തൽ, വഞ്ചന, ധിക്കാരം ഇവയൊക്കെ അനുവദിക്കപ്പെടുന്ന ഒരു കുടുംബത്തിൽ യേശുവിന്റെ കർത്തൃത്വം യാഥാർത്ഥ്യമായിട്ടുണ്ടെന്ന് ഒരിക്കലും കരുതരുത്. സാത്താനും നിങ്ങളുടെ സ്വയവുമാണവിടെ ഭരണചക്രം തിരിക്കുന്നത്.

കുടുംബ ജീവിതത്തിലെ എല്ലാതലങ്ങളിലും യേശുവിന്റെ കർത്തൃത്വത്തിന് വാതിൽ തുറന്നു നൽകുന്ന താക്കോലുകൾ എന്നു വിശേഷിപ്പിക്കാവുന്ന രണ്ടു സംഗതികളുണ്ട്. നമ്മുടെ സമയം, പണം എന്നിവയുമായി ബന്ധപ്പെട്ടാണവ നിലകൊള്ളുന്നത്.

1. സമയം : അമ്മയപ്പന്മാരും മക്കളുമൊന്നിച്ച് ദൈവത്തെ പാടിസ്തുതിച്ച് ആരാധിക്കുന്നതിനും, ദൈവവചനം വായിച്ച് ധ്യാനിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനുമായി ദിനംപ്രതി സമയം വേർതിരിക്കുന്നതാണിവിടത്തെ വിഷയം. തിരക്കു പിടിച്ച ജീവിതക്രമത്തിനിടയിലും ദൈവമുമ്പാകെ ഇരിക്കുന്നതിനായി ക്രമീകൃതമായ അളവിൽ നാം സമയം വേർതിരിക്കണം. യേശുവിനെ നാം സ്നേഹിക്കുന്നെങ്കിൽ, അവിടുന്നു വാസ്തവമായും നമ്മുടെ കുടുംബത്തിന്റെ കർത്താവും യജമാനനുമാണെങ്കിൽ, തന്നോടൊപ്പം ചെലവഴിക്കുന്നതിനായി അൽപസമയം മാറ്റിവയ്ക്കാൻ കഴിയാതിരിക്കുന്നത് നന്ദികേടും ചിന്താശൂന്യതയുമെന്നേ പറയേണ്ടൂ.

സാധാരണഗതിയിൽ നാം പ്രാധാന്യം കൽപ്പിക്കുന്ന കാര്യങ്ങൾക്കാണ് നമ്മുടെ സമയം മാറ്റിവയ്ക്കുക. പ്രഭാതത്തിലും മധ്യാഹ്നത്തിലും വൈകുന്നേരവും ഭക്ഷണത്തിനായി നാം സമയം കണ്ടെത്തുന്നു; കടയിൽപോയി സാധനങ്ങൾ വാങ്ങാനും, പാചകം ചെയ്യാനും പിന്നെ ദിനകൃത്യങ്ങൾ, വ്യായാമം, കളികൾ ഇവയ്ക്കെല്ലാം സമയമെടുക്കുന്നു. എന്തുകൊണ്ട്? ഇവയെല്ലാം പ്രധാനപ്പെട്ട കാര്യങ്ങളാണെന്നു നാം കരുതുന്നതുകൊണ്ടു തന്നെ.

കുടുബനാഥനും കർത്താവുമായ യേശുവിനോടൊത്ത് സമയം ചെലവഴിക്കുന്നത് ഇവയേക്കാൾ പ്രധാനപ്പെട്ട സംഗതിയല്ലേ? കുടുംബആരാധനയ്ക്കായി പ്രതിദിനം ഒരു നിശ്ചിത സമയം വേർതിരിക്കുന്നതു നിമിത്തം ഭവനാന്തരീക്ഷം തന്നെ പ്രകാശപൂർണ്ണമാകുന്നതും രൂപാന്തരപ്പെടുന്നതും നിങ്ങൾക്കു കാണാനാവും; യേശുവിന്റെ സാന്നിധ്യവും തദ്വാരാ കൈവരുന്ന അവിടുത്തെ ക്രിയാത്മക സ്വാധീനവും നിങ്ങളെ ആശ്ചര്യപ്പെടുത്തും!

എന്നാൽ മാതാപിതാക്കൾക്ക് ശരിയായ മാനസാന്തരവും പുതുജനനവും ഉണ്ടായിട്ടില്ലാത്തപക്ഷം കുടുംബപ്രാർത്ഥന കേവലം യാന്ത്രികമായ ഒരു ചടങ്ങായി അധഃപതിക്കും, കുട്ടികൾക്കും അത് നിർജ്ജീവമായ മടുപ്പുളവാക്കുന്ന മതപരമായ ഒരു ചടങ്ങായി അനുഭവപ്പെടും.

2. പണം : സാമ്പത്തികവിഷയങ്ങൾ, വിശേഷാൽ കുടുംബവരുമാനത്തിൽ നിന്ന് ഒരു നിശ്ചിത തുക ദൈവരാജ്യവ്യാപനത്തിനായിസന്തോഷത്തോടെ നൽകുന്നത് പ്രാധാന്യമർഹിക്കുന്നതത്രേ. കർത്താവിന്റെ വേലയ്ക്കായി പണം നൽകുന്നതിനും കുടുംബത്തിലെ യേശുവിന്റെ കർത്തൃത്വത്തിനും തമ്മിൽ എന്താണ് ബന്ധമെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. തീർച്ചയായും അവയ്ക്കൊരു ബന്ധമുണ്ട്.

പണവും വസ്തുവകകളും ആത്യന്തികമായ ദൈവിക ഉടമസ്ഥതയിലുള്ളവയാണ്; എങ്കിലും സാധാരണഗതിയിൽ അധ്വാനഫലമായാണ് അവ മനുഷ്യന്റെ കൈകളിൽ എത്തുന്നത്. ആരോ അഭിപ്രായപ്പെട്ടിട്ടുള്ളതുപോലെ ഘനീഭവിച്ച വിയർപ്പാണ് പണം. ഏദൻ തോട്ടത്തിൽ മനുഷ്യന്റെ വീഴ്ചയ്ക്കുശേഷം ദൈവം അവനു നൽകിയ ശിക്ഷയിലുൾപ്പെടുന്ന ഒരു ശാപമാണല്ലോ വിയർപ്പുതുള്ളികൾ. വീണുപോയ മനുഷ്യൻ ഇന്ന് തന്റെ ജീവിതാവശ്യങ്ങളെ നോക്കിക്കാണുന്നത് ഭയം, അത്യാർത്തി എന്നീ നിറമുള്ള രണ്ടു കണ്ണാടിച്ചില്ലുകളിലൂടെയാണ്; തന്റെ അധ്വാനഫലം ആവശ്യങ്ങൾക്കു തികയാതെ വന്നേക്കുമോ, അഥവാ അത് നഷ്ടമായേക്കുമോ എന്ന ഭയം. തൽഫലമായി പരമാവധി വസ്തുക്കൾ തനിക്കായി കൂട്ടിവെയ്ക്കാനുള്ള തത്രപ്പാടിലാണവൻ. സ്വാർത്ഥലക്ഷ്യങ്ങളും മോഹങ്ങളും അവന്റെ ആർത്തിയെ വളർത്തി വലുതാക്കുന്നു.

എന്നാൽ ഒരു ക്രിസ്തീയ കുടുംബം തങ്ങളുടെ വരുമാനത്തിന്റെ പ്രഥമ ഭാഗം ദൈവത്തിനു നൽകാൻ സ്വയം സമർപ്പിക്കുമ്പോൾ അവരുടെ സാമ്പത്തികഭദ്രതയും ഭാവിയും അഖിലാണ്ഡത്തിന്റെ ഉടയവനിൽ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. മിച്ചം വരുന്നതല്ല, ഒന്നാംഭാഗം തന്നെയാണ് ദൈവത്തിന് സമർപ്പിക്കേണ്ടത്. ദൈവമക്കൾ സാമ്പത്തിക വിഷയങ്ങളിലുള്ള ഭയവും ആർത്തിയും വിട്ടുകളഞ്ഞ് സ്വമനസ്സാലെയും സന്തോഷത്തോടെയും തങ്ങൾക്കു ലഭിച്ച ഭൗതിക നന്മകളുടെ പ്രഥമഭാഗം ദൈവത്തിനു മടക്കി നൽകണമെന്നാണ് അവിടുത്തെ ആഗ്രഹം. അത് പത്തിലൊന്നോ അതിലധികമോ നിങ്ങളുടെ വിശ്വാസ

ത്തിന്റെ അളവനുസരിച്ച് ആകാം.

ദുഷ്ടതയും സ്വാർത്ഥതയും നിറഞ്ഞ യഹൂദജനതയെ മലാഖിപ്രവാചകനിലൂടെ ദൈവം വെല്ലുവിളിക്കുന്നതു കേൾക്കു; എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിന് നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ ഞാൻ നിങ്ങൾക്ക് ആകാശത്തിന്റെ കിളിവാതിലുകളെ തുറന്ന് സ്ഥലം പോരാതെ വരുവോളം നിങ്ങളുടെ മേൽ അനുഗ്രഹം പകരുകയില്ലയോ എന്നിങ്ങനെ നിങ്ങൾ ഇതിനാൽ എന്നെ പരീക്ഷിപ്പിൻ (മലാഖി 3:10)

ക്രിസ്തീയ കുടുംബങ്ങൾ ഉറപ്പുള്ള തൊഴിലിലോ മെച്ചപ്പെട്ട സാമ്പത്തിക അടിത്തറയിലോ നല്ല ആരോഗ്യത്തിലോ ഒന്നുമല്ല തങ്ങളുടെ ആശ്രയം ഉറപ്പിക്കേണ്ടത്. ഇവയെല്ലാം ഒറ്റ ദിവസം കൊണ്ട് ഇല്ലാതെയാകാൻ കഴിയുമല്ലോ(സദൃശ:23:4-5 നോക്കുക). ദൈവവിഷയമായി സമ്പത്തുള്ളവരെങ്കിൽ നിങ്ങൾ വാസ്തവമായും സമ്പന്നന്മാർ തന്നെ.

"നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്കുസകലവും ധാരാളമായി അനുഭവിപ്പാൻ തരുന്ന ദൈവത്തിൽ ആശവെപ്പാനും നന്മചെയ് വാനും സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും ഔദാര്യമുള്ളവരുമായി സാക്ഷാലുള്ള നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചു കൊള്ളാനും ആജ്ഞാപിക്കുക. (1തിമൊ 6:17-19) ദൈവത്തിനു നൽകുന്നതാണ് ഏറ്റവും ഉറപ്പുള്ള നിക്ഷേപം എന്നു മാതാപിതാക്കൾ തിരിച്ചറിഞ്ഞ് അപ്രകാരം ചെയ്യുകയും കുഞ്ഞുങ്ങളെ ആ വഴിക്ക് പരിശീലിപ്പിക്കുകയും ചെയ്യുക.

ഇതു സംബ്നധിച്ച് പ്രായോഗികമായി രണ്ടുകാര്യങ്ങൾ നിങ്ങൾക്ക് ചെയ്യാൻ കഴിയും. ഒന്നാമത് ദൈവത്തിന് കൊടുക്കുന്നതു സംബന്ധിച്ച്കുടുംബത്തിൽ സുതാര്യത നിലനിർത്തുക. ദൈവരാജ്യവ്യാപനത്തിനായി നാം കൈ തുറന്നു നൽകുന്നവരാണെന്ന ബോധ്യം അപ്പോൾ കുഞ്ഞുങ്ങൾക്കും ലഭിക്കും. സഭയിലോ മറ്റ് സുവിശേഷപ്രവർത്തനങ്ങൾക്കോ നൽകാനായി പണം നിങ്ങളുടെ മക്കളെ ഏൽപിക്കുക. ചെറുപ്പം മുതൽക്കേ സന്തോഷത്തോടെ കൊടുക്കാൻ സമ്മാനത്തുക, പോക്കറ്റ് മണി, സ്കോളർഷിപ്പ് തുക, മറ്റ് എന്തെങ്കിലും ചില്ലറ വരുമാനങ്ങൾ എന്നിവയിൽ നിന്ന് ഒരു ഭാഗം നീക്കിവച്ച് കർത്താവിനായി സമർപ്പിക്കാൻ അവരെ പരിശീലിപ്പിക്കുക. മിഷണറി വേലകൾക്കു നൽകുന്നതിന് പണം സ്വരൂപിക്കാനായി ഒരു ചെറിയ വഞ്ചിക നിങ്ങളുടെ വീട്ടിൽ ഉണ്ടായിരിക്കട്ടെ; കുട്ടികൾക്ക് ഇടയ്ക്കിടെ അതിൽ ചെറിയ തുകകൾ നിക്ഷേപിക്കാനാകും.

**വഞ്ചിക്കപ്പെടരുത് :** നമ്മുടെ സമയം, പണം എന്നിവയിൽ ക്രിസ്തുവിന്റെ കർത്തൃത്വം നാം ഉറപ്പാക്കേണ്ടതാണ്. എന്നാൽ പല മാതാപിതാക്കളും പറയാറുള്ള പല്ലവി കേൾക്കുക'ഞങ്ങൾ എപ്പോഴും പ്രാർത്ഥനയുടെ ആത്മാവിലും ദൈവസാന്നിധ്യത്തിലുമാണല്ലോ; പിന്നെയെന്തിന് കുടുംബപ്രാർത്ഥന?' അല്ലെങ്കിൽ 'ഞങ്ങളും ഞങ്ങൾക്കുള്ള പണവും വസ്തുവകകളുമെല്ലാം കർത്താവിനുള്ളതാണല്ലോ; പിന്നെ ഒരു ഭാഗം പ്രത്യേകമായി നൽകുന്നതിൽ എന്തു പ്രസക്തി?' തങ്ങൾ അതീവഭക്തരും വിശുദ്ധരുമാണെന്നു കരുതിക്കൊണ്ട് അമിത ആത്മീയത ഭാവിക്കുന്ന ചിലരാണ് ഈ വഞ്ചനയിൽപെട്ടുപോകുന്നത്. മാതാപിതാക്കൾ പ്രാർത്ഥനയില്ലാത്തവരും സന്തോഷത്തോടെ ഒന്നും കൊടുക്കാത്തവരും ആണെന്ന് കാലക്രമേണ അവരുടെ





മക്കൾ ഗ്രഹിക്കും. നാം ജാഗ്രത പുലർത്തുക!

ബലഹീനജഡമാണ് തങ്ങൾക്കുള്ളത് എന്നറിയാവുന്നവർ പ്രാർത്ഥനയ്ക്കു സമയം വേർതിരിക്കും; സ്വാർത്ഥതയും ലോകസ്നേഹവും തങ്ങളിലുണ്ട് എന്ന് ഗ്രഹിക്കുന്നവർ കൈ തുറന്ന് കൊടുക്കാൻ മനസ്സുവെയ്ക്കും. യേശുവും അപ്പോസ്തലന്മാരും കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ദൈവഭക്തരുടെ സമൂഹവും അതുതന്നെയാണല്ലോ നമ്മെ ഉൽബോധിപ്പിക്കുന്നത്.

**മാതാപിതാക്കളുടെ പൗരോഹിത്യം :** പഴയനിയമ കാലത്ത് യിസ്രായേലിൽ ലേവിഗോത്രത്തെ ദൈവം പൗരോഹിത്യ ശുശ്രൂഷ ഏൽപ്പിച്ചിരുന്നു. എന്താണ് പുരോഹിതന്റെ ശുശ്രൂഷ? അയാൾ ദൈവത്തിനും മനുഷ്യർക്കുമിടയിൽ മധ്യസ്ഥനായി നിൽക്കുന്ന വ്യക്തിയാണ്. സാധാരണക്കാരന് അവന്റെ കുറവുകൾ, അശുദ്ധി, അറിവില്ലായ്മ എന്നിവ കാരണം വിശുദ്ധനായ ദൈവത്തെ നേരിട്ടുസമീപിക്കാൻ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് മനുഷ്യർക്കുവേണ്ടി ദൈവത്തോട് ആശയവിനിമയം നടത്താനും ദൈവഹിതം മനുഷ്യരോട് അറിയിക്കാനുമായി ഇടനിലക്കാരൻ എന്ന നിലയിൽ പുരോഹിതനെ ദൈവം ചുതലപ്പെടുത്തി. എങ്കിലും ഇത് ക്രിസ്തുവിന്റെ ആഗമനം വരെ നൽകപ്പെട്ട ഒരു താൽക്കാലിക ക്രമീകരണം മാത്രമായിരുന്നു.

നമുക്കറിയാം, കർത്താവായ യേശു സ്ഥാപിച്ച പുതിയ ഉടമ്പടിയിൻ പ്രകാരം വീണ്ടും ജനനംപ്രാപിച്ച ദൈവമക്കൾ എല്ലാവരെയും തന്നെ പുരോഹിതഗണമായിട്ടാണ് ഇന്ന് ദൈവം കരുതുന്നത്. "നിങ്ങളോ .. ഒരു രാജകീയ പുരോഹിതവർഗ്ഗം... ആകുന്നു'' (1പത്രോ 2:9). ''നമ്മെ തനിക്ക് രാജ്യവും പുരോഹിതന്മാരും ആക്കിത്തീർത്തവന്.." (വെളി 1:6)

അതേ ഓരോ ക്രിസ്ത്യാനിയും ഒരു പുരോഹിതൻ എന്ന നിലയ്ക്ക് നേരിട്ട് ദൈവത്തെ സമീപിക്കാൻ പദവിയുള്ളവനാണ്. വിശേഷാൽ കുഞ്ഞുങ്ങളോടുള്ള ബന്ധത്തിൽ മാതാപിതാക്കൾക്ക് വ്യക്തമായ ഒരു പൗരോഹിത്യ ശുശ്രൂഷയുണ്ട് എന്ന് നാം തിരിച്ചറിയണം. ദൈവത്തോട് അടുത്തുചെന്ന് അവിടുത്തെ ശബ്ദം കേൾക്കുകയും ദൈവത്തിന്റെ സ്ഥാനത്തുനിന്നുകൊണ്ട് അത് നിങ്ങൾ മക്കളോട് സംസാരിക്കുകയും വേണം. ദൈവസ്നേഹം, അവിടുത്തെ നന്മ, കരുണ, കർക്കശത, ന്യായവിധി ഇവയെല്ലാം നിങ്ങൾ മക്കൾക്ക് ഗ്രഹിപ്പിച്ചുകൊടുക്കണം. കൂടാതെ അവർക്കുവേണ്ടി ദൈവത്തോട് മധ്യസ്ഥത അണയ്ക്കുകയും വേണം.

മാതാപിതാക്കളുടെ പൗരോഹിത്യം എന്ന വസ്തുതയിൽ രണ്ട് അടിസ്ഥാനഘടകങ്ങൾ ഉൾക്കൊള്ളുന്നു. ദൈവത്തേയും അവിടുത്തെ സ്വഭാവസവിശേഷതകളെയും മക്കൾക്കു വ്യക്തമായി കാണിച്ചുകൊടുക്കുക എന്നതാണ് ആദ്യത്തേത്. ഇതെങ്ങനെ നിർവഹിക്കാം? നിങ്ങളുടെ നല്ല മാതൃകാജീവിതം, അഭ്യസനം നൽകൽ, ഒത്തുചേർന്നുള്ള കുടുംബാരാധനാസമയങ്ങൾ എന്നിവയിലൂടെയാണിതു സാധിക്കുക.

നിങ്ങളുടെ മക്കളെ ദൈവമുമ്പാകെ കാഴ്ചവയ്ക്കുകയെന്നതാണ് രണ്ടാമത്തേത്. പ്രാർത്ഥനയിൽ മക്കളെ ദൈവത്തിന്റെ യാഗപീഠത്തിൽ അർപ്പിച്ചുകൊണ്ടാണിതു ചെയ്യാൻ കഴിയുക. അവരെ സംബന്ധിച്ചുള്ള ഭാവിപദ്ധതികളും സ്വപ്നങ്ങളുമെല്ലാം നിങ്ങൾ യാഗപീഠത്തിൽ സമർപ്പിക്കുക. അവയെല്ലാം തിരുഹിതത്തിന്റെ തീയിൽ കത്തിയമർന്ന്

ചാമ്പലാകട്ടെ. നിങ്ങളുടെ കുഞ്ഞുങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ ഭാവിജീവിതവും ആയുസ്സും... എല്ലാമെല്ലാം ദൈവരാജ്യവ്യാപനത്തിനും മഹത്വത്തിനും മുതൽക്കൂട്ടായിത്തീരേണ്ടതിനായി അവരെ നിരന്തരം സമർപ്പിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. നിങ്ങളുടെ പ്രാർത്ഥനകൾ മക്കളും കേട്ടുവളരട്ടെ... കാലാന്തരത്തിൽ അവരും ആ ഭാരവും ലക്ഷ്യവും സ്വയം ഏറ്റെടുക്കുന്നതു കാണാൻ കഴിയും! ഇതത്രേ നിങ്ങളുടെ പുരോഹിതശുശ്രൂഷ.

കുടുംബനാഥനായ പിതാവിനാണ് ഭവനത്തിലെ പുരോഹിതൻ ആയിരിക്കാനുള്ള ഉത്തരവാദിത്വം ദൈവം നൽകിയിരിക്കുന്നത്. ഓരോ പിതാവും ഈ ഭാരിച്ച ഉത്തരവാദിത്വം സംബന്ധിച്ച് ഉണർവുള്ളവനായിരിക്കേണം. ചിലപ്പോൾ ഈ ഭാരം മാതാവിന്മേലും വീഴാറുണ്ട്. പിതാവ് അനാത്മികൻ ആയിരിക്കുന്ന പക്ഷം, അഥവാ പിതാവിന്റെ അസാന്നിധ്യത്തിൽ, മാതാവ് കുടുംബപൗരോഹിത്യം ഏറ്റെടുക്കേണ്ടിവരും. എന്നാൽ നിശ്ചയമായും നിങ്ങൾക്കാവശ്യമായ കൃപ യഥാസമയം ദൈവം നൽകിക്കൊണ്ടിരിക്കും; ഒരിക്കലും ഭയത്തിന് അടിമ ആകാതിരിക്കുക.

നാമിപ്പറഞ്ഞുവന്ന കാര്യങ്ങൾ വളരെ സങ്കീർണ്ണവും സാധാരണക്കാർക്ക് അപ്രാപ്യവുമാണെന്ന് ദയവായി നിങ്ങൾ ചിന്തിക്കരുത്. വാസ്തവത്തിൽ ഇക്കാര്യങ്ങൾ തികച്ചും സരളവും ലളിതവുമാകുന്നു. മാതാപിതാക്കൾ ഒന്നാമത് ക്രിസ്തുവിന്റെ സമ്പൂർണ്ണ കർത്തൃത്വം ജീവിതത്തിൽ ഏറ്റെടുത്ത് സത്യസന്ധതയും ദൈവഭയവുമുള്ളവരായി, സകലവിധ കപടതകളും ഉപേക്ഷിച്ച് ജീവിക്കാനാരംഭിക്കുക. ദൈവവചനപ്രകാരം എളിമയോടെ യേശുവിന്റെ കാൽച്ചുവടുകൾ നോക്കി മുമ്പോട്ടുപോകുക അത്രമാത്രം. ക്രിസ്തുപൂരിതമായ (Christ saturated) ഭവനാന്തരീക്ഷം നിങ്ങളുടെ ലക്ഷ്യമായിരിക്കട്ടെ.

നിങ്ങളുടെ കുടുംബത്തിന് ശുഭാശംസകൾ.

സംക്ഷേപം : യേശുവിന്റെ ദിവ്യസാന്നിധ്യം പഞ്ചേന്ദ്രിയങ്ങളിലൂടെയല്ല, നമ്മുടെ അന്തരാത്മാവിലൂടെ അനുഭവിച്ചറിയാൻ കുഞ്ഞുങ്ങളെ അഭ്യസിപ്പിക്കണം. ഭവനത്തിലെ എല്ലാ മേഖലകളിലും ക്രിസ്തുവിന്റെ കർത്തൃത്വം ഉറപ്പാക്കേണ്ടതുണ്ട്. വിശേഷാൽ കുടുംബാരാധന, പ്രാർത്ഥന എന്നിവയ്ക്കായി സമയം വേർതിരിക്കൽ, വരുമാനത്തിന്റെ പ്രഥമഭാഗം ദൈവത്തിനു നൽകൽ എന്നീ രണ്ടു വിഷയങ്ങളിൽ നാം മക്കൾക്ക് മാതൃകയും പരിശീലനവും നൽകണം. മക്കളെ ദൈവത്തോട് അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാതാപിതാക്കൾ പുരോഹിതന്മാരായി ശുശ്രൂഷ നിർവഹിക്കേണ്ടതുണ്ട്.

(അവസാനിച്ചു)

**അവലംബ ഗ്രന്ഥങ്ങൾ**

1. സത്യവേദപുസ്തകം

2.The Christian Family by Larry Christenson

3. 'You and Your Child' by Charles R. Swindoll

4. 'Grace for Raising Children' by Joseph Arthungal

5. 'മക്കളെ വളർത്തുമ്പോൾ' by Rev. George C. Medayil





# നിഗളവും താഴ്മയും

യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു:"മനുഷ്യനിൽ ആശ്രയിച്ച് ജഡത്തെ തന്റെ ഭുജമാക്കി ഹൃദയംകൊണ്ട് യഹോവയെവിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ" (യിരെമ്യാവ് 17:5)

സ്വന്തശക്തിയിൽ ഊന്നരുത്. ദൈവത്തിൽ ആശ്രയിക്കുക. നിങ്ങൾക്കു കഴിയുന്നതു ചെയ്യുക. പോരായ്മയുള്ളത് അവിടുന്ന് പരിഹരിച്ചു തരും.

ലോകത്തിന്റെ ദൃഷ്ടിയിൽ ചെറിയവനായിരിക്കുന്നതിൽ ലജ്ജിക്കരുത്. ക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിലും ലജ്ജിക്കരുത്.

"ജ്ഞാനി തന്റെ ജ്ഞാനത്തിൽ പ്രശംസിക്കരുത്. ധനവാൻ തന്റെ ധനത്തിലും പ്രശംസിക്കരുത്." (യിരെമ്യാവ് 9:23)

"എല്ലാവരും തമ്മിൽത്തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു." (1പത്രോസ് 5:5)

ധനത്തിലോ, ഏറെ സ്വാധീനശക്തിയുള്ള സുഹൃത്തുക്കളിലോ പുകഴരുത്. നിങ്ങൾക്ക് എല്ലാം തരുന്ന, അതിലുപരിതന്നെ തരുവാൻ ആഗ്രഹിക്കുന്ന ദൈവത്തിലായിരിക്കട്ടെ നിങ്ങളുടെ പ്രശംസ.

സൗന്ദര്യത്തെക്കുറിച്ച് ആത്മപ്രശംസ അരുത്. ഒരു ചെറിയ രോഗത്തിന് സൗന്ദര്യത്തെ വൈരൂപ്യമാക്കുവാൻ കഴിയുമല്ലോ.

നിങ്ങളുടെ കഴിവിലോ സാമർത്ഥ്യത്തിലോ അഹങ്കരിക്കരുത്. പ്രകൃത്യാ നിങ്ങൾക്കുള്ളതെല്ലാം തന്ന, എല്ലാ നല്ലദാനങ്ങളും നൽകിയ, ദൈവത്തിന്റെ മുമ്പാകെ അതു പ്രസാദകരമായിരിക്കുകയില്ല.

മറ്റു പലരെക്കാളും നിങ്ങൾ ഭേദമാണെന്ന ചിന്തയെ നിരാകരിക്കുക. നിങ്ങളെ പൂർണ്ണമായി അറിയുന്ന ദൈവം അത്തരം നിഗളചിന്തകൾമൂലം അവരെക്കാൾ മോശമായി നിങ്ങളെ കണക്കാക്കും.

നമ്മുടെ നന്മപ്രവൃത്തികളെക്കുറിച്ചുള്ള പ്രശംസ നിരർത്ഥകമാണ്. കാരണം നന്മയെക്കുറിച്ചുള്ള ദൈവത്തിന്റെ കണക്കുകൂട്ടലുകൾ നമ്മുടേതിൽ നിന്നു വ്യത്യസ്തമായിരിക്കാം. നിങ്ങളിൽ എന്തെങ്കിലും നന്മയുണ്ടെന്നു കരുതുന്നുണ്ടെങ്കിൽ മറ്റുള്ളവരിൽ അതിനെക്കാൾ നന്മയുണ്ടെന്നു വിശ്വസിക്കുക. ഇതു നിങ്ങളെ താഴ്മയിൽ സൂക്ഷിക്കും.

മറ്റുള്ളവരെക്കാൾ നീതിബോധം കുറവുള്ള ആളായി സ്വയം കണക്കാക്കിയാൽ നിങ്ങൾക്കു പ്രത്യേകിച്ചൊന്നും നഷ്ടപ്പെടുവാനില്ല. പക്ഷേ മറിച്ചു സ്വയം കരുതിയാൽ, നിങ്ങൾക്ക് എല്ലാം നഷ്ടപ്പെടും.

താഴ്മയുള്ളവർ സദാസമാധാനത്തിൽ വസിക്കും. നിഗളികളോ? അവർ സദാ അസൂയയുടെയും കോപത്തിന്റെയും തടവറയിലായിരിക്കും.

(ദി ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന ഗ്രന്ഥത്തിൽനിന്ന്)

വിശുദ്ധരുടെ കാലൊച്ച

# ജോർജ് ഹെർബർട്ട്: ഒരു സഭാശുശ്രൂഷകന്റെ പ്രാർത്ഥന



മനുഷ്യരെക്കുറിച്ചു നാം എന്തു ചിന്തിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് നാം എന്തെങ്കിലും അവരിൽ നിന്നു ആവശ്യപ്പെടുന്നത്. നമ്മുടെ സ്വന്തം പിതാവിനെയും ജനപ്രതിനിധിയെയും ദന്തഡോക്ടറെയും നാം സമീപിക്കുമ്പോഴുള്ള വ്യത്യസ്തമനോഭാവങ്ങളെപ്പറ്റി ഒരു നിമിഷം ചിന്തിക്കുക. ഒരു വ്യക്തിയിൽ നിന്നും വലിയ കാര്യങ്ങൾ എന്തെങ്കിലും ആവശ്യപ്പെടണമെങ്കിൽ ആ വ്യക്തിക്കു നമ്മുടെ അപേക്ഷ അനുവദിക്കാനുള്ള ശക്തിയും മനസ്സും ഉണ്ടെന്നു നാം വിശ്വസിച്ചേ മതിയാകൂ.

അതുകൊണ്ടുതന്നെയാണ് നമ്മുടെ പ്രാർത്ഥനകൾ നമ്മുടെ ദൈവശാസ്ത്രത്തിന്റെ ഒരു പ്രതിഫലനമായിരിക്കുന്നത്.ദൈവത്തെപ്പറ്റിയുള്ള നമ്മുടെ ചിന്തകളാണ് നമ്മുടെ പ്രാർത്ഥനയുടെ സ്വഭാവം നിർണ്ണയിക്കുന്നത്. ശക്തിയില്ലാത്ത വിശ്വാസം, ശക്തിഹീനമായ പ്രാർത്ഥനകൾക്കു ജന്മം നൽകുന്നു. ദൃഢപേശികളുള്ള വിശ്വാസം ഉറപ്പുള്ള പ്രാർത്ഥനകൾ ഉളവാക്കുന്നു. ജോർജ്ജ് ഹെർബർട്ടിന്റെ പ്രാർത്ഥന ഈ സത്യം വെളിപ്പെടുത്തുന്നവയത്രേ.

1593ൽ ജനിച്ച ഹെർബർട്ട് ഇംഗ്ലണ്ടിലെ ജെയിംസ് ഒന്നാമൻ രാജാവിന്റെ സമകാലികനായിരുന്നു. ജെയിംസ് രാജാവിന്റെ പല നിലപാടുകളോടും പ്യൂരിറ്റൻനേതാക്കൾക്കുള്ള എതിർപ്പിനെപ്പറ്റി ബോധവാനായിരുന്നു എങ്കിലും രാജകീയഅംഗീകാരമുള്ള ചർച്ച് ഓഫ് ഇംഗ്ലണ്ടിൽത്തന്നെ തുടരുവാനാണ് ഹെർബർട്ട് തീരുമാനിച്ചത്. കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ഒരു അദ്ധ്യാപകനായിട്ടായിരുന്നു സാമൂഹികജീവിതത്തിലേക്കുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ കാൽവയ്പ്പ്.അദ്ദേഹം ജെയിംസ് ഒന്നാമൻ രാജാവിന്റെ ഭരണരംഗത്തേക്കു പ്രവേശിക്കാനുള്ള സാദ്ധ്യത തെളിഞ്ഞു നിൽക്കുമ്പോൾ പൊടുന്നനെ രാജാവ് നാടുനീങ്ങുകയും, തുടർന്നു ഹെർബർട്ടിന്റെ മാതാവും ഭൂമിയിൽനിന്നു നീക്കപ്പെടുകയും ചെയ്തു. ഈ വേർപാടുകൾ ക്രിസ്തീയസഭാശുശ്രൂഷയിലേക്കു പ്രവേശിക്കുവാൻ ഹെർബർട്ടിനെ പ്രേരിപ്പിച്ചു. 1629ൽ സാലിസ്ബെറി പട്ടണത്തിനു സമീപത്തുള്ള ബെമെർട്ടൺ എന്ന കൊച്ചു ഗ്രാമത്തിലെ ഇടവകയിൽ അദ്ദേഹം





ശുശ്രൂഷകനായി. തന്റെ സമകാലികനും ആത്മീയഗുരുവുമായിരുന്ന ജോൺഡൺ എന്ന പ്രസിദ്ധ കവിയെപ്പോലെ അനുവാചകരുടെ ഹൃദയം കവർന്ന അനവധി കവിതകൾ ജോർജ്ജ് ഹെർബർട്ടും രചിക്കുവാൻ ഇടയായി. അതോടൊപ്പം തന്നെ തന്റെ ഇടവകയിൽ ദൈവത്തിന്റെ ആട്ടിൻകൂട്ടത്തിനു ഒരു നല്ല ഇടയനുമായിരുന്നു അദ്ദേഹം. "ഗ്രാമീണ ശുശ്രൂഷകൻ" എന്ന അദ്ദേഹത്തിന്റെ രചന വ്യക്തിപരമായ കാരണങ്ങളാൽ എഴുതപ്പെട്ടതത്രേ. ദൈവഭക്തനായ ഒരു ശുശ്രൂഷകന്റെ വിവരണമായ ഈ ഗ്രന്ഥത്തിലൂടെ അദ്ദേഹം സ്വജീവിതത്തിൽ ഒരു ലക്ഷ്യം ഉന്നം വയ്ക്കുകയായിരുന്നു. താൻ വരച്ചുകാട്ടുന്ന മാതൃകാപുരുഷനെപ്പോലെ യഥാർത്ഥജീവിതത്തിൽ ആയിത്തീരുവാൻ ഹെർബർട്ട് സകല പരിശ്രമവും കഴിച്ചു. 1633ൽ തന്റെ മരണത്തിനു ശേഷമാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്.

താഴെച്ചേർക്കുന്ന പ്രാർത്ഥന ഹെർബർട്ടിന്റെ "മാതൃകാശുശ്രൂഷകൻ" സഭാജനങ്ങളോടു പ്രസംഗിക്കുന്നതിനു മുമ്പു പ്രാർത്ഥിക്കുന്നതാണ്:

## പിതാവേ അവിടുത്തെ തിരുമുമ്പിൽ

സർവ്വശക്തനും നിത്യനുമായ ദൈവമായ കർത്താവേ! മഹത്വവും ശക്തിയും തേജസ്സും പുകഴ്ചയും അങ്ങേയ്ക്ക്! ഞങ്ങൾ അങ്ങയെ സംബോധന ചെയ്യുന്ന എല്ലാറ്റിൽനിന്നും തികച്ചും വ്യത്യസ്തരായിരിക്കുന്ന ഞങ്ങൾ തിരുമുമ്പിൽ എങ്ങനെ കടന്നുവരും? ഞങ്ങൾ ഇരുളിൽ ബലഹീനരും അശുദ്ധരും ലജ്ജിതരുമായി നിൽക്കുന്നു. അരിഷ്ടതയും പാപവും ഞങ്ങളുടെ ജീവിതത്തെ നിറച്ചിരിക്കുന്നു. എങ്കിലും അവിടുന്ന് അടിയങ്ങളുടെ സ്രഷ്ടാവും അടിയങ്ങൾ അവിടുത്തെ കൈവേലയും ആണല്ലോ. അവിടുത്തെ കരങ്ങൾ ഞങ്ങളെ നിർമ്മിക്കുകയും സകലജീവജാലങ്ങൾക്കും ഞങ്ങളെ അധിപരാക്കുകയും ചെയ്തല്ലോ. ഞങ്ങളിൽത്തന്നെ ഒരു ലോകവും ഞങ്ങൾക്കായി ഒരു ലോകവും അവിടുന്നു നൽകി ഞങ്ങളെ പറുദീസയിലാക്കി. സ്നേഹവാത്സല്യങ്ങൾ ഞങ്ങളിൽ ചൊരിഞ്ഞുകൊണ്ടിരുന്ന അങ്ങയുടെ ആലോചനയെ അവഗണിച്ച് അവിടുത്തെ ദിവ്യമായ ഉദ്ദേശ്യത്തെ തകിടം മറിച്ച് ഞങ്ങളുടെ ദൈവത്തെ ഞങ്ങൾ വിറ്റുകളഞ്ഞു. ഞങ്ങളുടെ കരുണാനിധിയായ, തേജസ്സുള്ള ദൈവത്തെ, വിലക്കപ്പെട്ട ആ കനിക്കു വേണ്ടി ഞങ്ങൾ വിറ്റുകളഞ്ഞു.

ഞങ്ങളുടെ നെറ്റിമേൽ ഈ കാര്യം എഴുതപ്പെടട്ടെ! ഒരിക്കൽ ഒരു പഴത്തിനായി ഞങ്ങളുടെ ദൈവത്തെ നഷ്ടമാക്കിയ ഞങ്ങൾ ഇന്നും അതു തന്നെ ചെയ്തുകൊണ്ടിരിക്കുന്നു. പണത്തിനും ഭക്ഷണത്തിനും പേരിനും ഒക്കെയായി. എന്നാൽ കർത്താവേ, അവിടുന്നു ക്ഷമയും അനുകമ്പയും സ്നേഹവും നിറഞ്ഞവനാകയാൽ മനുഷ്യപുത്രന്മാരായ ഞങ്ങൾ നശിച്ചുപോകാതെയിരിക്കുന്നു. അവിടുന്നു എല്ലാറ്റിനും മീതെ അവിടുത്തെ ദയ വലുതാക്കിയിരിക്കുന്നു. ഞങ്ങളെ ശിക്ഷിക്കുന്ന

(ശേഷം പേജ് 29ൽ)

സന്ദേശം

### മനുഷ്യരുടെ മുമ്പാകെയുള്ള ജീവിതംII

# സമ്പൂർണ്ണസമർപ്പണം: ഒരേയൊരുവഴി

ചാൾസ് ഫിന്നി



**പല ക്രിസ്ത്യാനികളും ഒരു മധ്യപാത തിരഞ്ഞെടുക്കുന്നവരാണ്.ഇരുവശത്തും തങ്ങൾക്കു സ്നേഹിതരെ കണ്ടെത്തുകയാണ് അവരുടെ ലക്ഷ്യം.**

**നി**ങ്ങൾ രഹസ്യപാപങ്ങൾക്ക് ജീവിതത്തതിൽ ഇടം കൊടുക്കുകയും ആരും അതറിയുന്നില്ലെന്നു ചിന്തിക്കുകയും ചെയ്യുന്നപക്ഷം ദൈവം അതു കാണുന്നുവെന്നും നിങ്ങളുടെ പേര് കപടഭക്തിക്കാരൻ എന്ന് അവിടുന്ന് എഴുതിയിരിക്കുന്നുവെന്നും അറിഞ്ഞുകൊള്ളുക. ദൈവമുമ്പാകെയുള്ള അപമാനത്തെക്കാൾ മനുഷ്യന്റെ മുമ്പിലുള്ള അപമാനത്തെയാണ് നിങ്ങൾ അധികം ഭയപ്പെടുന്നത്. നിങ്ങൾ എല്ലാറ്റിലുമധികം ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ സകലമനുഷ്യരും നിങ്ങളുടെ പാപത്തെ അറിയുന്നുവെന്നത് ദൈവം അതറിയുന്നുവെന്നതിനെ അപേക്ഷിച്ച് എത്രയും ലഘുകാര്യമായി നിങ്ങൾ പരിഗണിക്കും. ഏതെങ്കിലുമൊരു പാപം ചെയ്യാനുള്ള പ്രലോഭനം നിങ്ങൾക്കുണ്ടാകുമ്പോൾ- "എന്ത്? ദൈവമുമ്പാകെ ഞാൻ എങ്ങനെ ഈ പാപം ചെയ്യും?" എന്നായിരിക്കും നിങ്ങൾ പറയുന്നത്.

തങ്ങൾ ക്രിസ്ത്യാനികളാണെന്നവകാശപ്പെടുന്ന ഇക്കൂട്ടർ രഹസ്യപാപങ്ങളിൽ വീഴുന്നില്ലെങ്കിലും രഹസ്യപ്രാർത്ഥനപോലെയുള്ള കർത്തവ്യങ്ങൾ അവഗണിച്ചുകൊണ്ടാണ് അവർ ജീവിക്കുന്നത്. അവർ തിരുവത്താഴത്തിൽ പങ്കെടുക്കുകയും ഞായറാഴ്ചകളിൽ വളരെ ഭക്തിയുള്ളവരായിക്കാണപ്പെടുകയും ചെയ്യുന്നു. എങ്കിലും അവരുടെ രഹസ്യപ്രാർത്ഥനാമുറി ദൈവത്തിനും മനുഷ്യർക്കും അജ്ഞാതമായിരിക്കുന്നു. മനുഷ്യരുടെ ബഹുമതിയാണ് അവരുടെ വിഗ്രഹം. ദൈവത്തെ കോപിപ്പിക്കുന്നതിനെക്കാൾ തങ്ങളുടെ പ്രശസ്തി നഷ്ടമാകുന്നതിനെയാണ് അവർ ഭയപ്പെടുന്നത്.

ജനപ്രീതികരമായ കാര്യങ്ങളിൽ ഇക്കൂട്ടർ മനസ്സാക്ഷിയനുസരിച്ചു





പ്രവർത്തിക്കുന്നു; എന്നാൽ പൊതുജനം കാണാത്തകാര്യങ്ങളിൽ അവർ മനസ്സാക്ഷിയുടെ നിർദ്ദേശം കൈക്കൊള്ളുന്നില്ല. ഇവരോടു പ്രസംഗിച്ച് ഇക്കാര്യം തെളിയിക്കുവാൻ നിങ്ങൾക്കു സാധിച്ചേക്കാം. എന്നാലും തങ്ങളുടെ പ്രശസ്തിയെ ബാധിക്കുന്ന ഒരു കാര്യമല്ല അതെങ്കിൽ, പഴയരീതിയിൽത്തന്നെ അവർ മുന്നോട്ടു പോകും. ദൈവം ഇപ്രകാരം കല്പിക്കുന്നുവെന്നോ ക്രിസ്തീയപൂർണ്ണതയ്ക്കു നിരക്കാത്തതും യേശുക്രിസ്തുവിന്റെ താൽപര്യങ്ങൾക്കു വിരുദ്ധവുമാണ് അവരുടെ പ്രവർത്തനമെന്നോ അവരെ ബോധ്യപ്പെടുത്തിയാലും തങ്ങളുടെ ജീവിതരീതി അവർ മാറ്റുകയില്ല. കാരണം, ദൈവത്തിന്റെ പ്രശംസയെക്കാൾ മനുഷ്യന്റെ പ്രശംസയെ അവർ അധികം വിലമതിക്കുന്നു.

**മതഭ്രാന്തോ അതോ ഫാഷനോ?**

ഈ തരത്തിൽപ്പെട്ട ആളുകൾ തങ്ങളെ ആരെങ്കിലും മതഭ്രാന്തരെന്നു വിളിക്കുന്നതിനെ ഭയപ്പെടുന്നു. ലോകം വഴിതെറ്റിപ്പോയിരിക്കുന്നുവെന്ന് അവർ അറിയുന്നില്ല. ലോകത്തിലുള്ള പൊതുജനാഭിപ്രായം ദൈവത്തിനെതിരാണ്.ദൈവത്തെ സേവിക്കുവാനാഗ്രഹിക്കുന്ന ഒരുവൻ ലോകാഭിപ്രായത്തിനെതിരെ നിലയുറപ്പിക്കേണ്ടതാവശ്യമാണ്. മത്സരികൾ നിറഞ്ഞ ഈ ലോകത്തിൽ പൊതുജനാഭിപ്രായമെന്നത് ദൈവത്തെ എതിർക്കുന്ന ഒരു പ്രസ്ഥാനമാണ്. ലോകം തെറ്റിലകപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വഴികൾ ലോകവഴികൾക്കു കടകവിരുദ്ധമാണ്. തന്മൂലം "ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും." (2 തിമോ. 3:12) എന്ന പ്രസ്താവന ശരിയാണ്, എക്കാലവും ശരിതന്നെയാണ്. അത്തരക്കാരെ ലോകം മതഭ്രാന്തരെന്നും അന്ധവിശ്വാസികളെന്നും യുക്തിഹീനരെന്നും വിളിക്കും. അവർ എന്നും ആ നിലയിലായിരുന്നു. ഇനിയും ആയിരിക്കയും ചെയ്യും.

എന്നാൽ ഈ ലോകാഭിപ്രായപ്രേമികൾ ലൗകികമനുഷ്യരുടെ പ്രതീക്ഷകൾക്കനുരൂപമായിക്കഴിയുന്നതിനപ്പുറം യാതൊന്നും തന്നെ ചെയ്യുകയില്ല. അത്തരക്കാരെ സ്വാധീനിക്കാനായി അതുമിതുമൊക്കെ ചെയ്യണമെന്ന് അവർ പറയും. ദൈവത്തെയും മനുഷ്യരെയും യഥാർത്ഥമായി സ്നേഹിക്കുന്നവരാകട്ടെ, ഇതിനെതിരെ നിൽക്കുന്നവരാണ്. അവരുടെ പ്രധാനലക്ഷ്യം ഈ ലോകത്തെ കീഴ്മേൽ മറിക്കുക, എല്ലാവരെയും ദൈവത്തെ അനുസരിക്കുന്നവരാക്കിത്തീർക്കുക, മനുഷ്യാഭിപ്രായങ്ങൾ ദൈവവചനപ്രകാരം രൂപപ്പെടുത്തുക എന്നിവയൊക്കെയാണ്.

പല ക്രിസ്ത്യാനികളും ദൈവത്തിന്റെയും ഒപ്പം മനുഷ്യരുടെയും പ്രീതി സമ്പാദിപ്പാനായി ഒരു മധ്യപാത തിരഞ്ഞെടുക്കുന്നവരാണ്. ഒരുവശത്ത് അതിരു കടന്ന നീതിനിഷ്ഠക്കാർ എന്ന പേരു വീഴാതിരിപ്പാൻ അവർ ശ്രദ്ധിക്കുന്നു. മറുവശത്ത് ഒത്തുതീർപ്പുകാരോ അഭക്തരോ ആകാതെ അവർ സൂക്ഷിക്കയും ചെയ്യുന്നു. ശതാബ്ദങ്ങളോളം മതഭ്രാന്തനെന്നപേരു കിട്ടാതെ മാന്യതയുള്ള ഭക്തിവേഷക്കാരനായി ജീവിക്കുവാൻ ഒരാൾക്കു സാധിച്ചേക്കാം. ഇക്കൂട്ടരുടെ ജീവിതനിലവാരം ഇപ്പോഴും താണതായിരിക്കുന്നു. പ്രോട്ടസ്റ്റന്റ് സഭകളിലെ വിശ്വാസികളിൽ ഭൂരിപക്ഷവും ഈ മധ്യപാതയെയാണ് പിന്തുടരുന്നത്.

ഇപ്രകാരം ഇരുവശത്തും തങ്ങൾക്കു സ്നേഹിതരെ കണ്ടെത്തുകയാണ് അവരുടെ ലക്ഷ്യം. അവർ അധോഗതി പ്രാപിച്ചവരല്ല. മതഭ്രാന്തന്മാരുമല്ല. ഇന്നത്തെ പുതിയ ഫാഷൻ പിന്തുടരുന്ന ക്രിസ്ത്യാനികളാണ് അവർ!

ഫാഷൻ അനുസരിച്ചുള്ള ക്രിസ്ത്യാനികളെന്ന് അവരെ വിളിക്കാൻ രണ്ടു കാരണങ്ങളുണ്ട്. ഒന്നാമത് ഇവരുടെ മതബോധം ജനപ്രിയകരവും ഇന്നത്തെ ഫാഷനനുസരിച്ചുള്ളതുമാണ്. രണ്ടാമത് അവർ ലോകത്തിന്റെ മാതൃക പിന്തുടരുന്നവരാണ്. ലോകത്തെ പ്രസാദിപ്പിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. ദൈവം ആവശ്യപ്പെടുന്നത് എന്തുമായിക്കൊള്ളട്ടെ, എന്തായാലും ദൈവത്തിന്റെ ശത്രുക്കളുമായി സമാധാനത്തിൽക്കഴിയാൻ അവർ ആഗ്രഹിക്കുന്നു. ദൈവത്തെക്കാളധികം മനുഷ്യരെ വിലമതിക്കുന്നവരാണവർ. തങ്ങളുടെ സ്നേഹിതരുടെ അപ്രീതി, ദൈവത്തെ ദുഃഖിപ്പിക്കൽ ഈ രണ്ടു കാര്യങ്ങളിൽ ഏതു തിരഞ്ഞെടുക്കും എന്നൊരു പ്രശ്നം വന്നാൽ ദൈവത്തെ ദുഃഖിപ്പിക്കുക തന്നെ അവർ തിരഞ്ഞെടുക്കും. പൊതുജനാഭിപ്രായവും ദൈവകല്പനയും തമ്മിൽ ഒരു സംഘട്ടനമുണ്ടാകുമ്പോൾ പൊതുജനാഭിപ്രായത്തിനു തന്നെ അവർ കീഴടങ്ങും.

ദൈവത്തിന്റെ അംഗീകാരം ലഭിക്കുവാൻവേണ്ടി സ്വാർത്ഥം ത്യജിക്കുവാൻ അവർ സന്നദ്ധരല്ലെങ്കിലും മനുഷ്യന്റെ അംഗീകാരത്തിനുവേണ്ടി ഒരു വലിയ അളവിൽത്തന്നെ സ്വാർത്ഥം ഉപേക്ഷിക്കുവാൻ അവർ തയാറാണ്. പൊതുജനാഭിപ്രായം മദ്യത്തിനെതിരാകയാൽ അതു ത്യജിച്ച ആളുകൾ ശക്തമായ ഒരു പൊതുജനാഭിപ്രായമുണ്ടാകുന്ന പക്ഷം വീണ്ടും കൂടെ വിട്ടുകളയും അതുവരെ അതൊട്ടുചെയ്കയുമില്ല.

ഈ വിഭാഗത്തിൽപ്പെട്ട ഒരു സഭാശുശ്രൂഷകൻ ഒരു പ്രസംഗം ചെയ്യുമ്പോൾ ദൈവം അതിനെക്കുറിച്ച് എന്തുചിന്തിക്കുന്നുവെന്നതിലുപരിയായി മനുഷ്യർ എന്തുപറയുന്നുവെന്ന കാര്യത്തിൽ അയാൾ ഉൽക്കണ്ഠിതനായിരിക്കും. പ്രസംഗം ഒരു പരാജയമായിത്തീർന്നാൽ അതു നിമിത്തം തനിക്കു നേരിട്ട മാനഹാനി, താൻ ദൈവത്തിന് അപമാനം വരുത്തിയെന്നോ ആത്മാക്കളുടെ രക്ഷയ്ക്കു താൻ തടസ്സമുണ്ടാക്കിയെന്നോ ഉള്ള ചിന്തയെക്കാൾ അയാളെ പതിന്മടങ്ങു ദുഃഖിതനാക്കും.

തന്റെ ഏതെങ്കിലുമൊരു രഹസ്യപാപം വെളിച്ചത്താകുമ്പോൾ മനുഷ്യരുടെ മുമ്പിലുണ്ടായ അപമാനം അയാൾക്കു മനഃപയാസമുളവാക്കുന്നു. എന്നാൽ ദൈവനാമം ദുഷിക്കപ്പെട്ടതിനെപ്പറ്റി അയാൾ വ്യാകുലപ്പെടുന്നില്ല. അല്ലെങ്കിൽ പരസ്യമായ ഒരു പാപത്തിൽ താൻ വീണുപോയാൽ ആ പാപത്തിന്റെ ലജ്ജാവഹത്വത്തോളം തന്നെ ചിന്ത തനിക്കുണ്ടായ അപമാനത്തെക്കുറിച്ചും അയാൾക്ക് ഉണ്ടാകുന്നു.

ദൈവമുമ്പാകെ തങ്ങൾ എങ്ങനെ ആയിരിക്കുന്നു എന്നതിലധികം പരിഷ്കൃതചിത്തരായ ഈ ക്രിസ്ത്യാനികൾ മനുഷ്യരുടെ മുമ്പിലുള്ള തങ്ങളുടെ നിലപാടിനെപ്പറ്റിയാണ് അധികം വ്യാകുലപ്പെടുന്നത്. ഈ മനോഭാവക്കാരായ സ്ത്രീകൾ ദൈവത്തിന്റെ മുമ്പിൽ തങ്ങളുടെ ഹൃദയം എപ്രകാരമാണ് എന്നതിലധികം മനുഷ്യരുടെ മുമ്പിൽ തങ്ങളുടെ ശരീരം എങ്ങനെ കാണപ്പെടുന്നുവെന്നതിനെപ്പറ്റി ചിന്തയുള്ളവരാണ്. ഈ സ്ത്രീകൾ അരമണിക്കൂർപോലും പ്രാർത്ഥനയിലൂടെ തങ്ങളുടെ ഹൃദയം ദൈവസന്നിധിയിൽ ചൊവ്വുള്ളതാക്കിത്തീർക്കാൻ ചെലവിടുന്നില്ല. എന്നാൽ മറ്റുള്ളവരുടെ മുമ്പിൽ തങ്ങൾ സുമുഖികളായിക്കാണപ്പെടുവാൻ ആഴ്ചമുഴുവൻ അവർ പ്രയത്നം ചെയ്യുന്നു. ഇവരുടെ ആത്മീയത ഏതു തരത്തിലുള്ളതെന്ന് കണ്ടാലുടൻ തന്നെ ആർക്കും വ്യക്തമാകും. ഇപ്രകാരമുള്ള ഒരു പുരുഷന്റെയോ സ്ത്രീയുടെയോ പേര് കപടഭക്തൻ എന്നാണെന്നുള്ളകാര്യം മനസ്സിലാക്കുവാൻ ആർക്കും വിഷമം ഉണ്ടാകയില്ല.





അവർ സഭയിലേക്കു പോകുമ്പോൾ തങ്ങളെത്തന്നെ മോടിപിടിപ്പിച്ച് മാന്യവേഷം ചമഞ്ഞാലും അവരുടെ ഹൃദയം പാതിരാത്രിപോലെ ഇരുളടഞ്ഞതാണ്. ദൈവം തങ്ങളെപ്പറ്റി എന്തു ചിന്തിച്ചാലും കൊള്ളാം. മനുഷ്യരുടെ മുമ്പിൽ തങ്ങൾ നല്ലവരായി കാണപ്പെടണമെന്നു മാത്രമേ അവർക്കു ചിന്തയുള്ളൂ. അവരുടെ ഹൃദയം ഇരുണ്ടതും ക്രമം കെട്ടതും ദുഷിച്ചതുമായിരുന്നാലും മനുഷ്യർ തങ്ങളുടെ കല്മഷങ്ങൾ കാണാതിരിക്കുന്ന കാലത്തോളം മറ്റൊന്നും അവർ ഗണ്യമാക്കുന്നില്ല.

### വെളിച്ചത്തോടുള്ള എതിർപ്പ്

ദൈവികനിയമം അനുശാസിക്കുന്നവിധത്തിൽ തങ്ങളുടെ പാപത്തെ പലരും ദൈവത്തോട് ഏറ്റുപറയുന്നില്ല. തങ്ങളുടെ പ്രശസ്തിക്കു ബാധകമായ വിധത്തിൽ പാപം ഏറ്റുപറയാൻ അവരോടാവശ്യപ്പെട്ടാൽ ദൈവത്തെ തൃപ്തിപ്പെടുത്തുന്നതിനെപ്പറ്റി ചിന്തിക്കുന്നതിലധികം തങ്ങളുടെ സൽപ്പേരിനെ അതെങ്ങനെ ബാധിക്കും എന്നതിനെപ്പറ്റിയാണ് അവർക്കു ചിന്തയുള്ളത്.

സ്വന്തം പാപം ഏറ്റുപറഞ്ഞ സഹോദരങ്ങളേ, നിങ്ങളുടെ ഹൃദയം ഒന്നു ശോധന ചെയ്വിൻ. നിങ്ങളുടെ കരുതൽ എന്തിനെക്കുറിച്ചായിരുന്നു? അതിനെപ്പറ്റി ദൈവം എന്തു ചിന്തിച്ചുവെന്നതാണോ മനുഷ്യർ എന്തുചിന്തിച്ചുവെന്നതാണോ നിങ്ങളുടെ ഹൃദയഭാരം? നിങ്ങളുടെ ഏറ്റുപറച്ചിലിനെപ്പറ്റി ദൈവം ആഗ്രഹിച്ചത് മനുഷ്യരുടെ മുമ്പിലുള്ള പ്രശസ്തി നഷ്ടമാകാതിരിക്കുവാൻവേണ്ടി നിങ്ങൾ വിട്ടുകളഞ്ഞില്ലേ? ഇതിൽ നിങ്ങളുടെ ഹൃദയത്തെ ദൈവം വിധിക്കയില്ലേ?

ക്രിസ്തുവിൽ വിശ്വസിക്കുന്നവരെന്നവകാശപ്പെടുന്ന ജനങ്ങൾ ചെയ്യേണ്ടകാര്യം വിട്ടുകളയുന്നു. തങ്ങളുടെ

**ദൈവം ആവശ്യപ്പെടുന്നത് എന്തുമായിക്കൊള്ളട്ടെ, എന്തായാലും ദൈവത്തിന്റെ ശത്രുക്കളുമായി സമാധാനത്തിൽക്കഴിയാൻ അവർ ആഗ്രഹിക്കുന്നു. ദൈവത്തെക്കാളധികം മനുഷ്യരെ വിലമതിക്കുന്നവരാണവർ. തങ്ങളുടെ സ്നേഹിതരുടെ അപ്രീതി, ദൈവത്തെ ദുഃഖിപ്പിക്കൽ ഈ രണ്ടു കാര്യങ്ങളിൽ ഏതു തിരഞ്ഞെടുക്കും എന്നൊരു പ്രശ്നം വന്നാൽ ദൈവത്തെ ദുഃഖിപ്പിക്കുക തന്നെ അവർ തിരഞ്ഞെടുക്കും.**

കർത്തവ്യം നിറവേറ്റുന്ന കാര്യത്തിൽ അത്രമാത്രം ലജ്ജിതരാകുന്നവരാണ് അവർ. ദൈവം ആഗ്രഹിക്കുന്നകാര്യം ചെയ്യുവാൻ ഒരാൾ ലജ്ജിക്കുന്നപക്ഷം തന്റെ പ്രശസ്തി അയാൾക്കൊരു വിഗ്രഹമായിരിക്കുന്നുവെന്ന കാര്യം വ്യക്തമാണ്. യേശുക്രിസ്തുവിനെ ഏറ്റുപറയുവാൻ, പാപത്തെ ശാസിക്കുവാൻ, യേശുവിനെ ജനം എതിർക്കുമ്പോൾ അതിനെപ്പറ്റിയുള്ള തങ്ങളുടെ അഭിപ്രായം തുറന്നു പറയുവാൻ ഒക്കെയും ലജ്ജിക്കുകയാണ് ആളുകൾ ചെയ്യുന്നത്. അവർ ദൈവത്തെ എല്ലാറ്റിലുമധികം ആദരിക്കുന്നവരെങ്കിൽ തങ്ങളുടെ ഈ കർത്തവ്യം നിറവേറ്റുന്നതിനെപ്പറ്റി അവർക്ക് എപ്പോഴെങ്കിലും ലജ്ജതോന്നുമോ?

സ്വന്തം ഭാര്യയെപ്പറ്റി ഒരാൾ അപവാദം പറയുമ്പോൾ അതിനെ എതിർത്ത് അവൾ നിർദ്ദോഷിയാണെന്നു തെളിയിക്കുവാൻ ഒരുവനു ലജ്ജതോന്നുമോ? തന്റെ കുട്ടികളെ ഒരാൾ പഴിച്ചുപറയുമ്പോൾ അവരെ സഹായിക്കുവാൻ ഒരു പിതാവിനു ലജ്ജതോന്നുമോ? അവരെ സ്നേഹി

ക്കുന്നുണ്ടെങ്കിൽ ഒരിക്കലും ലജ്ജതോന്നുകയില്ല. തന്റെ ഭാര്യയുടെയോ മക്കളുടേയോ നിഷ്കളങ്കത സംരക്ഷിക്കുവാൻ ഒരുവൻ ഒരിക്കലും ലജ്ജിക്കുകയില്ല.

എന്നാൽ ഈ കൂട്ടർ സത്യത്തെ എതിർക്കുന്നവരുടെ മധ്യേ ആയിരിക്കുമ്പോൾ തങ്ങളുടെ പേരിനു കളങ്കം വരും എന്ന ചിന്ത നിമിത്തം സത്യത്തിനുവേണ്ടി ഒരുറച്ച നിലപാടു സ്വീകരിക്കയില്ല. സ്വന്തം സ്നേഹിതന്മാരുടെ മധ്യേ ആയിരിക്കുമ്പോൾ അവർ വളരെ ധൈര്യം കാണിക്കും. എന്നാൽ സത്യത്തിനുവേണ്ടി ഉപദ്രവം സഹിക്കേണ്ടി വന്നാൽ അവർ യേശുക്രിസ്തുവിനെ അവിടത്തെ ശത്രുക്കളുടെ മുമ്പിൽ തള്ളിപ്പറയുന്നവരായിത്തീരും, ദുഷ്ടതയെ ഭത്സിക്കുകയോ യേശുവിന്റെ ശത്രുക്കളുടെ മുമ്പിൽ അവിടുത്തേക്കു വേണ്ടി സംസാരിക്കുകയോ ചെയ്യാതെ അവർ യേശുവിനെ ലജ്ജയ്ക്കും അപമാനത്തിനും പാത്രമാക്കിത്തീർക്കും. തങ്ങളുടെ പണസ്സഞ്ചിയെയോ സ്വകാര്യതാൽപര്യങ്ങളെയോ ബാധിക്കുന്ന കാര്യം വരുമ്പോൾ ആളുകൾ അസ്വസ്ഥരായിത്തീരും. അതിനെക്കുറിച്ച് നിങ്ങൾ എത്രവാദിച്ചാലും പ്രസംഗിച്ചാലും ആരും ചെവിക്കൊള്ളുകയില്ല. ഇത്തരക്കാരെ സ്വാധീനിക്കുവാൻ ഒരു മാർഗ്ഗമേയുള്ളൂ. ഒരു പൊതുജനബോധം ആ വിഷയത്തിൽ വളർത്തിക്കൊണ്ടുവരിക എന്നതു തന്നെ. ഇപ്രകാരമൊരു പൊതുജനാഭിപ്രായം സൃഷ്ടിച്ചാൽ അപ്പോൾ അവരുടെ ചിന്താഗതിക്കു വ്യത്യാസം വരും. അതുവരെ അതുമാറാതെ നില കൊൾകയും ചെയ്യും.

വിശ്വാസികളെന്നവകാശപ്പെടുന്ന പല ക്രിസ്ത്യാനികളും ജനപ്രീതിയില്ലാത്തവയും മനുഷ്യർ ഇഷ്ടപ്പെടാത്തവയുമായ കാര്യങ്ങളെ എതിർക്കും. എന്നാൽ അതേ കാര്യങ്ങൾക്കു തന്നെ ജനസമ്മതി ലഭിക്കുമ്പോൾ അവർ അതിനെ അനുകൂലിക്കുകയും ചെയ്യും. ഏതെങ്കിലുമൊരു സഭാശുശ്രൂഷകൻ സഭകൾ സന്ദർശിച്ച് ജനങ്ങളെ ഉണർവുള്ളവരാക്കുവാൻ ശ്രമിച്ചാൽ അദ്ദേഹം തീരെ അറിയപ്പെടാത്ത ഒരുവനാണെങ്കിൽ അദ്ദേഹത്തിനെതിരായി സംസാരിക്കുവാൻ ആളുകൾ ഭയപ്പെടുകയില്ല. എന്നാൽ ഈ മനുഷ്യനെപ്പറ്റി പൊതുജനങ്ങൾക്കു മതിപ്പുണ്ടാകുമ്പോൾ അദ്ദേഹത്തിന്റെ ഉറ്റ സുഹൃത്തുക്കളാണ് തങ്ങളെന്ന് ആളുകൾ അവകാശപ്പെടും. യേശു ക്രൂശുമരണത്തെ അഭിമുഖീകരിക്കുന്നതിനുമുമ്പ് അദ്ദേഹത്തിനു ഭേദപ്പെട്ട ജനസ്വാധീനമുണ്ടായിരുന്നു. അതിനാൽ ആളുകൾ തെരുവീഥിയിലൂടെ അദ്ദേഹത്തിനു ഹോശന്നാപാടിക്കൊണ്ട് അദ്ദേഹത്തെ പിന്തുടർന്നു. എങ്കിലും യേശുവിനെ അറസ്റ്റു ചെയ്ത ശേഷം ഇതേ ആളുകൾ തന്നെ അവനെ ക്രൂശിക്ക, ക്രൂശിക്ക എന്നാർത്തു വിളിച്ചു.

ഒരു വ്യക്തി ആളുകൾക്കിടയിൽ നിന്ദിതനാകുമ്പോൾ ജനവികാരമനുസരിച്ച് ആളുകൾ പെരുമാറും. എന്നാൽ ആ വ്യക്തി തന്നെ ബഹുമാനിതനാകുമ്പോൾ ജനവികാരം പോലെ അവരുടെ പെരുമാറ്റവും മാറും. ഈ നിയമത്തിന് ഒരു വ്യത്യാസമേയുള്ളൂ. ഒരാളോടുള്ള എതിർപ്പ് മനസ്സിൽ വേരൂന്നിക്കഴിഞ്ഞാലും പഴയ അഭിപ്രായം മാറ്റുന്നത് കുറച്ചിലാകുമല്ലോ എന്നു കരുതി ആളുകൾ മൗനമവലംബിച്ചേക്കാം. എന്നാലും മറ്റൊരവസരം ലഭിക്കുമ്പോൾ അവരുടെ ശത്രുതാവികാരം ആളിക്കത്തുവാനിടയാകും.

പലപ്പോഴും സഭയിൽ ഒരുണർവാരംഭിക്കുമ്പോൾ സഭാംഗങ്ങളിൽ ഒരു കൂട്ടർ അതിനെ എതിർക്കും. ഇത്തരം കാര്യങ്ങൾ സഭയിൽ വ്യാപകമായിത്തീരുന്നത് അവർക്കിഷ്ടമല്ല. ആവശ്യത്തിലധികം ഒച്ചപ്പാടുണ്ടാകുന്നതുതന്നെ ആളുകൾക്കു ഭയമാണ്. എങ്കിലും ഉണർവിന്റെ പ്രവർത്തനം





പുരോഗമിച്ചുകഴിഞ്ഞാൽ അവർ പൊതുജനമനോഭാവത്തിനോടിണങ്ങിച്ചേരുന്നു. പിന്നീട് ഉണർവ്വ് അവസാനിക്കുകയും സഭ വീണ്ടും തണുപ്പിലേക്കു മടങ്ങുകയും ചെയ്യുമ്പോൾ അവരുടെ എതിർപ്പ് പുനർജീവിക്കുന്നതായി നാം കാണും. അവസാനം തങ്ങൾ വളരെ ഇഷ്ടപ്പെട്ട ഉണർവ്വിനെത്തന്നെ വിമർശിക്കുവാൻ അവർ സഭയെ പ്രേരിപ്പിക്കയും ചെയ്യും.

മിഷനറിമാരെ വിദേശത്തേക്കയയ്ക്കുന്ന കാര്യത്തിലും ഇതു സത്യമാണ്. മിഷൻ പ്രവർത്തനത്തിന് അപകീർത്തിവരുത്തുന്ന എന്തെങ്കിലും സംഭവിച്ചാൽ ഇത്തരം യാഥാസ്ഥിതികന്മാർ മിഷൻ പ്രവർത്തനത്തിന്റെ എതിർചേരിയിലേക്ക് കാലുമാറുന്നതായി നമുക്കു കാണാൻ കഴിയും.

**മാനുഷഭയം**

ക്രൈസ്തവജീവിതത്തെ മെച്ചപ്പെടുത്തുവാനുള്ള വല്ല മർമ്മവും നിർദ്ദേശിക്കപ്പെടുമ്പോൾ പൊതുജനാഭിപ്രായത്തെ സ്നേഹിക്കുന്ന മനുഷ്യർ ആളുകൾക്ക് അനിഷ്ടമുളവാക്കുന്നതൊന്നും ചെയ്യാതിരിക്കുവാൻ വളരെ ജാഗ്രത കാണിക്കും. ഇത് എവിടെയും കാണുന്ന പതിവാണ്. മറ്റു സഭകൾ ഇതിനെപ്പറ്റി എന്തുചിന്തിക്കും എന്നാണവരുടെ ചോദ്യം. അഭക്തരായ മനുഷ്യരുടെയും സഭകളുടെയും നോട്ടത്തിൽ തങ്ങളുടെ സഭയ്ക്കോ സഭാശുശ്രൂഷകനോ നിന്ദസഹിക്കേണ്ടി വന്നാൽ അതിനെപ്പറ്റി അവർ വല്ലാതെ വ്യാകുലചിത്തരായിത്തീരും. ആ കാര്യം എത്ര വലിയ നന്മ വരുത്തുന്നു. എത്ര ആത്മാക്കളെ രക്ഷയിലേക്കു നയിക്കുന്നു എന്നീ കാര്യങ്ങളൊന്നും അവർ ചിന്തിക്കുകയില്ല. തങ്ങളുടെ ബഹുമാന്യതയെ ബാധിക്കുന്നതൊന്നും ചെയ്യരുതെന്നാണ് അവരുടെ ശാഠ്യം.

പൊതുജനാഭിപ്രായം വഴിതെറ്റിപ്പോകുന്ന ഘട്ടങ്ങളിൽ അതിനെ തിരുത്തി ശരിയായ പാതയിലേക്കു കൊണ്ടുവരുവാനാണ് ദൈവത്തെയും മനുഷ്യരെയും യഥാർത്ഥമായി സ്നേഹിക്കുന്നവർ ആഗ്രഹിക്കുന്നത്. ഈ ലോകത്തെ നല്ല വഴിയിലേക്കു തിരിക്കുവാനും ഭൂമിയിൽനിന്ന് അനീതിയെ നീക്കിക്കളയുവാനും തിന്മകൾ കണ്ടെത്തി പരിഹരിക്കുവാനും അവർ മുഴുഹൃദയത്തോടും പരിശ്രമിക്കുന്നു. എന്നാൽ മറ്റേ കൂട്ടരാകട്ടെ, പൊതുജനാഭിപ്രായത്തെ അതായിരിക്കുന്ന നിലയിൽത്തന്നെ പിന്തുടരുന്നവരാണ്. പൊതുജനാഭിപ്രായത്തിന്റെ വേലിയേറ്റത്തെ ചെറുക്കുവാനും അതിനെ മറ്റൊരു വഴിക്കു നയിക്കുവാനും ശ്രമിക്കുന്ന ഏതൊരുവനെയും വിവരം കെട്ടവനെന്നു മുദ്ര കുത്തുവാൻ അവർ സന്നദ്ധരാണ്.

**ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നുവെച്ചാൽ എല്ലാ കാര്യങ്ങളിലും ദൈവികാധികാരത്താൽ ഭരിക്കപ്പെടുന്നവനാകുകയും അതേ സമയം ഏതെങ്കിലും ആശകളുടെയോ ഭയങ്ങളുടേയോ കീഴിൽ ജീവിക്കുകയും ചെയ്യുകയല്ല; നേരെമറിച്ച് നിങ്ങളെത്തന്നെ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പണം ചെയ്ത ഒരു ജീവിതം നയിക്കുകയാണത്. ഒരു ക്രിസ്ത്യാനിയാകുവാൻ നിങ്ങൾ തീരുമാനിക്കുന്നപക്ഷം അതിനു കൊടുക്കേണ്ട വില നിങ്ങൾ കണക്കാക്കി നോക്കണം.**

വാസ്തവത്തിൽ കേവലം കപടഭക്തിമാത്രമായിരിക്കുന്ന ചില കാര്യങ്ങളെ ദൈവഭക്തിയെന്ന് ആളുകൾ വേഗം തന്നെ വിശ്വസിക്കുന്നു. ഇക്കൂട്ടർ പുറമേ ഭക്തിയെന്നു ഗണിക്കപ്പെടുന്ന കാര്യങ്ങൾ ചെയ്യുകയും അതി

ലൂടെ വിശുദ്ധരെന്ന ബഹുമതിക്കു തങ്ങൾ യോഗ്യരെന്നു കരുതുകയും ചെയ്യുന്നു. എന്നാൽ ദുഷിച്ച പൊള്ള യായ ലക്ഷ്യങ്ങളാണ് അവരെ ഭരിക്കു ന്നത്. ആ ലക്ഷ്യങ്ങളിലൊന്നുപോലും ദൈവികാധികാരത്തെക്കുറിച്ചുള്ള ബഹുമതിയിൽ നിന്ന് ഉണ്ടായിട്ടുള്ളത ല്ല. പൊതുജനാഭിപ്രായം പിന്താങ്ങുന്ന കാര്യങ്ങളൊഴിച്ച് ഒന്നും അവർ ചെയ്യാ തിരിക്കുന്നതിൽ നിന്ന് ആ കാര്യം വ്യക്തമായിത്തീരുന്നു. നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും ദൈവത്തെ അനുസരിക്കുന്ന മാർഗ്ഗത്തിലല്ലെങ്കിൽ നിങ്ങൾക്കുണ്ടെന്നു നിങ്ങൾ അവകാ ശപ്പെടുന്ന ദൈവഭക്തി ദൈവത്തിനെ തിരായുള്ള പാപമാണ്.

പൊതുജനാഭിപ്രായം, അപമാന ഭയം എന്നിവ നിങ്ങളെ തടഞ്ഞിരുന്നി ല്ലെങ്കിൽ നിങ്ങളിലെത്ര പേർ നഗ്നമായ പാപത്തിൽ വീഴാതെ രക്ഷപ്പെടുമായി രുന്നു? സൽഗുണ സമ്പന്നനെന്ന ബഹുമതി നേടുകയല്ലേ നിങ്ങളുടെ സൽക്കർമ്മങ്ങളുടെ പ്രേരകശക്തി? മനുഷ്യരുടെ മുമ്പിൽ ബഹുമതി നേടു ന്നതിനുവേണ്ടി നിങ്ങൾ ആ നല്ല കാര്യ ങ്ങളെല്ലാം ചെയ്യുന്നു. ഈ വഴിയി ലൂടെ ദൈവത്തിൽ നിന്നുള്ള ബഹു മതി നിങ്ങൾക്കു ലഭിക്കുമോ? അതിൽ നൈരാശ്യം മാത്രമേ നിങ്ങൾക്കുണ്ടാ വുകയുള്ളൂ. ഇത്തരം കപടഭക്തിയുടെ പ്രതിഫലം നിത്യനാശം മാത്രമാണെ ന്നോർക്കുക.

നിങ്ങളിൽ ആര് ബൈബിളിനെ തന്റെ ജീവിതപ്രമാണമായും യേശുക്രി സ്തുവിനെ ജീവിതദൃഷ്ടാന്തമായും സ്വീകരിക്കയും മനുഷ്യൻ എന്തു പറ ഞ്ഞാലും ചിന്തിച്ചാലും യഥാർത്ഥ ത്തിൽ ശരിയായതു പ്രവർത്തിക്കു കയും ചെയ്യും? ഈയൊരടിസ്ഥാനം സ്വീകരിക്കുവാൻ സന്നദ്ധനല്ലാത്ത ഏതൊരുവനും മനുഷ്യരുടെ പ്രശം സയെ ദൈവികപ്രശംസയെക്കാള ധികം സ്നേഹിക്കുന്നുവെന്നതിനു സംശയമില്ല.

ഒരു ക്രിസ്ത്യാനിയായിത്തീരുക എന്നുവെച്ചാൽ എല്ലാ കാര്യങ്ങളിലും ദൈവികാധികാരത്താൽ ഭരിക്കപ്പെടു ന്നവനാകുകയും അതേ സമയം ഏതെ ങ്കിലും ആശകളുടെയോ ഭയങ്ങളു ടേയോ കീഴിൽ ജീവിക്കുകയും ചെയ്യു കയല്ല; നേരേമറിച്ച് നിങ്ങളെത്തന്നെ ദൈവത്തിനു സമ്പൂർണ്ണമായി സമർപ്പണം ചെയ്ത ഒരു ജീവിതം നയിക്കുകയാണത്. ഒരു ക്രിസ്ത്യാനി യാകുവാൻ നിങ്ങൾ തീരുമാനിക്കുന്ന പക്ഷം അതിനു കൊടുക്കേണ്ട വില നിങ്ങൾ കണക്കാക്കി നോക്കണം. ഞാൻ പൊള്ളവാക്കു പറഞ്ഞ് നിങ്ങളെ പ്രശംസിക്കുകയില്ല. സത്യം മറച്ചുവച്ചിട്ട് മതഭക്തിയുടെ പരിവേഷ ത്തിൽ ജീവിക്കുവാൻ ഞാൻ നിങ്ങളെ പ്രേരിപ്പിക്കുകയില്ല. നിങ്ങൾ മുഴുവ നായി നിങ്ങളെത്തന്നെ ക്രിസ്തുവിന് സമർപ്പിക്കണം. പൊതുജനാഭിപ്രായ ത്തിന്റെ അലകളിലൂടെ അലഞ്ഞ ലഞ്ഞ് സ്വർഗ്ഗത്തിലെത്തുവാൻ ഒരു കാലത്തും നിങ്ങൾക്കു സാധിക്കുകയി ല്ല.

ദൈവത്തിന്റെ പക്ഷത്ത് ആര് നിൽക്കും? ഞാൻ ഒരിക്കലും തിന്മ ചെയ്കയില്ലെന്നും എല്ലാ കാര്യങ്ങ ളിലും ഞാൻ ദൈവഹിതം ചെയ്‌വാൻ തീരുമാനിക്കുന്നുവെന്നും ആര് പറയും? ലോകം തനിക്കിഷ്ടമുള്ള തെന്തും പറയട്ടെ. എന്തുവന്നാലും ഇതു ചെയ്യുവാൻ നിങ്ങൾ സന്നദ്ധനെ ങ്കിൽ ഇപ്പോൾ ദൈവമുമ്പാകെ മുട്ടു കുത്തി എല്ലാറ്റിലും ദൈവത്തെ അനു സരിക്കുവാൻ ദൈവവുമായി നിങ്ങൾ ചെയ്യുന്ന ഈ ഉടമ്പടി അംഗീകരിക്കു വാൻ ദൈവത്തോടു പ്രാർത്ഥിക്കുക.

(അവസാനിച്ചു)

മൊഴിമാറ്റം:

സാം വർഗീസ്,മുംബൈ.





(പേജ് 21ൽ നിന്നു തുടർച്ച)

തിലല്ല, ഞങ്ങളെ രക്ഷിക്കുന്നതിലത്രേ അങ്ങു മഹത്വം കണ്ടത്. അതുകൊണ്ട് പാപം പെരുകിയിടത്തു, മരണമല്ല, കൃപയത്രേ അത്യന്തം പെരുകിയത്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ആർക്കും ഞങ്ങളെ സഹായിക്കാൻ കഴിയാതവണ്ണം ഞങ്ങൾ പാപത്തിൽ മുങ്ങിയപ്പോൾ “ഇതാ ഞാൻ വരുന്നു” എന്ന് അവിടുന്നു പറഞ്ഞു! അങ്ങനെ ജീവനായകൻ, മരിക്കാൻ കഴിയാത്ത വൻ, ഞങ്ങൾക്കുവേണ്ടി മരണം ആസ്വ ദിച്ചുഅവിടുന്നു ജഡം ധരിച്ചു, കണ്ണു നീർ വാർത്തു, ശത്രുക്കൾക്കുവേണ്ടി മരിച്ചു. അന്നും ഇന്നും അങ്ങയെ നിന്ദി ക്കുന്ന, ശത്രുക്കളായ ഞങ്ങൾക്കു വേണ്ടി അവിടുന്നു ക്രൂശിൽ മരിച്ചു.

വാഴ്ത്തപ്പെട്ട രക്ഷകാ! ഏറിയ വെള്ളങ്ങൾക്ക് അവിടുത്തെ സ്നേഹാ ഗ്നിയെ കെടുത്തുവാൻ കഴിയുകയില്ല. ഒരു അഗാധഗർത്തത്തിനും ആ സ്നേഹത്തെ മൂടി വയ്ക്കാൻ കഴിയു കയില്ല. അവിടുത്തെ ജീവിതം അന്ധ കാരത്തിലും ശവക്കുഴിയിലും പാതാ ളത്തിലുംകൂടി കടക്കേണ്ടി വന്നെ ങ്കിലും ഈ പോരാട്ടങ്ങളിലൂടെ, വിപ ത്തുകളിലൂടെ കടന്ന് അവിടുന്നു ജയാ ളിയായി ഉയിർത്തല്ലോ. ആ ഉയിർപ്പി ലൂടെ ഞങ്ങളെയും ജയാളികളാക്കിയ ല്ലോ.

അവിടുത്തെ സ്നേഹം അവി ടെയും നിൽക്കുന്നില്ലല്ലോ. അവി ടുത്തെ സമൃദ്ധമായ സമാധാനത്തി ന്റെയും നിറപ്പിന്റെയും വചനങ്ങൾ അങ്ങ് ഇടിമിന്നലുകളെയോ ദൂതന്മാ രെയോ ഭരമേൽപിക്കാതെ പാപികളും ഭോഷന്മാരുമായ മനുഷ്യരെയാണല്ലോ ഏൽപിച്ചത്. പാപിയായ എന്റെ പാപ ങ്ങൾ ക്ഷമിച്ച് അവിടുത്തെ ദിവ്യ സ്നേഹം മറ്റുള്ളവരിൽ നിറയ്ക്കുവാ നായി എന്നെ നിയോഗിച്ചിരിക്കുന്നുവ ല്ലോ.

ആകാശത്തിന്റെയും ഭൂമിയു ടെയും ദൈവം വാഴ്ത്തപ്പെടു മാറാകട്ടെ! അവൻ അത്ഭുതകരമായ കാര്യങ്ങൾ മാത്രം ചെയ്യുന്നു. വീണയും കിന്നരവുമേ ഉണരുവിൻ! എന്റെ സകല ശക്തിയുമുപയോഗിച്ചു ഞാൻ അങ്ങയെ മഹത്വപ്പെടുത്തട്ടെ. ഞങ്ങൾ അങ്ങയെ സ്തുതിക്കു ന്നു,വാഴ്ത്തുന്നു, അവിടുത്തെ നാമം എന്നേക്കും മഹിമപ്പെടട്ടെ! ഇപ്പോൾ കർത്താവേ, അവിടുത്തെ ജയശക്തി യാൽ, അവിടുത്തെ പ്രമാണങ്ങളുടെ വഴിയിൽ, അവിടുത്തെ സ്നേഹ ത്തിന്റെ സത്യവെളിച്ചത്തിൽ ഞങ്ങൾ അവിടുത്തെ മുമ്പാകെ നിൽക്കുമ്പോൾ അവിടുത്തെ വച നത്തെ വാഴ്ത്തേണമേ. ഓ.... ആ വച നത്തെ ശക്തിയുടെയും സമാധാനത്തി ന്റെയും വചനമാക്കേണമേ. അങ്ങ യുടെ വകയായിട്ടില്ലാത്തവർ മാനസാ ന്തരപ്പെടേണ്ടതിനും അങ്ങയുടെ മക്കൾ യഥാസ്ഥാനപ്പെടേണ്ടതിനും വചനം അയയ്ക്കേണമേ. അവിടുത്തെ ദിവ്യമധുരസ്നേഹം നിർബാധം ഒഴു കുന്നതിനെ ഞങ്ങളുടെ അയോഗ്യ മായ ഭോഷത്തം നിറഞ്ഞ ഹൃദയങ്ങൾ തടയാതിരിക്കട്ടെ. ഞങ്ങളുടെ പാപ ങ്ങൾ പൊറുത്ത് അവിടുന്നു തുടങ്ങിയ പ്രവൃത്തി പൂർണ്ണമാക്കേണമേ.

കർത്താവേ, കേൾക്കേണമേ, ഓ, കർത്താവേ, ക്ഷമിക്കേണമേ! അതേ കർത്താവേ, അവിടുത്തേ വാഴ്ത്തപ്പെട്ട പുത്രൻ നിമിത്തം ചെവി ചായിച്ച് ഈ പ്രാർത്ഥന ശ്രദ്ധിക്കേണമേ! ആമേൻ!!

(കടപ്പാട്: All the saints adore Thee- Bruce Shelly)

സമ്പാദകൻ:- **മാത്യു ജോർജ്**

## എഡിറ്റോറിയൽ തുടർച്ച..................

രുന്നോ? ഞാൻ കണ്ടില്ലല്ലോ."

അയാൾ പറഞ്ഞതു ശരിയായിരുന്നു. കാരണം നടത്തത്തിനിടയിൽ വിളക്ക് എപ്പോഴേ അണഞ്ഞുപോയിരുന്നു. അന്ധൻ അന്ധനായിരുന്നതുകൊണ്ട് അത് അറിഞ്ഞില്ലെന്നു മാത്രം.

ആരെങ്കിലും ജീവിതയാത്രയ്ക്കിടയിൽ നമ്മെ വന്നുമുട്ടുമ്പോൾ നമുക്കു നമ്മുടെ ന്യായങ്ങൾ ഉണ്ട്.:"എനിക്കെന്റെ പരിമിതികളുണ്ടായിട്ടും താങ്കളെ കരുതി ഞാനെന്തെല്ലാം മുൻകരുതലുകളെടുത്തു. എന്നിട്ടും താങ്കൾ എന്നെ വന്നു മുട്ടിയല്ലോ സുഹൃത്തേ."എന്നാൽ വാസ്തവം എന്താണ്? നമ്മുടെ അയാളോടുള്ള സ്നേഹത്തിന്റെ, കരുതലിന്റെ, വിളക്ക് എപ്പോഴോ അണഞ്ഞുപോയി. നാം അതിനെക്കുറിച്ച് അന്ധനായിരുന്നു!

ചിന്തകളിൽ നമുക്കു നമ്മുടെ പക്ഷം പിടിക്കാതിരിക്കാം. മറ്റുള്ളവരെ കുറ്റപ്പെടുത്താൻ ധൈര്യപ്പെടാതിരിക്കാം. കാരണം വീഴ്ച നമ്മുടെ ഭാഗത്തായിരുന്നിരിക്കാം.

ഉവ്വ്, ചിന്തകളിൽ താഴ്മ വിതെച്ചാൽ നമുക്കുവേണ്ടി ദാസനായ ക്രിസ്തുവിന്റെ ജീവനിലുള്ള കൊയ്ത്ത് നമ്മുടെതായിരിക്കും.

# കുരിശിന്റെ ഭാരം

**ജീ**വിതത്തിൽ തനിക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന കുരിശുകളെക്കുറിച്ച് പരാതിയുള്ള ഒരു സഹോദരി ഉണ്ടായിരുന്നു. ഒരു രാത്രി സ്വപ്നത്തിൽ അവളുടെ അടുത്ത് ഒരു ദൂതൻ വന്നിട്ട് ഇപ്രകാരം പറഞ്ഞു: "നിന്റെ കുരിശിന് ഭാരം കൂടുതലാണെന്ന പരാതി പരിഹരിക്കാനാണ് ദൈവമെന്നെ അയച്ചിരിക്കുന്നത്. ഇവിടെയിതാ വ്യത്യസ്തവലിപ്പത്തിലുള്ള ധാരാളം കുരിശുകൾ കൂട്ടി വച്ചിരിക്കുന്നു. നിന്റെ കുരിശ് ഇവിടെ വച്ചിട്ട് ഈ കൂട്ടത്തിൽനിന്ന് നിനക്കിഷ്ടമുള്ളത് എടുക്കാം."

അവൾക്കു സന്തോഷമായി. തന്റെ കുരിശ് ആ കൂട്ടത്തിൽ വച്ച ശേഷം അവൾ ഒരു ചെറിയ സ്വർണ്ണകുരിശെടുത്തു. പക്ഷേ സ്വർണ്ണം ഭാരമുള്ള ലോഹമായതിനാൽ ആ കുരിശിനും ഭാരം കൂടുതലായിരുന്നു അതുകൊണ്ട് അത് അവൾ അവിടെ വച്ച ശേഷം റോസപ്പൂക്കൾ കൊണ്ട് അലങ്കരിച്ച ഒരു കുരിശെടുത്തു. എന്നാൽ പൂക്കൾക്കിടയിലെ റോസാമുള്ളുകൾ അവളെ വേദനിപ്പിച്ചു. അവൾ അതും അവിടെ വച്ചശേഷം പല കുരിശുകൾ മാറി മാറി പരീക്ഷിച്ചു. ഒടുവിൽ എല്ലാം കൊണ്ടും അവൾക്കിണങ്ങുന്ന ഒരു കുരിശു കിട്ടി. എന്നാൽ അവൾ സൂക്ഷിച്ചു നോക്കിയപ്പോൾ താൻ വെച്ച തന്റെ പഴയ കുരിശായിരുന്നു അത്!

അവൾ സ്വപ്നത്തിൽനിന്നു ഞെട്ടിയുണർന്നു. പിന്നീടൊരിക്കലും അവൾ തന്റെ കുരിശിനെപ്പറ്റി പരാതിപ്പെട്ടിട്ടില്ല.





( പേജ് 12ൽ നിന്നു തുടർച്ച)

ക്രിസ്തു കഷ്ടതയനുഭവിച്ചപ്പോൾ നിങ്ങൾ തന്റെ കാൽച്ചുവടുകൾ പിൻതുടരുവാനായി തന്റെവ്യക്തിപരമായ ദൃഷ്ടാന്തം അവിടുന്നു നൽകിയിട്ടുണ്ട്. പരിഹാസവും നിന്ദയും അനുഭവിച്ചപ്പോൾ അവിടുന്ന് പ്രതികാരഭീഷണിയൊന്നും മുഴക്കിയില്ല. എന്നാൽ എല്ലാം ന്യായമായി വിധിക്കുന്നവന്റെ കൈയിൽ തന്നെത്തന്നെയും എല്ലാറ്റിനെയും അവിടുന്നു സമർപ്പിച്ചു." (1 പത്രോ. 2:20, 23)

യേശുവിന്റെ താഴ്മ മറ്റാരെയും വിധിക്കുവാൻതന്നെ അനുവദിച്ചില്ല. ദൈവംമാത്രമാണ് എല്ലാ മനുഷ്യരുടെയും വിധികർത്താവ്, വിധിക്കുവാൻ ആരെങ്കിലും ഒരുമ്പെടുമ്പോൾ, ദൈവത്തിനുമാത്രം അവകാശമുള്ള സ്ഥാനത്തേക്കാണ് അവൻ തന്നെത്തന്നെ ഉയർത്തുന്നത്. ഭൂമിയിലെ ഒരു സാധാരണ മനുഷ്യൻ എന്ന നിലയിൽ "ഞാൻ ആരെയും വിധിക്കുന്നില്ല" എന്ന് യേശു പറഞ്ഞു. (യോഹ 8:15)അവിടുന്നു ന്യായവിധിയെല്ലാം തന്റെ പിതാവിന്റെ കൈയിൽ ഏൽപിച്ചുകൊടുത്തു. ഇവിടെയും അവിടുത്തെ താഴ്മയുടെ മഹത്വമാണ് നാം കാണുന്നത്.

തന്റെ പിതാവ് തനിക്കായി ക്രമീകരിച്ചിരുന്ന നിന്ദ്യമായ മരണത്തിനും യേശു സ്വമേധയാ കീഴ്പ്പെട്ടു. തന്റെ ക്രൂശുമരണം ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്ത മാനുഷിക ഉപകരണങ്ങൾക്കു പിന്നിൽ യേശു തന്റെ പിതാവിന്റെ കരം കണ്ടെത്തുകയും പിതാവു നൽകിയ പാനപാത്രം മനസ്സോടെ കുടിക്കുകയും ചെയ്തു. (യോഹ 18:11)

"മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി 2:8)

ഇതാണ് ദൈവവചനത്തിൽ കാണപ്പെടുന്ന യഥാർത്ഥയേശുവിന്റെ ജീവിതം. ഇക്കാലത്തെ സുവിശേഷകന്മാരെപ്പോലെ, ഒരു പ്രസിദ്ധവ്യക്തിയോ, സിനിമാ താരമോ എന്ന മട്ടിൽ തനിക്ക് ബഹുമതിയൊന്നും ലഭിച്ചില്ല. നേരേമറിച്ച് മനുഷ്യരാൽ താൻ നിന്ദിതനും പരിത്യക്തനും ആയിരുന്നു. ഇന്നത്തെ ലോകവും വ്യത്യസ്തമല്ല. ശിഷ്യൻ ഗുരുവിനു മീതെയുമല്ല. ജനസമ്മതിയും ലോകത്തിന്റെ ബഹുമതിയും നേടുന്ന ഒരു ക്രിസ്തീയത യഥാർത്ഥവിശ്വാസത്തിന്റെ ഒരു വ്യാജാനുകരണമാണ്. യേശുക്രിസ്തുവിന്റെ ജനനം മുതൽ മരണംവരെയുള്ള ജീവിതം വെളിവാകുന്ന ഒരു വസ്തുത മനുഷ്യരുടെ ഇടയിൽ ഉന്നതമായതു ദൈവത്തിന്റെ മുമ്പാകെ അറപ്പത്രേ." എന്നതാണ് (ലൂക്കോ 16:15)

യേശു പറഞ്ഞു "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ... എന്നിൽനിന്നു പഠിപ്പിൻ" (മത്താ 11:29) യേശു തന്റെ ശിഷ്യന്മാരോട് തന്നിൽ നിന്നു പഠിക്കുവാൻ ആവശ്യപ്പെട്ട ഒരേ ഒരു കാര്യം ഇതായിരുന്നു. ഇതു തന്നെയാണ് നാമും അവിടുത്തെ ജീവിതത്തിൽനിന്നും പഠിക്കേണ്ടത്.



# കുരിശും കഠാരയും

ഡേവിഡ് വിൽക്കേഴ്സൺ

## അദ്ധ്യായം–16

*കഥ ഇതുവരെ*

*അമേരിക്കയിൽ ഫിൽസ്ബർഗ്ഗിലെ ചെറിയ ഒരു സഭയുടെ ശുശ്രൂഷകനായിരുന്നു ഡേവിഡ് വിൽക്കേഴ്സൺ. അദ്ദേഹം തന്റെ ടി.വി. വിറ്റ് രാത്രിയിൽ ടി.വി. കാണുന്ന സമയം പ്രാർത്ഥനയ്ക്കായി എടുക്കാൻ തുടങ്ങി. അങ്ങനെ പ്രാർത്ഥിക്കുന്ന ഒരു രാത്രി ലൈഫ് മാസികയിലെ ഒരു ചിത്രം കാണാനിടയായി. ന്യൂയോർക്കിലെ കൗമാരക്കാരുടെ അധോലോകസംഘമായ ഡ്രാഗണിലെ അംഗങ്ങളായ ഏഴുകുട്ടികളുടെ ചിത്രമായിരുന്നു അത്. അവർ മൈക്കൽഫാർമാർ എന്നൊരു കുട്ടിയെ മൃഗീയമായി കൊലപ്പെടുത്തിയതിന് ന്യൂയോർക്കിൽ കൊലക്കേസ് വിചാരണയെ നേരിടുകയാണ്. ഈ കുട്ടികളെ സഹായിക്കാൻ ന്യൂയോർക്കിൽ പോകണമെന്ന ഭാരം വിൽക്കേഴ്സണ് അനുഭവപ്പെട്ടു. അദ്ദേഹം അടുത്ത ദിവസം ന്യൂയോർക്കിലേക്ക് യാത്രയായി. അവിടെ മൈക്കൽ ഫാർമർ കേസ് വിചാരണചെയ്യുന്ന കോടതിയിൽ അവർ കുട്ടികളെ കാണാനെത്തി. വിൽക്കേഴ്സൺ കുട്ടികളെ സഹായിക്കാനുള്ള വ്യഗ്രതയിൽ അവിടെ കോടതിനടപടികളിൽ ഇടപെട്ടു. കോടതിയിൽനിന്നു പുറത്താക്കപ്പെട്ടു. പരിഹാസപാത്രമായ വിൽക്കേഴ്സണിന്റെ പടവും വാർത്തയും മാധ്യമങ്ങളിലെല്ലാം വന്നു. എന്നാൽ ഒരാഴ്ചയ്ക്കുശേഷം അദ്ദേഹം വീണ്ടും ന്യൂയോർക്കിലേക്കു പോയി. അവിടെ കൗമാരക്കാരുടെ രണ്ടു തെരുവുസംഘങ്ങളെ പരിചയപ്പെട്ടു. തെരുവുകുട്ടികൾക്കുവേണ്ടി ഒരു യോഗം ക്രമീകരിക്കുന്നു. യോഗത്തിന്റെ അവസാനരാത്രി വന്ന മൗമൗ സംഘക്കാരെ പരിശുദ്ധാത്മാവ് സ്പർശിച്ചു. അവരുടെ പ്രസിഡന്റ് യിസ്രായേലും വൈസ്പ്രസിഡന്റ് നിക്കിയും ഉൾപ്പെടെ പലരും മാനസാന്തരപ്പെട്ടു. നിക്കി പ്രേഷിതവൃത്തിക്കായി സ്വയം സമർപ്പിച്ചു. ഇതിനിടെ ഇസ്രായേൽ വീണ്ടും ജയിലിലായി. ദൈവനിയോഗപ്രകാരം വിൽക്കേഴ്സൺ സഭാശുശ്രൂഷ മതിയാക്കി ന്യൂയോർക്കിലെത്തി ടീനേജ് ഇവാൻജലിസത്തിനു തുടക്കം കുറിച്ചു. ക്ലിന്റൻ അവന്യൂയിൽ ഒരു പുതിയ സെന്റർ ആരംഭിച്ചു. അവിടേക്ക് ഇരുപത് സന്നദ്ധഭടന്മാർ സേവനത്തിനെത്തി....... തുടർന്നു വായിക്കുക*

**ഞ**ങ്ങളുടെ സദ്ധഭടന്മാർ താമസം ആരംഭിച്ച് ഒന്നു സ്വസ്ഥമായപ്പോൾ ഞാൻ എല്ലാവരെയും ടീൻ ഏജ് സെന്ററിലെ ചാപ്പലിൽ കൊയ്തു കെട്ടിവച്ച കറ്റയുടെ കലാശില്പത്തിനു മുമ്പിൽ കൂട്ടി വരുത്തി ന്യൂയോർക്കിലെ അന്യോന്യം പോരാടുന്ന കൗമാരസംഘങ്ങളെക്കുറിച്ച് എനിക്കറിയാവുന്നതെല്ലാം അവരോടു പങ്കിട്ടു:

"ഈ സംഘങ്ങളെക്കുറിച്ചു പറയുമ്പോൾ ഉപയോഗിക്കാവുന്ന താക്കോൽ വാക്ക് 'അക്രമം' എന്നതാണ്. പോരാട്ടത്തിലോ, ബലാൽക്കാരത്തിലോ. തെരുവുകൊലപാതകങ്ങളിലോ, തലയ്ക്കടിച്ചു പഴ്സ് മോഷണത്തിലോ മരണം സംഭവിക്കുമ്പോൾ ഈ വാക്ക് അതിനെക്കുറിച്ചു നേരേ തന്നെ ഉപയോഗിക്കാം. എന്നാൽ പീഡനം, സ്വവർഗ്ഗരതി, ലഹരിമരുന്ന് ഉപയോഗം, മദ്യപാനം തുടങ്ങിയ കാര്യങ്ങളിൽ ഈ വാക്ക് പരോക്ഷമായി ഉപയോഗിക്കാം. ന്യൂയോർക്കിലെ അടിച്ചുപൊളി സംഘത്തിൽ ഈ മോശപ്പെട്ട കാര്യങ്ങളാണ് അവിടുത്തെ അംഗീകൃത പ്രമാണം. അല്ലാതെ ഇവ അപവാദങ്ങളല്ല."

ഈ ദയനീയമായ സ്ഥിതിവിശേഷത്തിലേക്ക് ഈ സംഘാംഗങ്ങളെ നയിച്ച യഥാർത്ഥ കാരണം ഞങ്ങളുടെ യുവസന്നദ്ധ ഭടർ അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണെന്നു ഞാൻ കരുതി. അതുകൊണ്ട് ഞാൻ ഇങ്ങനെ പറഞ്ഞു തുടങ്ങി. "ഞങ്ങൾ സുവിശേഷ പ്രസംഗകർ ചില വാക്കുകൾ അൽപം പൊതിഞ്ഞു പറയാറുണ്ട്. എന്നാൽ നമ്മുടെ ചില പ്രയോഗങ്ങളുടെ അർത്ഥം ചിന്തിച്ചാൽ ആ അവസ്ഥയെ വിവരിക്കാൻ ആ പദമാണ് ഏറ്റവും അനുയോജ്യമെന്നു മനസ്സിലാകും. ഉദാഹരണത്തിന് 'നഷ്ടപ്പെട്ട പാപികൾ' എന്നു പറയാറുണ്ടല്ലോ. ഈ സംഘാംഗങ്ങളെ കുറിച്ചു ചിന്തിക്കുമ്പോൾ അവർ അക്ഷരാർത്ഥത്തിൽ തന്നെ നഷ്ടപ്പെട്ടവരെപ്പോലെയാണു പെരുമാറുന്നത്. ഭയത്തോടെയാണ് അവർ അലഞ്ഞു നടക്കുന്നത്. എല്ലാം നോക്കുന്നതു സംശയത്തോടെയും. അപ്രതീക്ഷിതമായ അപകടങ്ങളെ നേരിടാൻ അവർ ആയുധവുമായാണു നടക്കുന്നത്. പെട്ടെന്ന് എന്തെങ്കിലും ആക്രമണം ഉണ്ടായാൽ ഓടിരക്ഷപ്പെടാനോ തിരിഞ്ഞു നിന്നു പോരാടാനോ ഉള്ള തയാറെടുപ്പോടെയാണ് അവരുടെ യാത്രകൾ. ഇങ്ങനെയുള്ള കുട്ടികൾ തങ്ങളുടെ സുരക്ഷിതത്വത്തിനായി സംഘടിക്കുമ്പോഴാണ് അക്രമി സംഘങ്ങൾ ഉണ്ടാകുന്നത്."

തെരുവു കുട്ടികളുമായുള്ള എന്റെ പ്രവർത്തനത്തിൽ ഒരു കാര്യം വ്യക്തമായിരുന്നു.അവർക്കാർക്കും തന്നെ യഥാർത്ഥത്തിൽ സ്വന്തഭവനം എന്നു പറയാവുന്ന ഒന്നുണ്ടായിരുന്നില്ല. 'കാരാഗൃഹം' 'പീഡനസ്ഥലം' എന്നൊക്കെയാണ് വീടിനെക്കുറിച്ചു പറയുമ്പോൾ അവർ ഉപയോഗിക്കുന്ന വാക്കുകൾ. സ്വന്ത അനുഭവത്തിൽ നിന്നു തന്നെ സന്നദ്ധഭടന്മാർ ഈ സാഹചര്യം മനസ്സിലാക്കണമെന്നു ഞാൻ ആഗ്രഹിച്ചു. അതുകൊണ്ട് എനിക്കു പരിചയമുള്ള ഒരു തെരുവു കുട്ടിയുടെ വീട്ടിലേക്കു ഞാനവരെ കൊണ്ടുപോയി.

ഞങ്ങൾ ചെന്നപ്പോൾ വാതിൽ തുറന്നു കിടക്കുകയായിരുന്നു; ആരും വീട്ടിലുണ്ടായിരുന്നില്ല.

"എന്തുകൊണ്ടാണിവർ ഇതിനെ 'പീഡനസ്ഥലം' എന്നു വിളിക്കുന്നത് എന്നു നമുക്കു തന്നെ കണ്ടു മനസ്സിലാക്കാവുന്നതേയുള്ളൂ". മിസ്സൗറിയിൽ നിന്നു വന്ന ഒരു സന്നദ്ധപ്രവർത്തക മെല്ലെ മന്ത്രിച്ചു. അതു ശരിയായിരുന്നു. അഞ്ചംഗങ്ങളുള്ള ഒരു കുടുംബമാണ് ഈ ഒറ്റമുറിയിൽ കഴിയുന്നത്. വെള്ളമില്ല. ഫ്രിഡ്ജില്ല, സ്റ്റൗവില്ല, പകരം വയറുകൾ ഘടിപ്പിച്ച ഒരു ഹോട്ട് പ്ലേറ്റ് മേശ വലിപ്പിനു മീതെ വച്ചിരിക്കുന്നു. ടോയ്ലറ്റില്ല. താഴെ ഹാളിൽ ഒരു മൂലയ്ക്ക് എട്ടു കുടുംബങ്ങൾക്കും കൂടി ഒരു ടോയ്ലറ്റാണുള്ളത്. ആ മുറിയിൽ കാറ്റുകടക്കാൻ വേണ്ട സൗകര്യമില്ലാത്തതിനാൽ എപ്പോഴും ദുർഗന്ധം തങ്ങി നിൽക്കുന്നു. മുറിയിലെ ഒരേയൊരു ജനൽ എട്ടിഞ്ചു വ്യാസത്തിൽ പുറത്തുള്ള ഒരു ഇഷ്ടിക ഭിത്തിയിലേക്കാണു തുറക്കുന്നത്. വെളിച്ചത്തിനു സീലിങ്ങിൽ നിന്നു നാൽപ്പതു വാട്ടിന്റെ ഒരു ബൾബ് നഗ്നമായി തൂങ്ങിക്കിടക്കുന്നു.

"ഈ ഭീകരവീടി'ന് അവർ എത്ര

യാണു വാടക കൊടുക്കുന്നതെന്ന് അറിയാമോ?'' ഞാൻ ചോദിച്ചു: "ആഴ്ചയിൽ ഇരുപതു ഡോളർ. മാസത്തിൽ വരുമ്പോൾ 87 ഡോളർ നൽകണം. ഞാൻ ഒരിക്കൽ കണക്കു കൂട്ടി നോക്കി. വീട്ടുടമയ്ക്ക് ഈ കൊച്ചു മുറിയിൽ നിന്നു പ്രതിവർഷം 900 ഡോളറിലേറെ കിട്ടുന്നു. ഇതു മുഴുവൻ ലാഭമാണ്. ഒരു ചേരി വീടിന്റെ ഉടമയ്ക്ക് വർഷംതോറും 20 ശതമാനം വീതം മടക്കിക്കിട്ടിക്കൊണ്ടിരിക്കുകയാണ്."

"ഇവർക്കിവിടെ നിന്നു മാററുതോ"

''കഴിയില്ല. കാരണം ഒരു നീഗ്രോയ്ക്കോ പ്യൂർട്ടോറിക്കനോ തനിക്കിഷ്ടമുള്ളിടത്ത് താമസിക്കാൻ കഴിയുകയില്ല. ഈ ടൗണിൽ വർണവ്യത്യാസമനുസരിച്ചു താമസസ്ഥലങ്ങളുണ്ട്'': എനിക്കു സമ്മതിക്കേണ്ടി വന്നു.

''അവർക്ക് ഏതെങ്കിലും ഹൗസിങ് പ്രൊജക്ടിലേക്കു മാറാൻ പാടില്ലേ?"

ആ ചോദ്യത്തിനു മറുപടി തേടി ഞങ്ങൾ അവിടെനിന്ന് ഒരു മൈൽ അകലെയുള്ള അപ്പാർട്ടുമെന്റുകളുടെ ഒരു വലിയ കോംപ്ലക്സിലേക്കു കാറിൽ കയറി യാത്രയായി. ന്യൂയോർക്കിലെ ചേരി പ്രശ്നത്തിന്റെ പരിഹാരമാണ് ഇത്തരം ഭവന പദ്ധതികളെന്നു പലരും ചിന്തിക്കുന്നു. ഞങ്ങൾ ചെന്നിറങ്ങുമ്പോൾ നേരത്തെ ഞങ്ങൾ കണ്ടതുപോലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്തു കൂടി ഒരു ബുൾഡോസർ കടന്നു വരികയാണ്. അവ പഴയ കെട്ടിടങ്ങൾ ഇടിച്ചു നിരത്തുന്നു. പുതിയവ ആസ്ഥാനത്ത് നിർമിക്കുന്നു.സൈദ്ധാന്തികമായി പറഞ്ഞാൽ അവിടെയുള്ള പഴയ താമസക്കാരെത്തന്നെയാണു പുതിയ അപ്പാർട്ടുമെന്റുകളിൽ പുനരധിവസിപ്പിക്കേണ്ടത്. എന്നാൽ പ്രായോഗിക തലത്തിൽ കാര്യങ്ങൾ ആ നിലയിൽ പോകുകയില്ല. ആ ഭാഗത്തു താമസിപ്പിച്ചുകൊണ്ടിരുന്ന പച്ചക്കറിക്കട ഉടമ, അഭിഭാഷകൻ, ഡോക്ടർ തുടങ്ങിയവർക്ക് അപ്പാർട്ടുമെന്റുകളുടെ പണി തീർന്നു താമസമാക്കാനായി വേണ്ടിവരുന്ന രണ്ടു വർഷം കാത്തുനിൽക്കാൻ കഴിയുകയില്ല. അവർ വേറെ എങ്ങോട്ടെങ്കിലും മാറുന്നു. ഒടുവിൽ അപ്പാർട്ടുമെന്റുകളുടെ പണി പൂർത്തിയാകുമ്പോൾ ആർക്കാണ് അവ നൽകുന്നത്?— ആവശ്യക്കാരുടെ പട്ടികയിൽ ഏറ്റവും മുകളിലുള്ളവർക്ക് മറ്റൊരു ഗതിയുമില്ലാത്തവർക്ക് ദുരിതാശ്വാസത്തിന്റെ ഭാഗമായി പുനരധിവസിപ്പിക്കേണ്ടവർക്ക്.

ഫലം രണ്ടു വിധത്തിലാണ്. ഒന്ന് പൂർണമായും അയൽപക്കങ്ങൾ പറിച്ചു മാറ്റപ്പെട്ടിരിക്കുന്നു. പുനരധിവസിക്കപ്പെടുന്നവരെല്ലാം അവിടെ വേരുകളില്ലാത്ത, നഷ്ടപ്പെട്ടവരാണ്. ആ സ്ഥലത്താകട്ടെ പഴയ സ്ഥാപനങ്ങളൊന്നും ഉണ്ടായിരിക്കുകയില്ല. അവിടെ താമസിപ്പിച്ചിരുന്ന ബിസിനസുകാർ, പ്രഫഷണൽ ആളുകൾ എന്നിവരൊന്നും ഇപ്പോൾ അവിടെയില്ല. ദുരിതാശ്വാസ കേസുകൾക്കാണു മുൻഗണന എന്നതുകൊണ്ട് നഗരത്തിൽ ഒറ്റപ്പെട്ട് ഒഴുകി നടക്കുന്നവരാണ് ഇവിടെ വന്നടിയുന്നത്. ദുഃഖകരമായ ഒരു കാരണം കൊണ്ടല്ലെങ്കിൽ മറ്റൊന്നുകൊണ്ട് സ്വന്തം കാര്യം പോലും നോക്കാൻ കഴിയാത്തവർ.

ഞങ്ങൾ സന്ദർശിച്ച ആ അപ്പാർട്ടുമെന്റുകൾക്കു ചില വർഷങ്ങളുടെ പഴക്കമേയുള്ളൂ. എന്നാൽ ജീർണതയുടെ അടയാളങ്ങൾ അവയിൽ വ്യക്തമായിരുന്നു. ഉപേക്ഷിക്കപ്പെട്ട വിജനമായ ലോണുകളിലൂടെ ഞങ്ങൾ നടന്നു. താഴത്തെ നിലയിലെ പല ജനാലകളും തകർക്കപ്പെട്ടിരുന്നു. എന്നാൽ അവ അറ്റകുറ്റം തീർത്തിട്ടില്ല. ഭിത്തികളിൽ മ്ലേച്ഛമായ കാര്യങ്ങൾ എഴുതിവച്ചിരുന്നു. ഹാളുകളിൽ വിലകുറഞ്ഞ മദ്യത്തിന്റെയും മൂത്രത്തിന്റെയും ഗന്ധം.





ഇവിടെയും ഞങ്ങൾ എനിക്കു പരിചയമുള്ള ഒരു കുടുംബത്തെ സന്ദർശിച്ചു. അവിടുത്തെ വീട്ടമ്മ കുടിച്ചിരുന്നു. കിടക്കകളൊന്നും തന്നെ വിരിച്ചിരുന്നില്ല. അടുക്കളമേശയിൽ പല ദിവസത്തെ പാത്രങ്ങൾ കഴുകാതെ കുന്നുകൂടി കിടക്കുന്നു. ഞങ്ങൾ സന്ദർശിക്കാനെത്തിയ കുട്ടിയാകട്ടെ, ഒരു കീറിപ്പറിഞ്ഞ കസേരയിൽ എങ്ങോട്ടോ തുറിച്ചു നോക്കി ഒരേയൊരു ഇരിപ്പ്! ഞങ്ങളുടെ സാന്നിദ്ധ്യത്തെപ്പറ്റിപോലും അവനു ബോധമില്ലെന്നു തോന്നി.

അവിടെനിന്ന് ഇറങ്ങിക്കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു "ഇവനെ ഞാൻ മറ്റ് അവസ്ഥകളിലും കണ്ടിട്ടുണ്ട്. സാധാരണ ഇവൻ വളരെ ആക്ടീവാണ്. അതു വീടിനു പുറത്ത്. വീട്ടിൽ നിന്നു പുറത്താക്കപ്പെട്ടവനാണവൻ. അമ്മ മദ്യപിച്ചു ബോധംകെട്ടാലേ അവനു വീട്ടിൽ കടക്കാനാവൂ."

ഇതാണു കൗമാര മാഫിയ സംഘത്തിന്റെ ജനനത്തിനു കാരണമാകുന്ന സംഭവങ്ങളെന്നു ഞാൻ വീണ്ടും ചൂണ്ടിക്കാണിച്ചു. ആയിരം പീഡിത കുടുംബങ്ങളെ ഒന്നിച്ച് ഒരു കെട്ടിടത്തിൽ താമസിപ്പിക്കുമ്പോൾ ശത്രുതാ മനോഭാവമുള്ള, ഭയത്തിന്റെ പിടിയിൽ അമർന്ന, കൗമാരക്കാർ സുരക്ഷിതത്വത്തിനായി സംഘടിക്കും. അവർ അവരുടേതായ ഒരു കുടുംബം ഉണ്ടാക്കും. ഒരു 'മേഖല' മുഴുവൻ അവരുടേതാക്കാൻ വേണ്ടി അവർ പോരാടും. ഒരു അപരിചിതനും അവരുടെ ആ മേഖലയുടെ അതിർത്തി അതിലംഘിക്കാൻ അനുവാദമില്ല. അത് അവരുടെ കോട്ടയാണ്. പട്ടാളച്ചിട്ടയോടെ അവർ അതു സംരക്ഷിക്കും– വടക്കൻ അതിർത്തി അഗ്നിശമന സേനയുടെ കെട്ടിടം. തെക്കൻ അതിർത്തി സൂപ്പർ ഹൈവേ. പടിഞ്ഞാറൻ അതിർത്തി നദീതീരം. കിഴക്കൻ അതിർത്തി ഫ്ളാനിങന്റെ മിഠായിക്കട.

ഈ കുട്ടികൾക്കു തങ്ങളുടെ സമയം കൊണ്ടും പ്രയോജനമായി ഒന്നും ചെയ്യാനില്ല. അവരിൽ മിക്കവരും അതീവ ദരിദ്രരാണ്. എനിക്കറിയാവുന്ന ഒരു കുട്ടിയുടെ അവസ്ഥ ഇങ്ങനെ: രണ്ടു ദിവസത്തിലൊരിക്കൽ പോലും അവന് ഒരു നേരം വയറു നിറച്ചു ഭക്ഷണം കിട്ടുന്നില്ല. അവന്റെ കാര്യം നോക്കുന്ന അവന്റെ മുത്തശ്ശി ദിവസവും രാവിലെ 25 സെന്റ് എടുത്ത് കൈയിൽ കൊടുത്തിട്ട് അവനെ തെരുവിലേക്ക് ഓടിച്ചു വിടും. പ്രഭാത ഭക്ഷണമായി ഏഴുസെന്റിന്റെ ഒരു കോക്ക് അവൻ കുടിക്കും. ഉച്ചയ്ക്ക് വഴിവാണിഭക്കാരന്റെ പക്കൽ നിന്നു 15 സെന്റിന് അവൻ ഒരു ഹോട്ട്ഡോഗ് വാങ്ങിത്തിന്നും. "രാത്രി ഭക്ഷണമോ?" അവൻ ചിരിച്ചു. വണ്ണം കുറയ്ക്കാനായി രാത്രികളിൽ താൻ ഡയറ്റിങ്ങാണെന്ന് അവൻ തമാശ പറഞ്ഞു. രാത്രികളിൽ ഓരോ പെനിയുടെ മിഠായി നുണച്ചിറക്കി അവൻ വിശപ്പിനോടു പോരാടും.

ഞാൻ കണ്ട ഈ കുട്ടികളെ സംബന്ധിച്ചുള്ള അസാധാരണത്വം ഇതായിരുന്നു. ഭക്ഷണം കഴിക്കാൻ ഒരിക്കലും ആവശ്യത്തിനു പണം അവർക്കില്ലായിരുന്നെങ്കിലും ഒരു കുപ്പി മദ്യത്തിന് എപ്പോഴും അവർക്കു പണത്തിനു ക്ഷാമം ഉണ്ടായിരുന്നില്ല!

ഞാൻ പ്രവർത്തകരോട് ഈ സമസ്യ പങ്കിട്ടു. "ഈ കുട്ടികൾ എത്രയാണു കുടിക്കുന്നതെന്നു ഞാൻ പലപ്പോഴും ഭയപ്പെട്ടു പോകാറുണ്ട്. ദിവസം മുഴുവൻ ഈ തെരുവു കുട്ടികളിൽ ചിലർ കുടിക്കുന്നു. രാവിലെ പത്തു മണിക്കോ മറ്റോ കണ്ടുമുട്ടുമ്പോൾ മുതൽ അവർ കുടിക്കാൻ തുടങ്ങുന്നു. കൈയിലുള്ള പണം തീരുന്നതു വരെ അവർ പകൽ മുഴുവൻ കുടിച്ചുകൊണ്ടേയിരിക്കുന്നു."

പഴ്സ് മോഷണം, കൊച്ചുകുട്ടിക

ളുടെ കൈയിൽ നിന്ന് അവരുടെ ഉച്ച ഭക്ഷണത്തിന്റെ പണം തട്ടിയെടുക്കൽ എന്നിങ്ങനെ പല മാർഗ്ഗങ്ങളിലൂടെ യാണു കുടിക്കാനുള്ള പണം കിട്ടുന്നത്. അത് കൗമാരക്കാരുടെ കൂട്ടായ ഫണ്ടിൽ വരുന്നു. അതിൽ നിന്നു ലഹരി കൂടിയ ഇനങ്ങൾക്കായി പകൽ മുഴുവൻ ചെലവിട്ടുകൊണ്ടേയിരിക്കും. ഞങ്ങളുടെ അയൽപക്കത്തു തന്നെ ഇതു മൂലം ഒന്നിലേറെ ആക്രമണങ്ങളും ദുരന്തങ്ങളും ഉണ്ടായി.

ഞങ്ങൾ സെന്ററിൽ മടങ്ങിയെത്തിയപ്പോൾ ഞാൻ സനന്നദ്ധഭടന്മാരെ വീണ്ടും ഞങ്ങളുടെ ചാപ്പലിലേക്ക് ആനയിച്ചു. ഞാൻ അവരോടു മാർട്ടിൻ ഇലൻസ്കിയുടെ കഥ പറഞ്ഞു. ഹൈസ്കൂളിൽ സീനിയർ ക്ലാസിലാണ് മാർട്ടിൻ പഠിച്ചിരുന്നത്. അംഗവൈകല്യമുള്ള തന്റെ അമ്മയെ സഹായിക്കാനായി അവൻ പാർട് ടൈം ജോലിക്കു പോയിരുന്നു. ജോലി ഇല്ലാത്ത ദിവസം അവൻ മറ്റൊരു ഹൈസ്കൂൾ വിദ്യാർഥിയുടെ 'ഭീകരഭവന'ത്തിൽ വോഡ്കാ പാർട്ടിക്കു പോയി. ആറ് ആൺകുട്ടികൾ നാലു പെൺകുട്ടികൾ. മൊത്തം പത്തുപേരാണ് അവിടെ ഒത്തുകൂടിയത്. വോഡ്കാ കുടിയും റോക്ക് ആൻറോൾ ഡാൻസുമായി ഒരു മണിക്കൂർ കഴിഞ്ഞുപോയി. ഇതിനിടയിൽ വോഡ്കാ തീർന്നു പോയി. ആൺകുട്ടികൾ ബീയർ വാങ്ങാനായി പണം ശേഖരിക്കാൻ തുടങ്ങി. എന്നാൽ പണം നൽകാൻ മാർട്ടിൻ വിസമ്മതിച്ചു. തുടർന്നു വഴക്കായി. ഒരു കുട്ടി അരയിൽ ചുറ്റിയിരുന്ന 12 ഇഞ്ചിന്റെ ജർമ്മൻ വടിവാൾ ഊരി. ഒരു നിമിഷം. മാർട്ടിൻ ഇലെൻസ്കി അടുക്കളയിൽ മരിച്ചു വീണു.

ഇനി ഞാൻ പറയാൻ പോകുന്നത് പ്രവർത്തകരെ പ്രത്യേകിച്ചു സെമിനാരിയിൽ നിന്ന് പുതുതായി ഇറങ്ങിയ വരെ പ്രകോപിപ്പിക്കും എന്നെനിക്കറിയാമായിരുന്നു. ഞാൻ കഴുത്തിനു പിന്നിൽ കൈകെട്ടി അതിലേക്കു തല ചായിച്ചുകൊണ്ടു ചോദിച്ചു. 'ആട്ടെ. മരിക്കുന്നതിനു മുൻപ് ഒരു തെരുവു യോഗത്തിൽ വച്ച് മാർട്ടിൻ ഇലൻസ്കിയോടു ചില നിമിഷങ്ങൾ സംസാരിക്കാൻ നിങ്ങൾക്കൊരു അവസരം ലഭിച്ചു എന്നു സങ്കൽപിക്കുക. ഓർക്കുക മാർട്ടിൻ ആ പാർട്ടിക്കു പോയാൽ കൊല്ലപ്പെടുന്ന നിർണായക ദിവസമാണത്. എങ്കിൽ അവനോടുള്ള നിങ്ങളുടെ ആദ്യ വാക്കുകൾ എന്തായിരിക്കും"

''യേശു രക്ഷിക്കുന്നു'' എന്നു ഞാനവനോടു പറയും" ഒരാൺകുട്ടി പറഞ്ഞു.

"അതു തന്നെയാണു ഞാൻ ഭയന്നത്": എന്റെ മറുപടി.

ചെറുപ്പക്കാർ അസാധാരണമായതെന്തോ കേട്ടതുപോലെ കണ്ണു മിഴിച്ചു.

ഞാൻ വിശദീകരിച്ചു: "നാം വെറും തത്തമ്മേ പൂച്ച പൂച്ച എന്ന മട്ടിൽ പറയരുത്. ശ്രദ്ധിക്കണം. ഞാൻ മുൻപു കേട്ടിരുന്ന, പ്രയോഗിച്ചിരുന്ന 'മതപരമായ പ്രയോഗങ്ങളെ'പ്പറ്റി ഞാനിപ്പോൾ വളരെ ശ്രദ്ധാലുവാണ്. ഇപ്പോൾ ആ വാക്കുകൾ ആദ്യം ഉപയോഗിക്കുന്നതിനു മുൻപ് അവയ്ക്കുള്ള മുഴുവൻ ശക്തിയും നൽകാൻ എനിക്കു കഴിയണേ എന്നു ഞാൻ പ്രാർത്ഥിക്കും.

ആട്ടെ'യേശു രക്ഷിക്കുന്നു'എന്നു പറഞ്ഞാൽ നിങ്ങൾ യഥാർത്ഥത്തിൽ എന്താണർത്ഥമാക്കുന്നത്?"

ഈ കുട്ടികൾക്ക് അതിനു വ്യക്തമായ മറുപടി ഉണ്ടായിരുന്നു. മറ്റുള്ളവർ പറഞ്ഞുകേട്ട ചില കാര്യങ്ങൾ ആവർത്തിക്കുന്നവരായിരുന്നില്ല അവർ. തങ്ങൾക്കു സംഭവിച്ച ചില കാര്യങ്ങൾ അവർക്കു പറയാനുണ്ടായിരുന്നു.





"നിങ്ങൾക്കു വീണ്ടും ജനിക്കാം എന്നാണതിന്റെ അർത്ഥം'' ഒരു പെൺകുട്ടി പറഞ്ഞു.

അങ്ങനെ പറഞ്ഞിട്ടും ആ വാക്കുകൾ സാധാരണക്കാരിൽ വലിയ അർത്ഥബോധം ഉണർത്തുമെന്നു തോന്നിയില്ല. പന്ത്രണ്ടിഞ്ചിന്റെ ജർമൻ കത്തികൊണ്ടു കൊല്ലപ്പെടുന്നതിനു മുൻപ് മാർട്ടിൻ ഇലെൻസ്കിയുമായി സംസാരിക്കുമ്പോൾ നാം ഉദ്ദേശിക്കുന്ന കാര്യം വ്യക്തമാകാൻ വേണ്ട പുതുമ വാക്കുക്കളിൽ ഉണ്ടാകണമല്ലോ.

"ആട്ടെ, വീണ്ടും ജനിച്ചപ്പോൾ എന്താണു നിനക്കു സംഭവിച്ചത്?'' ഞാൻ ഈ പെൺകുട്ടിയോടു തുടർന്നു ചോദിച്ചു. ഞാൻ ഇങ്ങനെ ചോദിച്ചു കഴിഞ്ഞപ്പോൾ അവൾ നിശ്ശബ്ദയായി. ഒരു നിമിഷം ശങ്കിച്ചു നിന്ന ശേഷം ആ മുറിയിലുണ്ടായിരുന്ന മുഴുവൻ പേരുടെയും ശ്രദ്ധ പിടിച്ചു പറ്റുന്ന നിലയിൽ അവൾ തനിക്കു സംഭവിച്ച രൂപാന്തരം വിവരിക്കാൻ തുടങ്ങി. അവൾ ഒരിക്കൽ താൻ ഏകാകിനിയും ഭീരുവും ദിശാബോധമില്ലാത്ത ജീവിതം നയിക്കുന്നവളും ആയിരുന്നെന്നു പറഞ്ഞു. അവൾ തുടർന്നു: ''ഞാൻ ക്രിസ്തുവിനെക്കുറിച്ചു കേട്ടിട്ടുണ്ടായിരുന്നു. പക്ഷേ ആ പേര് എന്നെ സംബന്ധിച്ചിടത്തോളം ഒരു വെറും വാക്ക് ആയിരുന്നു. ക്രിസ്തുവിന് എന്റെ ഏകാന്തതയും പേടിയും എടുത്തുകളയാൻ കഴിയുമെന്ന് ഒരു ദിവസം ഒരു സ്നേഹിതൻ പറഞ്ഞു. ഞങ്ങൾ ഒന്നിച്ച് ചർച്ചിൽ പോയി. പ്രസംഗകൻ എന്നോടു മുന്നോട്ടു വരുവാൻ പറഞ്ഞു. അവിടെ ഞാൻ എല്ലാവരുടേയും മുൻപാകെ മുട്ടുകുത്തി. ഞാൻ ക്രിസ്തുവിനോട് (അത് ഒരിക്കൽ എനിക്ക് ഒരു വെറും പേരുമാത്രമായിരുന്നു) എന്റെ ജീവിതത്തിൽ ഒരു മാറ്റം ഉണ്ടാക്കണമെന്ന് അപേക്ഷിച്ചു. അതിനുശേഷം കാര്യങ്ങൾ ഒരിക്കലും പഴയതുപോലെ ആയിരുന്നില്ല. ഞാൻ തീർത്തും ഒരു പുതിയ വ്യക്തിയായി. ഇതിനെയാണ് അവർ 'വീണ്ടും ജനനം' എന്നു പറയുന്നത് എന്നു കരുതുന്നു."

''ഏകാന്തത അതോടെ ഇല്ലാതായോ?"

"അതേ. പൂർണമായും."

"പേടിയോ?"

"അതും പോയി"

"ക്രിസ്തു ഇപ്പോൾ ഒരു വെറും വാക്കല്ല?"

"അല്ല. തീർച്ചയായും. വെറും വാക്കിനു കാര്യങ്ങളെ വ്യത്യാസപ്പെടുത്താൻ കഴിയുകയില്ലല്ലോ"

മുറി നിശ്ശബ്ദമായിരുന്നു. ആ നിശ്ശബ്ദതയിൽ എന്റെ വാക്കുകൾ ഇങ്ങനെ മുഴങ്ങി: "അതേ, വെറും വാക്കുകൾക്കു മാർട്ടിന്റെ ജീവിതത്തേയും വ്യത്യാസപ്പെടുത്താൻ കഴിയുകയില്ല. നാളെ തെരുവിലേക്കു പോകുമ്പോൾ ഇക്കാര്യം നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കട്ടെ".

ടീൻ ചലഞ്ച് സെന്റർ 1961 വസന്തകാലമായതോടെ പൂർണമായും പ്രവർത്തക്ഷമമായി. എല്ലാ ദിവസവും -തിങ്കളാഴ്ച അവരുടെ അവധി ദിവസമായിട്ടും അന്നുപോലും- ഞങ്ങളുടെ യുവ പ്രവർത്തകർ ബ്രൂക്ലിൻ, ഹാർലെം, ബ്രോൺസ്ക് തുടങ്ങിയ തെരുവുകളിൽ ഇറങ്ങി തങ്ങളെ ആവശ്യമുള്ള കൗമാരക്കാരെ തേടും. അവർ ആശുപത്രികൾ, ജയിലുകൾ, സ്കൂളുകൾ, കോടതികൾ എന്നിവിടങ്ങളിലും ചെന്നു. അവർ ഗ്രീൻവിച്ച് വില്ലേജ്, കോണിഐലൻഡ്, സെൻട്രൽ പാർക്ക് എന്നീ സ്ഥലങ്ങളിൽ തെരുവുയോഗങ്ങൾ സംഘടിപ്പിച്ചു. അവർ പ്രവർത്തിച്ചു തുടങ്ങിയതോടെ ഞങ്ങളുടെ സെന്ററിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് ഒരു തുള്ളിയിൽ നിന്നു മലവെ

ള്ളപ്പാച്ചിൽ പോലെയായി. ആദ്യ മാസം തന്നെ അഞ്ഞൂറിലേറെ ആൺകുട്ടികളും പെൺകുട്ടികളും രക്ഷിക്കപ്പെട്ടു- ആ വാക്കിന്റെ മുഴുവൻ അർത്ഥത്തിൽ തന്നെ. ആത്മാവിന്റെ സന്ദേശത്താൽ അഞ്ഞൂറ് കുട്ടികൾ പിടിക്കപ്പെടുക. അവരുടെ ജീവിതം മൗലികമായിത്തന്നെ രൂപാന്തരപ്പെട്ടു. അവർ മാഫിയസംഘങ്ങൾ വിട്ടു. അവർ ജോലികൾ അന്വേഷിക്കാൻ തുടങ്ങി. പള്ളികളിൽ പോകാൻ ആരംഭിച്ചു.

ഈ അഞ്ഞൂറിൽ ഒരു നൂറു പേരോളം സെന്ററിൽ പ്രത്യേക കൗൺസിലിങ്ങിനു വരേണ്ടി വന്നു. ഈ നൂറുപേരിൽ തന്നെ വിരലിലെണ്ണാവുന്നവരെ മാത്രമെ സെന്ററിലെ സ്നേഹാന്തരീക്ഷത്തിൽ താമസിപ്പിക്കേണ്ടിവന്നുള്ളു.

സെന്ററിൽ വന്നു വ്യക്തിത്വത്തിൽ സൗഖ്യം പ്രാപിച്ച ആദ്യത്തെ കുട്ടികളിൽ ഒരാൾ ജോർജായിരുന്നു. പത്തൊൻപതു വയസ്സുള്ള ജോർജ് സുമുഖനായ ഒരു കുട്ടിയായിരുന്നു. വളരെ സുമുഖൻ. ജോർജിനു വീടുണ്ടായിരുന്നില്ല. സത്യത്തിൽ പ്രായം കൂടിയ സ്ത്രീകളോടുള്ള അവന്റെ പെരുമാറ്റത്തിൽ മനസ്സുമടുത്ത് അവന്റെ മാതാപിതാക്കൾ തന്നെ അവനെ സ്വന്തം വീട്ടിൽ നിന്ന് ഇറക്കി വിട്ടതാണ്. അവന്റെ ഇരട്ടിയിലേറെ പ്രായമുള്ള സ്ത്രീകളുമായി നിരന്തരമായി അവൻ ഇടപഴകുമായിരുന്നു. എപ്പോഴും അവന്റെ രീതി ഇങ്ങനെയായിരുന്നു. ഏകാകിനികളായ പ്രായമായ സ്ത്രീകളുമായി അവൻ വേഗത്തിൽ സൗഹൃദം ഉണ്ടാക്കും. തന്റെ ജീവിതത്തിലെ കഷ്ടപ്പാടുകളുടെ കഥകൾ വിവരിച്ച് ആദ്യം അവരുടെ സഹതാപം പിടിച്ചു പറ്റും. പിന്നെ വീണ്ടും കാണാനും സംസാരിക്കാനും അനുമതി ചോദിക്കും: " വെറുതേ സംസാരിക്കാനാണ്. സംസാരിക്കുമ്പോൾ ഞാൻ എന്റെ ദുഃഖങ്ങൾ മറന്നുപോകുന്നു."

ഈ സംഭാഷണങ്ങൾ കൂടുതൽ ആഴമായ ബന്ധത്തിലേക്കു നയിക്കും. ജോർജിന് ഒരു സ്നേഹിത കൂടിയാകും. ക്രമേണ അവൻ അവരുടെ അപ്പാർട്ടുമെന്റിലേക്കു താമസം മാറ്റും. അവിടെ അവർ അവനെ മകനെപ്പോലെ താമസിപ്പിക്കും. ജോർജിന്റെ തൊഴിൽ ആഭരണക്കച്ചവടമാണ്. വീട്ടിൽ താമസമായിക്കഴിഞ്ഞ് സംഭാഷണത്തിൽ അവൻ സൂത്രത്തിൽ ആഭരണങ്ങളുടെ കാര്യം കൊണ്ടു വരും. അവരുടെ ആഭരണങ്ങൾ വേണമെങ്കിൽ അറ്റകുറ്റപ്പണി തീർത്തുകൊടുക്കാമെന്നു സൂചിപ്പിക്കും. ഒരിക്കൽ ആ വീട്ടിലെ ആഭരണങ്ങൾ കൈയിലായിക്കഴിഞ്ഞാൽ പിന്നെ അവൻ അവിടം വിടും. ഒരു കൂട്ടുകാരന്റെ കടയിൽ കൊടുത്തു പണി തീർത്തു തരാമെന്നു പറഞ്ഞാണ് പോകുന്നത്. എന്നാൽ മോഷ്ടിച്ച സ്വർണം വാങ്ങുന്ന ആളുടെ അടുത്തേക്കാവും അവന്റെ യാത്ര.

ആരോഗ്യമുള്ള ഒരു ചെറുപ്പക്കാരനെ സംബന്ധിച്ചുടത്തോളം ഇത്തരം കളങ്കിതമായ ജീവിതം നയിക്കേണ്ടകാര്യമില്ല. എന്നാൽ ഒരു നാൾ ഇതെല്ലാം തീർത്തും വ്യത്യാസപ്പെട്ടു. ഞങ്ങളുടെ തെരുവു യോഗങ്ങളിലൊന്നിൽ അവൻ ആകർഷിക്കപ്പെട്ടു. ഞങ്ങളുടെ പ്രവർത്തകരുമായി അവൻ ആ സമയത്തു സംസാരിച്ചില്ലെങ്കിലും ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൻ നേരെ സെന്ററിലേക്കു വന്നു. സെന്ററിന്റെ വാതിൽ കടന്നപ്പോൾ തന്നെ അസാധാരണമായ ഊഷ്മളതയുടെ ഒരു തോന്നൽ അവനുണ്ടായി. ഞങ്ങളുടെ പ്രവർത്തകരിലൊരാൾ, ഹോവാർഡ് കൾവർ, അവനെ കണ്ടു





ഒരു സംഭാഷണത്തിനു തുടക്കമിട്ടു. ഉച്ചയ്ക്കു മുൻപേ അവൻ ഒരു പുതിയ ജീവിതത്തിനായി തീരുമാനമെടുത്തു. ഒരു പരിവർത്തനത്തിനായി അവൻ പ്രാർത്ഥിച്ചു. അത്ഭുതകരമായ ഒരു രൂപാന്തരമാണ് അവനു സംഭവിച്ചത്.

"എന്റെ ചുമലിൽ നിന്ന് ഒരു വലിയ ഭാരം ഒഴിഞ്ഞു പോയതുപോലെയായിരുന്നു അത്." അതേപ്പറ്റി പിന്നീട് ജോർജ് എന്നോടു പറഞ്ഞത് അങ്ങനെയാണ്. തനിക്കുണ്ടായ മാറ്റത്തിൽ വലിയ ആവേശം അവനു തോന്നി. അതേപ്പറ്റി പറയുന്നതു നിർത്താൻ അവനു കഴിഞ്ഞില്ല. തന്റെ രൂപാന്തരം ശരിയാണെന്ന് അവൻ പല നിലയിൽ പരീക്ഷിച്ചു മനസ്സിലാക്കി.

ദിവസങ്ങൾ കടന്നു പോകവേ, താൻ മോഷ്ടിച്ച പണം എല്ലാം തിരികെകൊടുക്കേണ്ടതാണെന്ന് അവന് ബോധ്യപ്പെട്ടു. നല്ല കഴിവുള്ള ചെറുപ്പക്കാരനെന്ന നിലയിൽ ജോർജിന് ഒരു ജോലികിട്ടി. നല്ല ഒരു ജോലി. അവന് ജീവിക്കാൻ വേണ്ടതിന് ഉപരിയായി ലഭിച്ച ഓരോ പെനിയും അവൻ കടം വീട്ടാൻ ഉപയോഗിച്ചു. ഒടുവിൽ അവസാനത്തെ പെനിയും കൊടുത്തു കഴിഞ്ഞപ്പോൾ ജോർജ് മുഴുസമയ ക്രിസ്തീയപ്രവർത്തനത്തിനായി പോകുവാൻ തയാറായി.

വേനൽക്കാലവും കടന്നു പോകുകയാണ്. ധാരാളം കുട്ടികൾ ഇതിനകം സെന്ററിലൂടെ കടന്നു പോയി. ഞങ്ങൾക്ക് അപ്പോൾ ഒരു ധാർമിക പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വന്നു. ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഞങ്ങളുടെ കുട്ടികൾ എല്ലാവരും നിയമം ലംഘിച്ചവരാണ്. ഇതു സംബന്ധിച്ച് എന്താണു ചെയ്യേണ്ടത്?

ഇത് ഒരു ലളിതമായ ചോദ്യം ആയിരുന്നില്ല. വിശ്വാസത്തിൽ ശക്തനായ ഒരു കുട്ടിക്ക് നിയമലംഘനത്തിന്റെ ശിക്ഷയായി ലഭിക്കാവുന്ന ജയിൽ വാസം അനുഭവിക്കുക താരതമ്യേന എളുപ്പമായിരിക്കും. പക്ഷേ വിശ്വാസത്തിൽ പുഷ്ടിപ്പെടാൻ സമയം ആവശ്യമാണ്. അതിനു പല പ്രതിസന്ധികൾ കടക്കേണ്ടതുണ്ട്. ഊഷ്മളമായ പല ഘട്ടങ്ങൾ പിന്നിടണം. ഒരു ക്രിസ്ത്യാനിയായിരിക്കുക എന്നാൽ എന്താണെന്ന് ഏറെ പഠിക്കേണ്ടതുണ്ട്. ഇതിനൊക്കെ മുൻപേ ഒരു കുട്ടി പൊലീസിനോട് തന്റെ കുറ്റം സമ്മതിച്ചു ജയിലിൽ പോയാൽ അവനെ നഷ്ടപ്പെടുക എന്ന അപകടസാധ്യതയില്ലേ? മറുവശത്ത് അവൻ സമൂഹത്തിന്റെ നിയമം ലംഘിച്ചവനാണ്. അവൻ അതിന്റെ കുറ്റബോധത്തിൽ കഴിഞ്ഞാൽ അവന്റെ ആത്മീയ വളർച്ചയെ അതു പിന്നോട്ടടിക്കും.

എല്ലാവരുടേയും കേസുകൾക്ക് ഒരു പൊതു പരിഹാരമല്ല ഉള്ളതെന്ന് എനിക്കറിയാമായിരുന്നു. എന്നാൽ ഓരോരുത്തരുടേയും പ്രശ്നങ്ങൾ വരുമ്പോൾ എന്താണു പറയേണ്ടതെന്നറിയാതെ ഞാൻ കുഴങ്ങി. ഉദാഹരണത്തിനു പല ദിവസങ്ങൾ സെന്ററിൽ താമസിച്ച പെദ്രോ എന്റെടുത്തു പരാതി പറഞ്ഞു.

"എനിക്കു കഴിക്കാൻ വയ്യ. ഉറങ്ങാൻ വയ്യ. ഒട്ടും ഉറങ്ങാൻ വയ്യ"

"പെദ്രോ, എന്താണു കാരണം?"

"എന്റെ കുറ്റങ്ങളുടെ ഭാരം. അതെന്റെ തോളിൽ ഇരിക്കുന്നതു പോലെ. എനിക്കു പൊലീസിൽ ചെന്നു കുറ്റം ഏറ്റുപറഞ്ഞേ മതിയാകൂ".

കുറച്ചു നേരം അവനെ കേട്ടു കഴിഞ്ഞപ്പോൾ ഒടുവിൽ ഞാൻ തീരുമാനത്തിലെത്തി- അവൻ പൊലീസിൽ ചെന്ന് കുറ്റം സമ്മതിക്കുന്നതായിരിക്കും നല്ലത്. പറഞ്ഞു വന്നപ്പോൾ അവന് ഇംഗ്ലീഷ് നല്ല വശമില്ലാത്തതു

കൊണ്ട് എല്ലാം വിവരിച്ചു പറയാൻ കഴിഞ്ഞില്ല. എനിക്കാകട്ടെ വളരെ കുറച്ചേ സ്പാനിഷും അറിയുകയുള്ളു. പക്ഷേ അവൻ വളരെ അസ്വസ്ഥനും കുഴങ്ങിയവനുമായി കാണപ്പെട്ടു. ഒരു പക്ഷേ പൊലീസിനോടു കുറ്റം സമ്മതിക്കുന്നത് അവനു പ്രയോജനകരമായേക്കും. എപ്പോഴാണ് അതിനുള്ള സമയം എന്ന പ്രശ്നമേ ഉണ്ടായിരുന്നുള്ളു. പെദ്രോ അവന്റെ പുതുജീവിതത്തിലേക്കു വന്നിട്ടു ദിവസങ്ങളേ ആയിട്ടുള്ളു. അതിനിടയിൽ ജയിൽ വാസം വന്നാൽ അവനു പിടിച്ചു നിൽക്കാൻ കഴിയുകയില്ല. അതുകൊണ്ടു കാത്തിരിക്കുന്നതാണു നല്ലതെന്നു ഞാൻ പെദ്രോയോടു പറഞ്ഞു.പക്ഷേ അവന് അതിനു കഴിയുമായിരുന്നില്ല..

അതുകൊണ്ട് ഒരു ദ്വിഭാഷിയായി പ്രവർത്തിക്കാൻ ഞാൻ എന്റെ പഴയ സ്നേഹിതൻ വിൻസന്റ് ഓർട്ടിസിനെ വിളിച്ചു. ഒന്നിച്ചു ഞങ്ങൾ പെദ്രോയെ പൊലീസ് സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടുപോയി. ഞങ്ങൾ ചെന്നപ്പോൾ ഡസ്കിനു പിന്നിലിരുന്ന പൊലീസുകാരൻ ഒരു സാൻഡ് വിച്ച് തിന്നുകയായിരുന്നു. അദ്ദേഹം തലയുയർത്തി: "യേസ് സാർ"

"ഞാൻ റവറണ്ട് വിൽക്കേഴ്സൺ, ടീൻ ഏജ് ഇവാൻജലിസം ഡയറക്ടറാണ്" ഞാൻ സ്വയം പരിചയപ്പെടുത്തി: "ഡ്രാഗൺ സഖ്യത്തിലെ അംഗമായിരുന്ന ചെറുപ്പക്കാരൻ എന്നോടൊപ്പമുണ്ട്. അയാൾക്ക് ചില കുറ്റസമ്മതങ്ങൾ നടത്താനുണ്ട്."

പൊലീസുകാരൻ എന്നെ തുറിച്ചു നോക്കി. എന്നിട്ട് പറഞ്ഞത് ആവർത്തിക്കാനാവശ്യപ്പെട്ടു. ഞാൻ വിവരം വീണ്ടും പറഞ്ഞപ്പോൾ അദ്ദേഹം കൈയിലിരുന്ന പെൻസിൽ താഴെ വച്ച് എന്നെ അടുത്തേക്കു വിളിച്ചു അടക്കം ചോദിച്ചു:"റവറണ്ടേ, പുള്ളി തലയ്ക്കു വെളിവില്ലാത്തവനാ അല്യോ?"

''അല്ലല്ല'' ഞാൻ തീർത്തു പറഞ്ഞു

"ഇവിടെ ഇതുപോലെ കുറ്റസമ്മതം നടത്താനെന്നു പറഞ്ഞ് തങ്ങൾ ചെയ്യുന്നതും നടക്കാത്തതുമായ കാര്യങ്ങൾ ഭാവനയിൽ നിന്നു പറയാൻ പലപ്പോഴും ആളുകൾ വരാറുണ്ട്. അതുകൊണ്ട് ചോദിച്ചതാ. അല്ല, കൊച്ചനു സമനിലയൊണ്ടെന്നു ചിന്തിക്കുന്നുണ്ടേൽ മോളിലത്തെ നിലയിലെ ഡിറ്റക്ടീവിന്റെ മുറിയിലേക്കു കൊണ്ടു ചെന്നാട്ടേ."

അങ്ങനെ ഞങ്ങൾ മുകളിലത്തെ നിലയിൽ ചെന്നു കാത്തുനിന്നു. പെദ്രോ വളരെ ശാന്തനായിരുന്നു. പൊടുന്നനെ ഡിറ്റക്ടീവ് എത്തി. അദ്ദേഹം എന്നോട് ആദ്യം ചോദിച്ച ചോദ്യം ഞാൻ പെദ്രോയെ നിർബന്ധിച്ചു കൂട്ടിക്കൊണ്ടു വരികയായിരുന്നോ എന്നാണ്.

അല്ല. സ്വന്തനിലയിലാണ് അവൻ വന്നതെന്നു ഞാൻ പറഞ്ഞു.

"അവൻ ജയിലിൽ പോകേണ്ടി വരുമെന്ന് അവനറിയാമല്ലോ?"

ഇതു സ്പാനിഷിൽ വിവർത്തനം ചെയ്യുവാൻ ഞാനവശ്യപ്പെട്ടു. വിൻസെന്റ് ഓർട്ടിസ് അപ്രകാരം ചെയ്തു. പെദ്രോ ശാന്തമായി തലകുലുക്കി ഉവ്വ്. അവനതറിയാം.

അപ്പോൾ ഡിറ്റക്ടീവ് ചില മഞ്ഞക്കടലാസുകൾ എടുത്തു പെൻസിലും തയാറാക്കി കേൾക്കാൻ സന്നദ്ധനായി. അദ്ദേഹം വളരെ കരുണയോടെ പെരുമാറി. കുറ്റം ഏറ്റു പറയുന്നതിലുള്ള മതിപ്പും പ്രകടിപ്പിച്ചു. "ശരി പെദ്രോ ഇനി പറയാനുള്ളതെല്ലാം പറഞ്ഞോളൂ."

വിൻസന്റ് ഓർട്ടിസിന്റെ സഹായത്തോടെ പെദ്രോ സംസാരിക്കാൻ തുടങ്ങി. "ആ കത്തിക്കുത്ത് ഓർക്കുന്നുണ്ടോ'' രണ്ടുമാസം മുൻപ്





സെൻട്രൽ പാർക്കിൽ നടന്ന ഒരു കഠാര ആക്രമണത്തെക്കുറിച്ചാണ് അവൻ പറഞ്ഞു തുടങ്ങിയത്. ഡിറ്റക്ടീവിനു താത്പര്യമായി. അദ്ദേഹം പെൻസിൽ താഴെവച്ച് മറ്റൊരു ഓഫിസറെ കൂടെ വിളിച്ചു. അവരൊന്നിച്ച് ആലോചിച്ചപ്പോൾ ആ സംഭവം ഓർത്തെടുത്തു, പെദ്രോ വിശദാംശങ്ങൾ വിവരിക്കാൻ തുടങ്ങി: അവൻ അന്ന് ലഹരിമരുന്നിന്റെ അടിമയായി ലഹരിമരുന്ന് അവനു കിട്ടിയേ മതിയാകൂ. അവന്റെ ഒപ്പം മറ്റു രണ്ടു കുട്ടികളുമുണ്ട്. അവർ പാർക്കിലെ ബഞ്ചിൽ ഒറ്റയ്ക്കിരിക്കുന്ന ഒരു ചെറുപ്പക്കാരനെ കണ്ടു. അവനെ വളഞ്ഞു. അവനെ കൊള്ളയടിച്ചു. ഒടുവിൽ അവന്റെ വയറ്റിൽ ഒരു കഠാര കുത്തിയിറക്കുകയും ചെയ്തു.

തുടർന്നു പെദ്രോ താൻ നടത്തിയ രണ്ടു കവർച്ചകളെക്കുറിച്ചു കൂടി പറഞ്ഞു. രാവിലെ ആറുമണി മുതൽ ഉച്ചയ്ക്കു പന്ത്രണ്ടു വരെ ഡിറ്റക്ടീവുകൾ അവനെ തിരിച്ചും മറിച്ചും ചോദ്യം ചെയ്തു. കിട്ടിയ വിവരങ്ങൾ അവർ ശരിയാണോ എന്ന് പരിശോധിച്ചു. കുത്തിക്കുത്തേറ്റ ചെറുപ്പക്കാരനെ അവർ കണ്ടെത്തി, പക്ഷേ അവനെതിരെയും പൊലീസ് സ്റ്റേഷനിൽ റിക്കാർഡുണ്ട്. അതുകൊണ്ടാകാം അവൻ കേസ് മുന്നോട്ടു കൊണ്ടുപോകാൻ താത്പര്യപ്പെട്ടില്ല. കേസിലും കൂട്ടത്തിലും പെടുവാൻ അവന് ഒട്ടും താത്പര്യം ഉണ്ടായിരുന്നില്ല. പരാതിയില്ലെന്നവൻ പറഞ്ഞു. പെദ്രോ രണ്ടുവട്ടം കവർച്ച നടത്തിയ കടയുടെ ഉടമസ്ഥരും കേസ് എടുക്കാൻ ഉത്സാഹം കാട്ടിയില്ല. "എനിക്ക് ആ കടയറിയാം. രണ്ടു കണക്കുബുക്ക് ഉള്ളവരാണെന്നു തോന്നുന്നു. കേസിലുൾപ്പെട്ടാൽ ഗുലുമാലാകും എന്നതുകൊണ്ടാവും അവർ കേസെടുക്കേണ്ടെന്നു പറയുന്നത്": വിൻസന്റ് ഓർട്ടിസ് പറഞ്ഞു.

ചുരുക്കത്തിൽ പെദ്രോയ്ക്കെതിരെയുള്ള കേസുമായി മുന്നോട്ടു പോകാൻ തയാറുള്ള ആരെയും കണ്ടെത്താൻ പൊലീസിനു കഴിഞ്ഞില്ല. പെദ്രോയെ ഞങ്ങളോടൊപ്പം വിട്ടയയ്ക്കാൻ അവർ തയാറായി. ഞങ്ങൾ സെന്ററിലേക്കു മടങ്ങി. പിറ്റേന്നു രാവിലെ ആരെക്കാളും മുൻപേ പെദ്രോ ഉണർന്നു. അവന്റെ പാട്ടു കേട്ടാണ് സെന്ററിലുള്ളവരെല്ലാം ഉണർന്നത്. ആവുന്നത്ര ഉച്ചത്തിൽ അവൻ പാടി; എല്ലാവരേയും സന്തോഷത്തോടെ വന്ദനം ചെയ്തു. ഞങ്ങൾക്കതിൽ പരാതിയൊന്നുമില്ലായിരുന്നു. പെദ്രോ തീർത്തും വ്യത്യസ്തനായ ഒരു കുട്ടിയായി. യഥാർത്ഥത്തിലുള്ള സന്തോഷം കൊണ്ട് അവന്റെ ഹൃദയം നിറഞ്ഞു.

എല്ലാ കുട്ടികളുടെയും കഥകൾ ഈ നിലയിൽ നാടകീയമായിരുന്നില്ല. സെന്ററിൽ വന്ന് അവിടെ വൈകാരികമായ നിലയിൽ ഒരു കുടുംബം കണ്ടെത്തിയതു തീർത്തും ഏകാകികളായ കുട്ടികളായിരുന്നു. അവരുടെ ജീവിതത്തിന് അതുവരെ അർത്ഥമുണ്ടായിരുന്നില്ല. അതുകൊണ്ട് അവരിൽ പലരും ചില്ലറ കുഴപ്പങ്ങളിൽ ചെന്നു ചാടി. പക്ഷേ അവരുണ്ടാക്കിയ കുഴപ്പങ്ങൾ രോഗലക്ഷണങ്ങൾ മാത്രമായിരുന്നു. ഉദാഹരണത്തിന് സെന്ററിനെ തന്റെ സ്വന്തം കുടുംബമായി കണ്ട ഒരു ചെറുപ്പക്കാരൻ ഞങ്ങൾക്കുണ്ടായിരുന്നു. ലളിതമനസ്കനായ ഈ യുവാവിന്റെ പേര് ലക്കി എന്നായിരുന്നു.

ജീവിതത്തിൽ പിടിച്ചുനിൽക്കാൻ എപ്പോഴും ലക്കിക്കു ബുദ്ധിമുട്ടുണ്ടായിരുന്നു. അവനു മുഖത്ത് എപ്പോഴും വലിയ ചിരിയുണ്ടായിരുന്നു. കണ്ണുകളിൽ തിളക്കവും . ഊഷ്മളമായ ഹസ്തദാനവും എല്ലാം അവന്റെ

പ്രത്യേകതകളായിരുന്നു. എന്നാൽ ഒരു ജോലിയിലും പിടിച്ചു നിൽക്കാൻ അവനു കഴിയുമായിരുന്നില്ല. 11 വയസ്സുള്ളപ്പോൾ തന്നെ ലക്കി ക്ലാസുകൾ കട്ടു ചെയ്തു ബ്രോൺക്സ് മുഴുവൻ അലഞ്ഞു നടക്കുമായിരുന്നു, ക്രൗൺസ് എന്ന മാഫിയാ സംഘത്തോടൊപ്പം. പെട്രോൾ കാറുകളുടെ ചില്ലുകൾ പൊട്ടിച്ച ശേഷം ഓടുകയായിരുന്നു അവന്റെ ഇഷ്ടവിനോദം. പൊലീസുകാരെ വെട്ടിച്ച് കെട്ടിടങ്ങളുടെ മച്ചിലേക്ക് ഓടിക്കയറുക. പൊലീസ് ഓടിക്കിതച്ചു കയറി വരുമ്പോൾ അപായകരമാം വിധം കുതിച്ചുചാടിയും പൊട്ടിച്ചിരിച്ചും അടുത്തു കാണുന്ന ഫയർ എസ്കേപ്പിന്റെ കോവണി വഴി കടന്നുകളയുക ഇതൊക്കെയായിരുന്നു അവന്റെ പരിപാടികൾ.

തുടർന്നു ലക്കി, 'ഡ്രാഗൺ' എന്ന മറ്റൊരു സംഘത്തോടൊപ്പം പ്രവർത്തിക്കുവാൻ തുടങ്ങി. 15-ാം വയസിൽ അവൻ അതിന്റെ പ്രസിഡന്റായി. അവന്റെ 'ഔദ്യോഗിക കാലാവധി' ഹ്രസ്വമായിരുന്നു. കാരണം അധ്യാപകനെ തല്ലിയതിന് അവൻ ഒരു ദിവസം ജയിലിലായി. ആറുമാസത്തിനു ശേഷം അവൻ മോചിതനായി. പക്ഷേ എന്നിട്ടും അവനു തന്റെ വേരുകൾ കണ്ടെത്താൻ കഴിഞ്ഞില്ല. അവൻ തുടർന്നു മൂന്നു സ്കൂളുകളിൽ പഠിച്ചു. മൂന്നിടത്തും അധ്യാപകരോട് ഒത്തുപോകാൻ കഴിയാത്തതുകൊണ്ടു വിട്ടുപോരേണ്ടി വന്നു.

സ്വന്തഇഷ്ടപ്രകാരം ഒരു രാത്രിയെങ്കിലും അവൻ താമസിച്ചിട്ടുള്ള ഏക സ്ഥലം ടീൻ ചലഞ്ച് സെന്ററാണ്. അവിടെ വന്ന നിമിഷം തന്നെ അതു തന്റെ വീടാണെന്ന തോന്നൽ അവനുണ്ടായി. പുതുതായി വരുന്നവരോടു വിശാലമായി ചിരിച്ചുകൊണ്ട് അവൻ തന്റെ സാക്ഷ്യം ഇങ്ങനെ പറയും. "ഇവിടെ എനിക്ക് ഇഷ്ടപ്പെട്ട ഏറ്റവും പ്രധാന കാര്യം നിങ്ങളുടെ വർഗ്ഗമോ ദേശമോ ഇവർ കണക്കിലെടുക്കുന്നില്ല എന്നതാണ്. ഇവിടെ വെള്ളക്കാരായ കുട്ടികളോടൊപ്പം കറുത്ത വർഗ്ഗക്കാരുണ്ട്. സ്പാനിഷുകാരുണ്ട്. എല്ലാവരും ദൈവത്തിൽ ഒന്നായി ചേർന്നിരിക്കുന്നു."

ലക്കിക്ക് വലിയ ആഴമേറിയ ആത്മീയ അനുഭവം ഉണ്ടായി. അവനു സെന്ററിൽ വലിയ ഊഷ്മളതയും അവിടുത്തെ പരിപാടികളിൽ വലിയ താത്പര്യവും എപ്പോഴും ഉണ്ടായിരുന്നു. ഫലം അവന്റെ ജോലി സംബന്ധിച്ച്, സ്വന്തം കാലിൽ നിൽക്കുന്നതു സംബന്ധിച്ച്, അവനെ അടുത്ത ഘട്ടത്തിലേക്കു നയിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടനുഭവപ്പെട്ടു. അതുകൊണ്ട് ഞങ്ങൾ അവനെ സെന്ററിൽ തന്നെ തുടരുവാൻ അനുവദിച്ചു. സെന്ററിൽ ആവശ്യമുള്ളിടത്തെല്ലാം സഹായിക്കുന്ന ഒരുവന്റെ റോളിൽ ഞങ്ങൾ ലക്കിയെ ആക്കി. വളരെ വിശ്വസ്തനായിരുന്നു അവൻ.ഇപ്പോൾ അവൻ മറ്റു ജോലിക്കൊന്നും പോകുന്നില്ല. എന്നാൽ ഒരിക്കൽ അവൻ അതിനു തയാറാകുമ്പോൾ ലക്കിയും സെന്റർ വിട്ടു സ്വന്തം കാലിൽ നിൽക്കും; ഞങ്ങളുടെ എല്ലാ കുട്ടികളെയും പോലെ.

പക്ഷേ ആ സമയം വരുന്നതുവരെ അവന് ഇവിടെ എപ്പോഴും സ്വാഗതമുണ്ട്. (തുടരും)

[THE CROSS AND THE SWITCHBLADE,copyright c 1963. Orginally published in English under the titleTHE CROSS AND THE SWITCHBLADE by David Wilkerson with John and Elizabeth Sherrill, published by Chosen Books LLC,Chappaqua,New York, USA. All rights reserved.]



# COFFEE CUPS

A group of alumni, highly established in their careers, got together to visit their old university professor. Conversation soon turned into complaints about stress in work and life. Offering his guest coffee, the professor went into the kitchen and returned with a large pot of coffee and an assortment of cups- porcelain, glass, crystel, some plain looking, some expensive,some exquisite and told them to help themselves to the coffee.

When all the students had a cup of coffee in hand, the professor said: "If you noticed all the nice looking expensive cups were taken leaving behind the plain and cheap ones. While it is normal to want only the best for ourselves, that is the source of our problems and stress. Be assured that the cup itself add no quality to the coffee. In most cases it is just more expensive, and in some cases, even hides what we drink. What all of you really wanted was coffee, not the cup, but you consciously went for the best cups and then you began eyeing each others cup.

Now consider this. Life is the coffee- the jobs,money and position in society are the cups. They are just receptacles that hold and contain life, and the type of cup we have does not define, nor change the quality of life we live. Sometimes we concentrating only on the cup, we fail to enjoy the coffee God has provided for us. God brews the 'coffee', not the cups. Enjoy your coffee! The happiest people don't have the best of everything; they just make the best of everything.

Live simply. Love generously. Care deeply. Speak kindly. Leave the rest with God. You are the miracle, my friend.Your life either shines a light, or casts a shadow. Have a wonderful day!!"

## *Just a minute*

If your eye is pure, there will be sunshine in your soul. But if your eye is clouded with evil thoughts and desires, you are in deep spiritual darkness

(Mathew.6:22,23 LB)



Pheba Cleetus